XXVII

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി 27-ാം കോൺഗ്രസ്സ്

## 1986–90 കാലത്തേക്കും 2000-ാമാണ്ടു വരേയുള്ള കാലഘട്ടത്തിലേക്കും സോവിയററു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകളെപ്പററി

യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷൻ

**നിക്കോളായി റിഷ്ക്കോവ്**

27-ാം സി. പി. എസ്. യു. കോൺഗ്രസ്സിലവതരിപ്പിച്ച

**റിപ്പോർട്ട്**

മാർച്ച് 3, 1986

947.005
SOV

സോ സ
സോവിയറ്റ് സമീക്ഷ

പുസ്തകം 21 മാർച്ച് 7
ലക്കം 10 1986



**നിക്കോളായ് ഇവാനോവിച്ച് റിഷ്ക്കോവ്**

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ പൊളിററ് ബ്യൂറോ
മെമ്പറും യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷനും

## ഉള്ളടക്കം

J1026

പേജ്

1986–'90 കാലത്തേക്കും 2000-ാമാണ്ടു വരേയുള്ള കാലഘട്ടത്തിലേക്കും സോവിയററ് യൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകളെപ്പററി

— യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷൻ നിക്കോളായി റിഷ്ക്കോവ് 27-ാം സി. പി. എസ്. യു. കോൺഗ്രസ്സിലവതരിപ്പിച്ച റിപ്പോർട്ട് 2

I. 11-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് സോവിയററ് യൂണിയന്റെ സാമ്പത്തിക-സാമൂഹ്യവികസനം: ഫലങ്ങളും നിഗമനങ്ങളും 4

II. രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ ത്വരണം—2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലെ തന്ത്രപ്രധാനമായ കടമ 9

III. 12-ാം പഞ്ചവൽസരപദ്ധതി—പാർട്ടിയുടെ സാമ്പത്തികതന്ത്രത്തിന്റെ സാക്ഷാൽക്കരണത്തിൽ നിർണ്ണായകമായ ഒരു ഘട്ടം 15

IV. 12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് സാമ്പത്തിക തീവ്രീകരണത്തിന്റെ കർമ്മസരണികൾ 22

1. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കൽ: തീവ്രീകരണത്തിന്റെ മുഖ്യ ഉത്തോലകം 22

2. നിക്ഷേപണനയവും മൂലധനനിർമ്മാണവും 28

3. ഘടനാപരമായ നയവും സാമ്പത്തികസാകല്യങ്ങളുടെ വളർച്ചയും 33

4. നിയന്ത്രണസംവിധാനവും മാനേജ്മെൻറ് മാർഗ്ഗങ്ങളും അഭിവൃദ്ധിപ്പെടുത്തൽ 40

5. വിദേശ സാമ്പത്തിക ബന്ധങ്ങൾ 49

V. സാമൂഹ്യവികസനവും ജനക്ഷേമത്തിന്റെ അഭിവൃദ്ധിയും 12-ാം പഞ്ചവൽസരഘട്ടത്തിൽ 53

# 1986—90 കാലത്തേക്കും 2000-ാമാണ്ടുവരേയുള്ള കാലഘട്ടത്തിലേക്കും സോവിയറ്റു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകളെപ്പറ്റി

**യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷൻ**

**നിക്കോളായി റിഷ്ക്കോവ്**

**27-ാം സി. പി. എസ്. യു. കോൺഗ്രസ്സിലവതരിപ്പിച്ച റിപ്പോർട്ട്**

947.005 SOV

പ്രതിനിധി സഖാക്കളേ,

ബഹുമാന്യരായ അതിഥികളേ,

കഴിഞ്ഞ ഏഴേറെളം ദശകങ്ങളായി സോവിയറ്റ് യൂണിയൻെറ കമ്യൂണിസ്റ്റ് പാർട്ടി മഹാനായ ലെനിൻ വെട്ടിത്തെളിച്ചു കാട്ടിയ പാതയിലൂടെ ഈ രാജ്യത്തെ ആത്മവിശ്വാസത്തോടെ നയിച്ചുവരുന്നു. 27-ാം സി. പി. എസ്. യു. കോൺഗ്രസ് പാർട്ടിയുടേയും ജനങ്ങളുടേയും വീരചരിതത്തിൽ സവിശേഷമായ ഒരു സ്ഥാനം അലങ്കരിക്കുന്നതായിരിക്കും. കമ്യൂണിസ്റ്റ് നിർമ്മാണത്തിൻെറ അതിപ്രധാനമായ ഒരു ദശയിൽ നമ്മുടെ മാതൃരാജ്യത്തിൻെറ പുരോഗതിക്കുള്ള കർമ്മതന്ത്രം നിർവ്വചിക്കാനും സോവിയറ്റ് സമുദായ ജീവിതത്തിൻെറ സമസ്ത വശങ്ങളുടേയും മൗലികമായ ഒരു അഴിച്ചുപണിയ്ക്ക് തുടക്കംകുറിയ്ക്കാനും അത് നിയോഗിക്കപ്പെട്ടിരിക്കുകയാണ്.

പാർട്ടിയുടേയും ജനങ്ങളുടേയും സൃഷ്ട്യുൻമുഖ പ്രവർത്തനത്തിൻെറ വിശദമായ ഒരു ചിത്രം സി. പി. എസ്. യു. സെൻട്രൽ കമ്മിറ്റിയുടെ ജനറൽ സിക്രട്ടറി മിഖയിൽ ഗോർബച്ചേവ് 27-ാം കോൺഗ്രസ്സിന്നു സമർപ്പിച്ച സി. പി. എസ്. യു. സെൻട്രൽ കമ്മിറ്റിയുടെ രാഷ്ട്രീയ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. അടിപതറാത്ത മാർക്സിസ-ലെനിനിസ പ്രമാണങ്ങളുടെ നിലപാടിൽ നിന്നുകൊണ്ട് സൃഷ്ടിപരമായി അത് സാമൂഹ്യ-സാമ്പത്തിക വികസനത്തിൻെറ ത്വരണമെന്ന സങ്കൽപത്തെ അവഗാഢമായി സമർത്ഥിക്കുകയും പാർട്ടിയുടേയും സ്റ്റേറ്റിൻെറയും സമുദായത്തിൻെറയും ജീവിതത്തോട് ബന്ധപ്പെട്ട പ്രശ്നങ്ങളെയാകെ പുനർവ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. റിപ്പോർട്ട് സോഷ്യ

ലിസത്തിന്റെ സമഗ്രമായ അഭിവൃദ്ധിക്കുള്ള തന്ത്രവും അടവുകളും സി. പി. എസ്. യു. വിന്റെയും സോവിയററ് ഗവൺമെന്റിന്റെയും ആഭ്യന്തര-വിദേശ നയങ്ങളും നൂതനമായരീതിയിൽ നിർവ്വചിച്ചിരിക്കുന്നു. ഗഹനമായ ഒരു വർഗ്ഗ വിശകലനത്തെ അടിസ്ഥാനമാക്കി അത് ആധുനിക ലോകത്തിലെ ശക്തികളുടെ ബലാബലത്തേയും അതിന്റെ വികാസത്തിന്റെ മുഖ്യ പ്രവണതകളെയും വൈരുദ്ധ്യങ്ങളേയും കാട്ടിത്തരികയും സോഷ്യലിസ്റ്റ് ലോകവ്യവസ്ഥയുടെ വർദ്ധമാനമായ ശേഷിസാധ്യത പ്രകടമാക്കുകയും ചെയ്യുന്നു. മാനവരാശിയെയാകെ വിഷമിപ്പിക്കുന്ന ഒരു പ്രശ്നത്തെ — യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നത്തെ, നൂക്ലിയർ ഭീഷണി തട്ടിയകററുക എന്ന പ്രശ്നത്തെ — സംബന്ധിച്ച നമ്മുടെ നിലപാട് അത് ഊന്നിപ്രസ്താവിച്ചിരിക്കുന്നു.

പ്രത്യയശാസ്ത്രപരമായ ഉള്ളടക്കത്തിന്റെ ഗഹനതയും സൃഷ്ടിപരമായ വിചിന്തനവും കുന്നുകൂടിയ പോരായ്മകളുടേയും പ്രയാസങ്ങളുടേയും കാരണങ്ങൾ തിട്ടപ്പെടുത്തുന്നതിലുള്ള വിട്ടുവീഴ്ചയില്ലാത്ത മനോഭാവവും പുതിയ കടമകൾ നിർവ്വചിക്കുന്നതിലുള്ള യാഥാർത്ഥ്യബോധവും ധൈര്യവും സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെ അളവററ ചരിത്രപ്രാധാന്യമുള്ള ഒരു പ്രമാണരേഖയായി കരുതാൻ വേണ്ടത്ര വകതരുന്നു.

സി. പി. എസ്. യു സെൻട്രൽ കമ്മിററിയുടെ ഏപ്രിൽ (1985) പ്ലീനറിയോഗത്തിന്റെ സ്വാധീനത്തിൽ രൂപപ്പെട്ട ധാർമ്മിക-രാഷ്ട്രീയ കാലാവസ്ഥയും പാർട്ടി അനുവർത്തിക്കുന്ന കർമ്മസരണിയുടെ സുബദ്ധതയെപ്പററി രാഷ്ട്രീയറിപ്പോർട്ടിൽ ഉടനീളം മുററിനിൽക്കുന്ന ഉറച്ച വിശ്വാസവും ആണ് ഈ കോൺഗ്രസ്സിന്റെ നടപടികളുടെ അന്തരീക്ഷമാകെ നിർണ്ണയിച്ചത്. അത് കാര്യമാത്ര പ്രസക്തമായ ഒരു രീതിയിലും സൃഷ്ട്യുന്മുഖമായും കണിശതയുടെ സ്പിരിററിലും പാർട്ടിയ്ക്ക് സോവിയററ് ജനങ്ങളോടുള്ള ഉന്നതമായ ഉത്തരവാദിത്വത്തെകുറിച്ചുള്ള ബോധത്തോടുകൂടിയും നടന്നുകൊണ്ടിരിക്കുന്നു. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനേയും പാർട്ടി പരിപാടിയുടെ പുതിയ പതിപ്പിനെയും കുറിച്ചുള്ള ചർച്ച പാർട്ടി അണികളുടെ ഏകശിലാസദൃശമായ ഐക്യത്തെ സോവിയററ് കമ്യൂണിസ്റ്റുകളുടെ, വാസ്തവത്തിൽ സോവിയററ് ജനങ്ങളുടെയാകെ വിചാരങ്ങളുടേയും പ്രവർത്തനത്തിന്റെയും ഐക്യത്തെ ബോധ്യംവരത്തക്കവണ്ണം പ്രകടമാക്കുന്നു.

1986–1990 കാലത്തും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലും സോവിയററ് യൂണിയന്റെ സാമ്പത്തിക സാമൂഹ്യ വികസനത്തിന്നുള്ള മാർഗ്ഗരേഖകളുടെ കരട് പാർട്ടിയുടെ സെൻട്രൽ കമ്മിററി ഈ കോൺഗ്രസ്സിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്ന പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ-സാമ്പത്തിക രേഖയാണ്. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ഏപ്രിൽ പ്ലീനറിയോഗം ഉന്നയിച്ച കടുങ്ങളെയുള്ള വികസനമെന്ന സങ്കൽപമാണ് അതിന്റെ തിരികുററി. കരട് ഈ നൂററാണ്ടിന്റെ അവസാനംവരെയുള്ള കാലഘട്ടത്തിൽ നിർവ്വഹിക്കേണ്ടതായ കടമകളും പ്രാപിക്കേണ്ടതായ ലക്ഷ്യങ്ങളും എടുത്തുപറയുകയും

ഉൽപാദക ശക്തികളുടെ ഗുണപരമായ ഒരു പുനഃക്രമീകരണത്തിന്നും സമുദായത്തിൻെറ സാമൂഹ്യ വികസനത്തിന്നും അനുവർത്തിക്കേണ്ട മുഖ്യ ദിശകാം നിർവ്വചിക്കുകയും ചെയ്യുന്നു.

സോവിയററ് ജനങ്ങളുടെ ജീവൽ താൽപര്യങ്ങാംക്ക്, ഭാവിയെക്കുറിച്ചുള്ള അവരുടെ പ്രത്യാശകാംക്ക് തികച്ചും അനുയോജ്യങ്ങളാണ് കരടു മാർഗ്ഗരേഖകാം. കരടിനെക്കുറിച്ച് ശരിയ്ക്കും രാജ്യവ്യാപകമായിത്തന്നെ നടന്ന ചർച്ച ഇത് തികച്ചും സ്പഷ്ടമാക്കുന്നു. ഈ ചർച്ചയിൽ 11 കോടി പൗരർ പങ്കെടുത്തു.

ഈ ചർച്ചയാകെ അധ്വാനിക്കുന്ന ജനങ്ങളുടെ വർദ്ധിച്ച രാഷ്ട്രീയ പക്വതയും സോഷ്യലിസ്റ്റ് മാതൃഭൂമിയുടെ കരുത്ത് ഉയർത്തിയുറപ്പിക്കുന്നതിനോട് നമ്മുടെ സമുദായത്തിൻെറ എല്ലാ പൗരികാംക്കുമുള്ള ഗാഢമായ പ്രതിജ്ഞാബദ്ധതയും പ്രകടമാക്കിയിരിക്കുന്നു.

കരടു മാർഗ്ഗരേഖകാം വിദേശത്ത് ഗണ്യമായ താൽപര്യം ജനിപ്പിച്ചിരിക്കുന്നു. എന്നാൽ, അതിനോടുള്ള സമീപനത്തിൽ വ്യത്യാസങ്ങളില്ലെന്നല്ല പറയുന്നത്. നമ്മുടെ വർഗ്ഗപ്രതിയോഗികളും ശത്രുക്കളും മുൻവെക്കപ്പെട്ട പദ്ധതികളുടെ അർത്ഥപ്രാധാന്യത്തേയും ലക്ഷ്യങ്ങളേയും ദുർവ്യാഖ്യാനിക്കാൻ യത്നിക്കുന്നു. എന്നാൽ അവയുടെ വ്യാപ്തിയും ഗാംഭീര്യവും സമ്മതിക്കാതിരിക്കുവാൻ അവർക്ക് സാധിക്കില്ല. നമ്മുടെ സുഹൃത്തുക്കാം, വിശേഷിച്ചും സഹോദര സോഷ്യലിസ്റ്റ് രാജ്യങ്ങളിലുള്ളവർ ഈ പ്രമാണരേഖയെ പുതിയ സാമൂഹ്യ വ്യവസ്ഥയുടെ മേൻമകാംക്ക്, ഇന്നത്തെ മൗലികങ്ങളായ സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങാം പരിഹരിക്കാൻ അതിന്നുള്ള കെൽപിന്ന് വാചാലമായ ഒരു ദൃഷ്ടാന്തമായിട്ടാണ് കാണുന്നത്. നമ്മുടെ സമുച്ചയത്തിൻെറ ബലവർദ്ധനത്തേയും സോഷ്യലിസത്തിൻെറ കൈനിലകളുടേയും എല്ലാ പുരോഗമന ശക്തികളുടേയും ലോകത്തിലെ സമാധാന ലക്ഷ്യത്തിൻെറയും ദൃഢീകരണത്തേയും അവർ ഇതിനോട് ബന്ധപ്പെടുത്തുന്നു.

# I. 11-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് സോവിയററ് യൂണിയൻെറ സാമ്പത്തിക-സാമൂഹ്യവികസനം: ഫലങ്ങളും നിഗമനങ്ങളും

സഖാക്കളേ,

ലെനിനിസ്റ്റ് പാരമ്പര്യങ്ങാംക്ക് സുസ്ഥിരം വഴിപ്പെട്ടുപോരുന്ന കമ്യൂണിസ്റ്റ് പാർട്ടി, എപ്പോഴുമെന്നപോലെ, ദീർഘകാലത്തേക്കുള്ള വിശാലവീക്ഷണത്തെ സമ്പദ്വിധാനത്തിൻെറ അവസ്ഥയെയും അതിൻെറ അധികതരവികസനത്തിന്നുള്ള ശേഷിസാദ്ധ്യതകളെയും കുറിച്ചുള്ള യഥാർത്ഥ്യോചിതമായ ഒരു വിലയിരുത്തലുമായി, കൈവരിക്കപ്പെട്ട പുരോഗതിയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ ഒരു വിശകലനവുമായി ഏകോപിപ്പിക്കുന്നു.

കരട് മാർഗ്ഗരേഖകൾ കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തുണ്ടായ പുരോഗതികൾ ചുരുക്കിവിവരിക്കുന്നുണ്ട്. സോവിയററ് ജനങ്ങൾ തങ്ങളുടെ പ്രവർത്തനം മുഖേന രാജ്യത്തിന്റെ സാമ്പത്തികക്കരുത്തിന്റെ ദൃഢീകരണത്തിലേക്ക് ഗണ്യമായ സംഭാവന ചെയ്തിട്ടുണ്ടെന്ന നിഗമനത്തിലെത്താൻ ഇത് തികച്ചും വകതരുന്നു. ജനക്ഷേമത്തിലുണ്ടായ വർദ്ധനക്കടിസ്ഥാനം ഇതായിരുന്നു. അത് രാജ്യത്തിന്റെ പ്രതിരോധശേഷി തക്കതായ ഒരു നിലവാരത്തിൽ നിലനിർത്തിക്കൊണ്ടുപോകാൻ സഹായിക്കുകയും ചെയ്തു.

എന്നാൽ, 26-ാം കോൺഗ്രസ്സ് മുൻവെച്ച കടമകളുടെ നിർവ്വഹണം അയത്നലളിതമായ ഒരു സാഹചര്യത്തിലല്ല നടന്നതെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലൊ. ആദ്യഘട്ടത്തിൽ സ്ഥിതി അങ്ങേയററം സങ്കീർണ്ണമായിരുന്നുവെന്നുപോലും പറയാവുന്നതാണ്. 1970-കളിൽ സാമ്പത്തികവികസനത്തിൽ പ്രത്യക്ഷപ്പെട്ട പ്രതികൂല പ്രവണതകൾ 1980-കളുടെ ആദ്യത്തിൽ ശമിക്കുകയല്ല പ്രത്യുത രൂക്ഷതരമായിത്തീരുകയാണ് ചെയ്തത്. ഇത് 11-ാം പഞ്ചവൽസരപദ്ധതിയുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. വളർച്ചനിരക്കുകളുടെ മന്ദഗതി ആദ്യത്തെ രണ്ടുവർഷങ്ങളിൽ തുടർന്നുകൊണ്ടിരുന്നു. സാമ്പത്തികമാനേജ്മെന്റിന്റെ ഗുണസൂചകങ്ങൾക്ക് ക്ഷയം സംഭവിച്ചു. 1982-ൽ വ്യാവസായികോൽപാദനത്തിന്റെ വളർച്ചനിരക്ക് 10-ാം പഞ്ചവൽസരക്കാലത്തെ ശരാശരിയെക്കാൾ 1.5 മടങ്ങ് കുറവായിരുന്നു. പെരുകിക്കൊണ്ടിരുന്ന ഈ പ്രയാസങ്ങൾ സാമൂഹ്യതുറയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളുടെ പരിഹരണത്തേയും ബാധിക്കാതെ തരമില്ലായിരുന്നു. ഉദാഹരണമായി, ആ പഞ്ചവൽസരഘട്ടത്തിന്റെ രണ്ടാം വർഷത്തിൽ ജനതതിയുടെ യഥാർത്ഥവരുമാനങ്ങളുടെ വർദ്ധന ഫലത്തിൽ നിലയ്ക്കുകതന്നെ ചെയ്തു.

ഇതിന്ന് പല കാരണങ്ങളുമുണ്ടായിരുന്നു. പോരായ്മകളുടെ മൗലിക കാരണങ്ങൾ താഴെകൊടുക്കുന്നവയാണെന്ന് പറയാം. പ്രായോഗിക പ്രവർത്തനത്തിൽ, മുഖ്യമായും ശോഷണം മൂലമുളവായ മാറിയ സാമ്പത്തിക സ്ഥിതിയേയും നെടുങ്ങനെയുളള വളർച്ചക്കുളള ശേഷിസാദ്ധ്യതകളേയും തക്കസമയത്ത് കണക്കിലെടുത്തിരുന്നില്ല; ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ സിദ്ധികൾ വിനിയോഗിക്കാനും സമ്പദ്വിധാനത്തേയും അതിന്റെ മാനേജ്മെന്റിനേയും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കൊത്ത് അഴിച്ചുപണിയാനും വേണ്ടത്ര ഉൽസാഹം കാട്ടിയിരുന്നില്ല. കൂടാതെ, കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും പല തലവൻമാരും കാലഹരണപ്പെട്ട സമ്പ്രദായങ്ങൾക്കനുസരിച്ച്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും പുതിയ സാഹചര്യങ്ങളിൽ പ്രവർത്തിക്കാൻ തങ്ങൾക്കാവില്ലെന്ന് തെളിയിക്കുകയും ചെയ്തു. അച്ചടക്കവും ക്രമവും പൊറുപ്പിക്കാനാവാത്ത ഒരു തലത്തിലേക്ക് അധഃപതിച്ചു. കണിശതയുടേയും ഉത്തരവാദിത്വത്തിന്റെയും നിലവാരം താണു. പദ്ധതികളിൽ വെട്ടിക്കുറയ്ക്കലുകൾ വരുത്തി അവ തിരുത്തികുറിക്കുന്ന ദുഷിച്ച പതിവ് പടർന്നുപിടിച്ചു. ഇക്കാലത്ത്, പദ്ധതിയുടെ പൂർത്തീകരണം സാമ്പത്തിക ജീവിതത്തിന്റെ നിയമവും മാനകവുമായിരിക്കുന്ന സോഷ്യലിസ്റ്റ്

സമ്പദ്‌വ്യവസ്ഥയുടെ അപരിവർത്തനീയ പ്രമാണങ്ങളിൽനിന്ന് ഒരു വ്യതിയാനമുണ്ടായി. ഈ പ്രതിഭാസങ്ങളെക്കുറിച്ച് തത്വാധിഷ്ഠിതമായ ഒരു രാഷ്ട്രീയ വിലയിരുത്തൽ നടത്തി ഏതെങ്കിലും പ്രായോഗിക നിഗമനങ്ങൾ ഉൾക്കൊള്ളുക എന്നത് ഉണ്ടായിട്ടില്ല.

സ്ഥിതിയെ വിമർശനപരമായി വിലയിരുത്തിയശേഷം പാർട്ടി, മുഖ്യാംശത്തിൽ സംഘടനാപരവും തൊഴിൽപരവുമായി അച്ചടക്കം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക വികസനത്തിന്റെ മേൽനോട്ടം ബലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. ഈ നടപടികൾക്ക് ജനങ്ങളുടെയാകെ പിന്തുണ ലഭിക്കുകയും അവ നമ്മുടെ പുരോഗതിക്ക് നിശ്ചിതമായ ഒരുത്തേജനം നൽകുകയും ചെയ്തു. തൽഫലമായി, 1983-ന്റെ തുടക്കത്തിൽ കാണത്തക്ക ഗുണപരമായ മാററങ്ങൾ ഉണ്ടായി. ഇതാകട്ടെ, 11-ാം പഞ്ചവൽസരപദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ ആലസ്യത്തെ ഒട്ടാകെ നികത്തുകയും ചെയ്തു.

| | *1981–1985-ൽ മൊത്തം (നൂറുകോടി റൂബിളിൽ)* | *1976–1980-ലേതിനെയപേക്ഷിച്ച് 1981–1985-ൽ കേവലവർദ്ധന (നൂറുകോടി റൂബിളിൽ)* | *1976–1980-നെയപേക്ഷിച്ച് 1981–1985-ൽ ആകെ വർദ്ധന (ശതമാനത്തിൽ)* |
|---|---|---|---|
| ദേശീയവരുമാനം, ഉപഭോഗത്തിന്നും സഞ്ചയത്തിന്നും ഉപയോഗിക്കുന്ന വിഹിതം | 2,398 | 353 | 117 |
| വ്യാവസായികോല്പാദനം | 3778 | 628 | 120 |
| കാർഷികോൽപാദനം (1983-ലെ വിലയിൽ) | 1,010 | 53 | 106 |
| എല്ലാതരം പരിവഹനോപാധികളിലൂടെയുമുള്ള മൊത്തം ചരക്ക് കടത്ത് (ലക്ഷംകോടി ടൺ കിലോമീററർ) | 37.1 | 5.7 | 118 |
| പ്രതിഷ്ഠാപിത മൗലികാസ്തികൾ | 815 | 147 | 122 |
| മൂലധനനിക്ഷേപങ്ങൾ | 842 | 125 | 117 |
| ചില്ലറ വ്യാപാരത്തിന്റെ പരിമാണം | 1,466 | 226 | 118 |

പഞ്ചവൽസരപദ്ധതിക്കാലത്ത് ദേശീയവരുമാനം 17 ശതമാനം കണ്ടും വ്യാവസായികോൽപാദനം 20 ശതമാനം കണ്ടും വർദ്ധിച്ചു. വ്യവസായങ്ങളുടെ കൂട്ടത്തിൽ വാതകവ്യവസായം സത്വരം വളർന്നു. വാതകോൽപാദനത്തിന്റെ പരിമാണത്തിൽ രാജ്യം ലോകത്ത് ഒന്നാം സ്ഥാനത്തെത്തി. ന്യൂക്ലിയർ വൈദ്യുതനിലയങ്ങളിൽ നിന്നുള്ള വിദ്യുച്ഛക്തിയുടെ

ഉൽപാദനം ഇരട്ടിയിലധികമായി. തനിപ്പെട്ട ഇനം യന്ത്രോപകരണങ്ങളുടെ ഉൽപാദനം മുൻഗണനാനിരക്കുകളിൽ വർദ്ധിച്ചു. എടുപ്പുനിർമ്മാണ വ്യവസായത്തിലും ചില പരിവർത്തനങ്ങൾ സംഭവിച്ചു. ഭക്ഷ്യപരിപാടി നടപ്പാക്കാൻ പ്രധാനപ്പെട്ട ചുവടുവെപ്പുകൾ നടത്തി. കാർഷികോൽപാദനത്തിന്റെ പരിമാണം വർദ്ധിപ്പിക്കാൻ ഇതുമൂലം സാധിച്ചു. പഞ്ചവൽസരഘട്ടത്തിന്റെ ഉത്തരാർദ്ധത്തിൽ സാമൂഹ്യോൽപാദനത്തിന്റെ കാര്യക്ഷമത വർദ്ധിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി.

ഈ പ്രയാസങ്ങളൊക്കെ ഉണ്ടായിട്ടും ജീവിതനിലവാരങ്ങളുടെ വളർച്ചക്ക് 26-ാം കോൺഗ്രസ്സ് മുൻവെച്ച പദ്ധതിക്കുറിമാനങ്ങൾ പ്രാപിക്കുവാൻ പാർട്ടി പരമാവധി യത്നിച്ചു. ഫാക്ടറി-ആപ്പീസു ജോലിക്കാരുടെ ശരാശരി മാസവേതനവും കൂട്ടുകൃഷിക്കാർക്കുള്ള പ്രതിഫലവും വർദ്ധിച്ചിരിക്കുന്നു. സാമൂഹ്യോപഭോഗനിധികൾ വിപുലപ്പെടുത്തപ്പെട്ടു.

| | *26-ാം കോൺഗ്രസ്സ് അംഗീകരിച്ച മാർഗ്ഗരേഖാ കുറിമാനങ്ങൾ* | *യഥാർത്ഥത്തിൽ സാധിച്ചിരിക്കുന്നത്* |
|---|---|---|
| ഫാക്ടറി-ആപ്പീസു ജോലിക്കാരുടെ ശരാശരി മാസവേതനം, 1980-ലേതിനെയപേക്ഷിച്ച് 1985-ൽ ശതമാനത്തിൽ | 113–116 | 113 |
| കൂട്ടുകൃഷിക്കാരുടെ ജോലിക്കുള്ള ശരാശരി മാസപ്രതിഫലം, 1980-ലേതിനെയപേക്ഷിച്ച് 1985-ൽ ശതമാനത്തിൽ | 120–122 | 129 |
| സാമൂഹ്യോപഭോഗനിധികൾ, 1980-ലേതിനെയപേക്ഷിച്ച് 1985-ൽ ശതമാനത്തിൽ | 120 | 125 |
| 1981–1985-ൽ പണി പൂർത്തിയാക്കിയ പാർപ്പിടം, ദശലക്ഷം ചതുരശ്രമീററർ | 530–540 | 552 |
| 1981–1985-ൽ പണി പൂർത്തിയാക്കിയ പ്രീസ്കൂൾ സൗകര്യങ്ങൾ, ദശലക്ഷം പേർക്ക് | 2.5 | 2.9 |
| 1981–1985-ൽ പണിപൂർത്തിയാക്കിയ സാമാന്യവിദ്യാലയങ്ങൾ, ദശലക്ഷം വിദ്യാർത്ഥികൾക്ക് | 4.3 | 5.2 |
| ആശുപത്രികിടക്കകളുടെ എണ്ണം 1980-ലേതിനെയപേക്ഷിച്ച് 1985-ൽ ശതമാനത്തിൽ | 108–110 | 108.7 |
| 1981–1985-ൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രത്യേക വൽക്കൃത സെക്കണ്ടറി വിദ്യാലയങ്ങളും പരിശീലിപ്പിച്ച വിദഗ്ദ്ധരുടെ എണ്ണം, ദശലക്ഷത്തിൽ | 10 | 10.5 |

പെൻഷനുകൾ വർദ്ധിക്കുകയും ആരോഗ്യസംരക്ഷണവ്യവസ്ഥ അഭിവൃദ്ധിപ്പെടുകയും കുട്ടികളുള്ള കുടുംബങ്ങൾക്ക് നൽകപ്പെടുന്ന സ്റ്റേറ്റ് സഹായം ഗണ്യമായി കൂടുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസത്തിന്നും വിദ്യാലയപരിഷ്കാരത്തിന്നും ഗണ്യമായ തുകകൾ വകയിരുത്തിയിരിക്കുന്നു. മുൻ പഞ്ചവൽസരഘട്ടങ്ങളിലെപ്പോലെ പാർപ്പിടനിർമ്മാണം വൻതോതിൽ നടന്നു. ഒരു കോടിയിലേറെ ഫ്ളാറ്റുകൾ പുതുതായി താമസത്തിന്നു നൽകി. പാർട്ടിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നാട്ടിൻപുറത്തിന്റെ സാമൂഹ്യപുനഃസംഘാടനപ്രക്രിയയും ഗ്രാമസമൂഹങ്ങളിലെയും പട്ടണങ്ങളിലെയും നിവാസികളുടെ ജീവിതനിലവാരങ്ങളുടെ സമീകരണവും തുടർന്നു നടത്തി.

അങ്ങിനെ, ഈ പഞ്ചവൽസരഘട്ടത്തിൽ പലതും നിർവ്വഹിച്ചിരിക്കുന്നു. പക്ഷെ, നാം അതിന്റെ ഫലങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയും ഭാവിയിലേക്കാവശ്യമായ നിഗമനങ്ങൾ ഉൾക്കൊള്ളുന്നതിന്നുവേണ്ടി നമ്മുടെ പുരോഗതിയ്ക്കു വിഘാതമായിരിക്കുന്ന ഗുരുതരമായ പോരായ്മകളെ പ്രതിജ്ഞാബദ്ധമായ ഒരു പാർട്ടിസ്പിരിറ്റിൽ വെളിച്ചത്തുകൊണ്ടുവരികയും വേണം.

പഞ്ചവൽസരപദ്ധതിയുടെ നിയോഗങ്ങൾ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് തുറന്നു പറയേണ്ടിയിരിക്കുന്നു. പല വ്യവസായങ്ങൾക്കും ആസൂത്രിതകുറിമാനങ്ങളിൽ എത്താൻ സാധിച്ചില്ല. മൊത്തത്തിൽ, പഞ്ചവൽസരഘട്ടത്തിൽ പണിക്കുറതീർന്ന 350 ലക്ഷം ടൺ ഉരുക്കുതകിടിന്റെയും 1450 ലക്ഷം ടൺ കൽക്കരിയുടേയും 500 ലക്ഷത്തിലധികം ടൺ എണ്ണയുടെയും 1600 കോടിയോളം റൂബിൾ വിലവരുന്ന ഉപഭോഗസാധനങ്ങളുടേയും കമ്മിയുണ്ടായിരുന്നു. യന്ത്രസാമഗ്രികളുടെ ഡിസൈനും സാങ്കേതികനിലവാരവും ഗുണനിലവാരവും എല്ലാ സന്ദർഭങ്ങളിലും ദേശീയസമ്പദ്വിധാനത്തിന്റെ ആവശ്യങ്ങൾക്ക് ഒത്തുവന്നിരുന്നുവെന്ന് പറഞ്ഞുകൂടാ. രാസവ്യവസായത്തിലും ടിംബർവ്യവസായത്തിലും മരപ്പണിവ്യവസായത്തിലും ക്രമാനുഗതമായ ആലസ്യം ഉണ്ടായിരുന്നു. സാമാന്യനിർമ്മാണത്തിന്നുള്ള മുഖ്യമന്ത്രാലയങ്ങൾക്ക് ഓരോ വർഷവും തങ്ങളുടെ പദ്ധതികൾക്ക് ഒത്തുപോകാൻ സാധിക്കാതെ വന്നു. കൃഷിയിൽ നിക്ഷേപിക്കപ്പെട്ട വൻവിഭവങ്ങളിൽനിന്ന് നമുക്ക് പ്രതീക്ഷിച്ചത്ര ആദായം കിട്ടിയില്ല. കാര്യക്ഷമത സംബന്ധിച്ച നിയോഗങ്ങൾ പൂർത്തിയാക്കാതിരിക്കുന്നത് ഒരു പതിവായിത്തീരുകയും ശാസ്ത്രീയ–സാങ്കേതികപുരോഗതി മന്ദമായിത്തീരുകയും ചെയ്തു.

ഇതെല്ലാം സാമ്പത്തികവികസനത്തിന്റെ മൊത്തഫലങ്ങളേയും സന്തുലനത്തേയും ബാധിക്കുകയും ദേശീയവരുമാനത്തിൽ കോടിക്കണക്കിൽ റൂബിൾ നഷ്ടപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി, യഥാർത്ഥവരുമാനവും ചില്ലറ വ്യാപാരപരിമാണവുംപോലെ ജീവിതനിലവാരത്തെ ഉയർത്താൻ ഉദ്ദേശിക്കപ്പെട്ടിരുന്ന പല നിയോഗങ്ങളും നിറവേറ്റാൻ കഴിയാതെപോയി. പണമിടപാടുകളുടേയും പണചംക്രമണത്തിന്റേയും സ്ഥിതിയിൽ പ്രയാസങ്ങൾ തലപൊക്കി.

അങ്ങിനെ, സഖാക്കളേ, വളരെക്കാലമായി കുന്നുകൂടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ ഭാരം വളരെ വലുതായിരുന്നു. കുറഞ്ഞകാലംകൊണ്ടൊന്നും അവ പരിഹരിക്കാനാവില്ലെന്ന് തോന്നി. ഒറ്റപ്പെട്ട ചുവടു

വെപ്പുകൾ നടന്നിരുന്നെങ്കിലും സമ്പദ്വിധാനത്തിലെ പ്രതികൂലപ്രവണതകളെ പിടിച്ചുനിർത്താനും സമ്പദ്വിധാനത്തെ ദ്രുതവും ഊർജ്ജസ്വലവുമായ വളർച്ചയുടെ പാതയിലേക്ക് കൊണ്ടുപോകാനും അവയ്ക്ക് കഴിഞ്ഞില്ല. മൗലികങ്ങളായ മാററങ്ങൾ, ആഴത്തിലുള്ള ഒരു അഴിച്ചുപണി ആയിരുന്നു വേണ്ടിയിരുന്നത്. രാജ്യം നേരിട്ടുകൊണ്ടിരുന്ന പ്രശ്നങ്ങൾക്ക് സമൂലമായ പരിഹാരങ്ങൾ കണ്ടെത്താൻ പാർട്ടി കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ടായിരുന്നു. 1985-ൽ സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ഏപ്രിൽ പ്ലീനറിയോഗം കമ്യൂണിസ്റ്റുകളെയും സോവിയററ് ജനങ്ങളേയും സജ്ജരാക്കിയിരുന്നത് തീർത്തും ഈ അഴിച്ചുപണിയെ ലാക്കാക്കിയിരുന്നു. ഈ യോഗം നമ്മുടെ സമുദായത്തിൻെറ ജീവിതത്തിൽ ഒരു വഴിത്തിരിവു കുറിച്ചു. ഞെരുക്കിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കും സാമൂഹ്യ-സമ്പത്തികവികസനം ത്വരിപ്പിക്കുക എന്ന പാർട്ടിയുടെ കർമ്മസരണിയ്ക്കും അനുയോജ്യമായിരിക്കുന്നതും ഈ അഴിച്ചുപണിതന്നെയാണ്.

നമ്മുടെ ദേശീയ സമ്പദ്വിധാനത്തിന്ന് ഇതിന്നാവശ്യമായ എല്ലാ പൂർവ്വോപാധികളുമുണ്ട്: പ്രബലമായ ഒരു ഉൽപാദന, ശാസ്ത്രീയ, സങ്കേതിക, ബൗദ്ധികശേഷിസാദ്ധ്യതയും കഴിവുററ പ്രവർത്തകരും പ്രകൃതിവിഭവങ്ങളും. ആസൂത്രിതമായ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ മേൻമകളും പെരുകിക്കൊണ്ടിരിക്കുന്ന സാദ്ധ്യതകളും ഉപയോഗപ്പെടുത്തുകയും സി. പി. എസ്. യു.വിൻെറ സമ്പത്തികകർമ്മതന്ത്രം അടിപതറാതെ നടപ്പാക്കുകയും ചെയ്യുകയാണ് ഇപ്പോൾ മുഖ്യമായിട്ടുള്ളത്.

## II. രാജ്യത്തിൻെറ സാമൂഹ്യ-സാമ്പത്തിക വികസനത്തിൻെറ ത്വരണം — 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലെ തന്ത്രപ്രധാനമായ കടമ

സഖാക്കളേ,

2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിൽ രാജ്യത്തിൻെറ സാമൂഹ്യ-സാമ്പത്തിക വികസനം ത്വരിപ്പിക്കുകയും സോവിയററ് സമുദായത്തെ ഗുണപരമായി പുതിയതായ ഒരു നിലവാരത്തിൽ എത്തിക്കുകയും ഉൽപാദകശക്തികളെ ആഴത്തിൽ പരിവർത്തനപ്പെടുത്തുകയും ഉൽപാദനബന്ധങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക ലാക്കാക്കിയുള്ള പാർട്ടിയുടെ കർമ്മസരണി കരടുമാർഗ്ഗരേഖകളിൽ മൂർത്തമായ നിയോഗങ്ങളിലും സംഖ്യകളിലും മൂർത്തീഭവിച്ചിരിക്കുന്നു.

രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന കടമകളുടെ വർദ്ധിച്ച പരിമാണവും സങ്കീർണ്ണതയുമാണ് ഒരു പതിനഞ്ചാണ്ടുകാലം തിരഞ്ഞെടുക്കാൻ ഒന്നാമതായും കാരണം. ഒന്നോ രണ്ടോ പഞ്ചവൽസരഘട്ടങ്ങൾകൊണ്ട് പൂർത്തിയാക്കാനാവാത്ത കടമകളാണവ. എന്നു മാത്രമല്ല, ശാസ്ത്രീയ-സാങ്കേതികവിപ്ലവത്തിൻെറ പ്രധാനപ്പെട്ട പുരോഗതികളെ അതിൻെറ

വികസനത്തിന്നുള്ള പ്രവചനങ്ങളെ കണക്കിലെടുത്തുകൊണ്ട് പൂർണ്ണമായ അളവിൽ പ്രയോജനപ്പെടുത്താൻ അനുകൂലതമമായ കാലയളവ് ഇതാണെന്നു താനും.

മുഖ്യ പ്രശ്നങ്ങൾ പരിഹരിക്കാനും 2000-ാമാണ്ടുവരെയുള്ള കാലഘട്ടത്തെ മുഖ്യാംശത്തിൽ ഉൾക്കൊള്ളുന്ന പ്രത്യേകോദ്ദേശപരിപാടികൾ നിറവേററാനുമുള്ള മാർഗ്ഗോപാധികളുടെ ശാസ്ത്രീയമായ ഒരു വിശകലനം കരട്മാർഗ്ഗരേഖകൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നു. അതായത് ഭക്ഷ്യ-ഊർജ്ജപരിപാടികൾ, യന്ത്രനിർമ്മാണവ്യവസായത്തിൻെറ അഭിവൃദ്ധി, ദേശീയസമ്പദ്വിധാനത്തിൻെറ രാസവൽക്കരണം, ഉപഭോഗസാധന ഉൽപാദനത്തിൻേറയും സേവനവ്യവസായത്തിൻേറയും വിപുലനം എന്നിവ. അതിനാൽ, പതിനഞ്ചാണ്ട് കാലമെന്നത് വാസ്തവത്തിൽ മുൻകൂട്ടി കാണാൻ കഴിയുന്ന ഒന്നാണ്. സസൂക്ഷ്മം പരിശോധിച്ചറിഞ്ഞ ഒരസ്തിവാരത്തിൽ അധിഷ്ഠിതവുമാണത്.

ഇരുപതാം നൂററാണ്ടിൻെറ അവസാനത്തോടെ സമ്പദ്വിധാനം കൈവരിക്കേണ്ടതായ കുറിമാനങ്ങൾ സി. പി. എസ്. യു. പരിപാടിയുടെ പുതിയ പതിപ്പിൻെറ വ്യവസ്ഥകൾക്ക് തികച്ചും അനുസാരമായിട്ടാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. ദേശീയവരുമാനവും വ്യാവസായികോൽപാദനവും ഇരട്ടിയാക്കാൻ ഉദ്ദേശിക്കുന്നു. രാജ്യത്തിൻെറ ഉൽപാദനസംവിധാനം ഗണ്യമായി വർദ്ധിക്കുന്നതും അതിനെ സമൂലം പരിവർത്തനപ്പെടുത്തുന്നതും ആയിരിക്കും. തൽഫലമായി, പതിനഞ്ചാണ്ടുകൾക്കുള്ളിൽ സൃഷ്ടിക്കപ്പെടുന്ന സാമ്പത്തികശേഷിസാധ്യതകൾ സോവിയററ് അധികാരത്തിൻെറ മുൻവർഷങ്ങളിലെല്ലാംകൂടി സഞ്ചയിക്കപ്പെട്ടതിൻെറ ഏതാണ്ടത്രയും വരുന്നതും അങ്ങിനെ, കമ്യൂണിസത്തിൻെറ ഭൗതിക-സാങ്കേതിക അസ്തിവാരത്തിൻെറ നിർമ്മാണത്തിൽമുന്നോട്ട് നീണ്ടൊരു ചുവടുവെപ്പ് നടത്തുന്നതുമായിരിക്കും.

ജനങ്ങളുടെ ജീവിതനിലവാരങ്ങളും സാംസ്കാരിക നിലയും ഇടതടവില്ലാതെ അനുക്രമം ഉയർത്തികൊണ്ടിരിക്കുകയെന്നതാണ് സോഷ്യലിസത്തിൽ സാമൂഹ്യോൽപാദനത്തിൻെറ മുഖ്യ ലക്ഷ്യം. ഈ ഘട്ടത്തിൽ ജനങ്ങളുടെ ജീവിത സൗകര്യങ്ങളെ കൂടുതൽ ഉന്നതമായ, ഗുണപരമായി പുതിയതായ ഒരു തലത്തിലേക്ക് ഉയർത്തുക എന്ന കടമയാണ് കമ്യൂണിസ്റ്റ് പാർട്ടി മുൻവെച്ചിരിക്കുന്നത്.

മാനുഷിക വ്യാപാരത്തിൻെറ മുഖ്യ തുറയായ തൊഴിൽ രംഗത്തിലെ സാമൂഹ്യ പ്രശ്നങ്ങളുടെ പരിഹരണത്തിന്ന് സർവ്വോപരിയായ പ്രാധാന്യം കൽപിച്ചിരിക്കുന്നു. ആയാസകരവും വിരസവുമായ അധ്വാനം ലഘൂകരിക്കുകയാണ് ഇവിടെ മുഖ്യമായും വേണ്ടത്. കായികാധ്വാനത്തിൻെറ വിഹിതം പകുതിയിലധികംകണ്ട് കുറയും. 2 കോടിയിൽപരം ജനങ്ങളെ പ്രത്യേക വൈദഗ്ദ്ധ്യമാവശ്യമില്ലാത്ത തൊഴിലുകളിൽനിന്ന് വിടുവിച്ച് അവരുടെ അധ്വാനത്തെ സാരവത്തും സന്തോഷകരവുമാക്കി തീർക്കാൻ ഇതുമൂലം സാധിയ്ക്കും.

അടുത്ത 15 കൊല്ലത്തിന്നുള്ളിൽ ഭൗതിക ക്ഷേമവും ബൗദ്ധിക വികസനവും സംബന്ധിച്ച അടിയന്തിര പ്രശ്നങ്ങൾ സമൂലം പരിഹരിക്കാൻ വ്യവസ്ഥചെയ്തുവരുന്നു. സമുദായത്തിൻെറ എല്ലാ പാളികളെ

സംബന്ധിച്ചേടത്തോളവും ഇത് പ്രത്യേകിച്ചും ജീവൽപ്രധാനമാണ്. ഒന്നാമതായും, മേത്തരത്തിൽപെട്ട പലതരം സാധനങ്ങൾക്കും സേവനങ്ങൾക്കുമുള്ള വർദ്ധനമായ യഥാർത്ഥ ആവശ്യം പൂർണ്ണമായി നിറവേററുകയും ശാസ്ത്രം ശുപാർശചെയ്ത യുക്തിസഹമായ ആഹാരനിലവാരങ്ങളിൽ എത്തുകയും ചെയ്യുക എന്നാണിതിന്നർത്ഥം. ഫലത്തിൽ ഓരോ സോവിയററ് കുടുംബത്തിന്നും തനിപ്പെട്ട ഒരു പാർപ്പിടം—ഒരു ഫ്ളാററോ ഒരു വീടോ—നൽകുകയെന്ന, വമ്പിച്ച സാമൂഹ്യപ്രാധാന്യമുള്ള കടമ 2000-ാമാണ്ടോടെ നടപ്പിൽവരുത്തുന്നതാണ്. ശക്തിയുടേയും നിധികളുടേയും പരമാവധിയായ കേന്ദ്രീകരണവും ജീവൽപ്രധാനമായ ഈ പ്രശ്നത്തിൽ കേന്ദ്രത്തിലും പ്രവിശ്യകളിലുമുള്ള നിരന്തരമായ ശ്രദ്ധയും ഇതിന്നാവശ്യമായിരിക്കും.

വിദ്യാഭ്യാസത്തിൻേറയും വിദഗ്ദ്ധ പരിശീലനത്തിൻേറയും വ്യവസ്ഥയെയും വൈദ്യസേവനങ്ങളേയും സമൂലം അഭിവൃദ്ധിപ്പെടുത്തുകയും സംസ്കാരം, വിനോദം, സ്പോർട്സ് എന്നിവയ്ക്കുള്ള, സാമൂഹ്യ തുറകൾക്കെയുള്ള ഭൗതിക സൗകര്യങ്ങൾ ഗണ്യമായി വിപുലപ്പെടുത്തുകയും ചെയ്യും.

കാര്യക്ഷമതയും നമ്മുടെ മുന്നേററത്തിൻേറ വളർച്ചനിരക്കുകളും കാണത്തക്കവിധം വർദ്ധിപ്പിച്ചാൽ മാത്രമേ സാമൂഹ്യോൽപാദനവും ജീവിതനിലവാരവും സംബന്ധിച്ച ഈ കുറിമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൈവരിക്കാനാവുകയുള്ളു.

വളർച്ചനിരക്കുകൾ എപ്പോഴും പാർട്ടിയുടെ സാമ്പത്തിക നയത്തിൻേറ കേന്ദ്രപ്രശ്നമായിരുന്നിട്ടുണ്ട്; ഇപ്പോഴതുമതങ്ങിനെയാണ്. ഇന്ന്, രാജ്യത്തിൻേറ സാമൂഹ്യ-സാമ്പത്തിക വികസനം ത്വരിപ്പിക്കുകയെന്ന സങ്കൽപത്തിൻേറ വെളിച്ചത്തിൽ അതിന്ന് മൌലികമായ ഒരു അർത്ഥപ്രാധാന്യവും പുതിയൊരുള്ളടക്കവും സിദ്ധിക്കുന്നു.

ഒന്നാമതായി, ദേശീയ വരുമാനത്തിന്ന് കൂടുതൽ ഊർജജസ്വലമായ ഒരു സ്വഭാവം നൽകാൻ വ്യവസ്ഥചെയ്തിരിക്കുന്നു. കഴിഞ്ഞ പഞ്ചവത്സരഘട്ടത്തിൽ അതിൻേറ ശരാശരി വാർഷിക വളർച്ചനിരക്ക് 3.1 ശതമാനമായിരുന്നു. 14-ാം പഞ്ചവത്സരഘട്ടത്തിൽ ഇത് 5 ശതമാനത്തിൽ എത്തുന്നതായിരിക്കും. അങ്ങിനെ, കഴിഞ്ഞ മൂന്ന് പഞ്ചവത്സരഘട്ടങ്ങളിൽ വളർച്ച നിരക്കുകളുടെ മന്ദഗതിയെ ലാക്കാക്കിയുണ്ടായ പ്രതികൂല പ്രവണതയ്ക്ക് അറുതിവരുന്നതായിരിക്കും. ദേശീയ വരുമാനത്തിൻേറ വളർച്ചനിരക്കുകൾ കേവല സംഖ്യകളിൽ അതിലും അധികമാവുന്നതായിരിക്കും. തൽഫലമായി ആ കാലയളവിൽ ഉൽപാദിപ്പിക്കപ്പെടുന്ന ദേശീയ വരുമാനം ഏതാണ്ട് 1200000 കോടി റൂബിളാകും. സോവിയററധികാരത്തിന് മുമ്പുള്ള എല്ലാ വർഷങ്ങളിലേയും ആകത്തുകയേക്കാൾ അധികമായിരിക്കും ഇത്. വൻതോതിലുള്ള സാമ്പത്തിക-സാമൂഹ്യ കടമകൾ ഒരേ സമയം നിറവേററുന്നതിന്ന് ദേശീയ വരുമാനത്തിൻേറ വളർച്ചനിരക്കുകളിലെ ഈ വർദ്ധനയും കേവല സംഖ്യകളിലുള്ള അതിൻേറ വർദ്ധനയും ജീവൽപ്രധാനമാണ്. അതിലുപരിയായി, രാജ്യത്തിൻേറ പ്രതിരോധശേഷി ഉചിതമായ നിലവാരത്തിൽ നിലനിർത്തുന്നതിന്ന് ഇതാവശ്യമാണ്.

രണ്ടാമത്, വർദ്ധിച്ചുകൊണ്ടിരിക്കുകയും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാമൂഹ്യാവശ്യങ്ങൾക്ക് കൂടുതൽ സമഗ്രമായനിലയിൽ അനുയോജ്യമായ, കൂടുതൽ സന്തുലിതമായ ഒരു ഉൽപാദനഘടന ത്വരണത്തിന്റെ ഗതിക്കിടയിൽ രൂപീകരിക്കപ്പെടുന്നതാണ്. വളർച്ചയിലെ വർദ്ധനവിന്റെ ഓരോ ശതമാനവും ഓരോ റൂബിളും ഉയർന്ന ഉപഭോഗഗുണധർമ്മങ്ങളുള്ള പുതുതും ഫലപ്രദവുമായ ഉൽപന്നങ്ങളെ, ദേശീയ സമ്പദ്വിധാനത്തിന്നും ജനതതിക്കും ആവശ്യമുള്ള ഉൽപന്നങ്ങളെ കുറിക്കണം. ഇപ്പോഴത്തെ സാമ്പത്തിക വളർച്ചാതന്ത്രത്തിന്റെ അപരിവർത്തനീയമായ നിയോഗമാണിത്.

മൂന്നാമത്തേത്, ഏററവും പ്രധാനപ്പെട്ടതെന്നും ഞാൻ പറയും, മൗലികമായി പുതിയൊരടിസ്ഥാനത്തിൽ, സർവ്വതോമുഖവും സുസ്ഥിരവുമായ തീവ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ, ഉയർന്ന വളർച്ചനിരക്കുകൾ കൈവരിക്കുകയെന്നതാണ്. ഈ കടമ മുൻവെയ്ക്കവെ പാർട്ടി, അത് നിറവേററുന്നതിന്നുള്ള മുഖ്യോപാധികളെ സൂചിപ്പിക്കുന്നു — ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ സമൂലമായ ത്വരണവും ശാസ്ത്രവും സാങ്കേതികവിദ്യയും കൊണ്ട് ഉയർന്ന നിലവാരങ്ങൾ കൈവരിക്കലും. നമ്മുടെ പുരോഗതിയുടെ ത്വരകമാണിത്. ഇതിന്റെ പ്രവർത്തനം ഓരോ പഞ്ചവത്സരകാലത്തും വർദ്ധിക്കുന്നതാണ്.

കടുങ്ങനെയുള്ള വികസനത്തിന്റെ പ്രശ്നത്തെ പാർട്ടി സമഗ്രവും വിശാലവുമായരീതിയിൽ സമീപിക്കുന്നു. മുമ്പത്തെപ്പോലെ വിഭവങ്ങളുടെ ക്രമപ്രവൃദ്ധമായ വർദ്ധനവിലൂടെയല്ലാതെ ഉൽപാദനത്തിന്റെ സർവ്വതോമുഖമായ തീവ്രീകരണത്തിലൂടെ ആകമാനമുള്ള തീവ്രീകരണത്തിലൂടെ, വികസിക്കാൻ കഴിയുന്ന ത്വരിതഗതിയിൽ വികസിക്കുന്ന ഒരു നിലവാരത്തിലെത്തിയിരിക്കുന്നു നമ്മുടെ സമ്പദ്വിധാനം. അദ്ധ്വാനോൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്നു മാത്രമല്ല, പ്രത്യുത ഉൽപാദനത്തിന്റെ യൂനിററൊന്നുക്കുള്ള അസംസ്കൃത സാധനവിനിയോഗവും, ഉൽപന്ന-ആസ്തി അനുപാതവും കുറയ്ക്കുന്നതിന്നും തനിപ്പെട്ട വ്യവസായങ്ങളെ മാത്രമല്ല, ദേശീയ സമ്പദ്വിധാനത്തെയാകെ കടുങ്ങനെയുള്ള വികസനത്തിലേക്ക് മാററുന്നതിന്നും ഉദ്ദേശിക്കുന്നു. സാമ്പത്തിക-സാമൂഹ്യ വികസനത്തെ ത്വരിപ്പിക്കുന്നതിന്നുള്ള അസന്ദിഗ്ദ്ധമായ ഏകമാർഗ്ഗം ഇതാണ്.

സാമൂഹ്യാദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കലാണ്, കാലക്രമത്തിൽ, സോഷ്യലിസത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളുടെ പരിഹരണത്തിന്റെ മുഖ്യ ദിശ. അത്യുന്നത ലോകനിലവാരത്തിലെത്തുകയെന്ന, ലെനിനിൽനിന്ന് നമുക്ക് ഒസ്യത്തായി ലഭിച്ച, കടമ നിറവേററുന്നതിൽ അടുത്ത 15 വർഷങ്ങൾക്കുള്ളിൽ നിർണ്ണായക നടപടി കൈക്കൊള്ളുന്നതാണ്. 2000-മാണ്ടോടെ ദേശീയ സമ്പദ്വിധാനത്തിലാകെ അദ്ധ്വാനോൽപാദനക്ഷമതയിൽ 2.3 – 2.5 മടങ്ങ് വർദ്ധന കൈവരിക്കാൻ മാർഗ്ഗരേഖകൾ വ്യവസ്ഥചെയ്യുന്നു. തൽഫലമായി സോവിയററ് സമ്പദ്വിധാനം ഗുണപരമായി പുതിയൊരു വികസന പാതയിൽ പ്രവേശിക്കും: അദ്ധ്വാന വിഭവങ്ങൾക്കുവേണ്ടിയുള്ള ആവശ്യം വെട്ടിക്കുറയ്ക്കുന്നതോടൊപ്പം, ഇദംപ്രഥമമായി, ഉൽപാദന വളർച്ച ഉറപ്പേകപ്പെടുന്നതാണ്, അങ്ങിനെ പല പ്രശ്നങ്ങളുടെയും പരിഹരണത്തിന്ന് പൂർവ്വ

ധികം വമ്പിച്ച സാദ്ധ്യതകൾ തുറക്കപ്പെടുന്നതുമാണ്. ഇതെല്ലാം ദേശീയ സമ്പദ്വിധാനത്തിന്റെ കൂടുതൽ ഊർജ്ജസ്വലമായ സ്വഭാവത്തിന്നനുസൃതമായി കൂടുതൽ യുക്തിസഹമായ രീതിയിൽ അദ്ധ്വാന വിഭവങ്ങൾ വിതരണംചെയ്യുന്നതിന്നുള്ള സമ്പ്രദായം രൂപീകരിക്കുന്നതിന്ന് സഹായിക്കും. അതേ സമയം അത് ജനങ്ങൾക്ക് പൂർണവും ഫലപ്രദവുമായ ജോലി ഉറപ്പേകുകയും ചെയ്യും. സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയുടെ സ്വഭാവത്തിൽനിന്നും ഉള്ളടക്കത്തിൽനിന്നുമാണ് ഇതുളവാകുന്നത്.

നമ്മൾ പരിഗണിച്ചുകൊണ്ടിരിക്കുന്ന പ്രമാണരേഖയ്ക്കടിസ്ഥാനമായി വർത്തിക്കുന്നത് സമ്പദ്വിധാനത്തിന്റെ ഭൗതികവിഭവാവശ്യം നിറവേററുന്നതിനോട് അടിസ്ഥാനപരമായി പുതിയതായൊരു സമീപനമാണ്. മുൻവർഷങ്ങളിലാകട്ടെ ഉൽപാദനം വർദ്ധിപ്പിച്ചുകൊണ്ടാണ് ഈ ആവശ്യം മുഖ്യമായും നിറവേററിയിരുന്നത്, ഇന്ധനം, ഊർജ്ജം, അസംസ്കൃതപദാർത്ഥങ്ങൾ, ലോഹം എന്നിവയ്ക്കും മററു വസ്തുക്കൾക്കും വേണ്ടിയുള്ള ആവശ്യത്തിന്റെ വളർച്ചനിരക്കിന്റെ 75-80 ശതമാനം ഈ വസ്തുക്കളുടെ മിതവ്യയത്തിലൂടെ നിറവേററപ്പെടണമെന്നതാണ് ദീർഘകാലകടമ. ദേശീയ സമ്പദ്വിധാനത്തെ സംബന്ധിച്ചിടത്തോളം ഈ കർമ്മസരണി എത്രത്തോളം ഫലപ്രദമാണെന്ന് താഴെ പറയുന്ന ദൃഷ്ടാന്തം വ്യക്തമാക്കുന്നു. സമ്പത്തികവളർച്ചയുടെ സ്വഭാവം മാററമില്ലാതെയാണ് നിന്നിരുന്നതെങ്കിൽ ഈ നൂററാണ്ടിന്റെ അവസാനത്തോടെ നമുക്ക് ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടതിലും 5 കോടി ടണ്ണോളം ഉരുക്കുതകിട് കൂടുതൽ വേണ്ടിവരുമായിരുന്നു. വിഭവങ്ങൾ മിച്ചപ്പെടുത്തുക ലാക്കാക്കിയുള്ള കർമ്മസരണിയുടെ സാക്ഷാത്ക്കരണംമൂലം ഉൽപാദനത്തിന്റെ യൂണിറെറാന്നുക്ക് വേണ്ടിവരുന്ന വിദ്യുച്ഛക്തിയുടെയും അസംസ്കൃതപദാർത്ഥത്തിന്റെയും അളവ് ഗണ്യമായി കുറയ്ക്കുവാൻ കഴിയും.

ഉൽപാദനവിധാനത്തിന്റെ ഊർജ്ജിതമായ വളർച്ചയും സാങ്കേതിക അഭിവൃദ്ധിയും ഉൽപന്ന-ആസ്തി അനുപാതത്തിൻമേൽ പ്രത്യേകിച്ചും ഉയർന്ന ആവശ്യങ്ങൾ ഉന്നയിക്കുന്നു. ഖേദകരമെന്നു പറയട്ടെ, ഈ അനുപാതം കുറയുന്നതിലേക്കുള്ള പ്രതികൂലപ്രവണത ഇതുവരെയും മറികടന്നിട്ടില്ല. അടുത്ത 15 വർഷങ്ങളിൽ, ഈ സൂചകത്തിന്റെ ഗതിയിൽ ഒരു മാററമുണ്ടാക്കാനും ഉദ്ദേശിക്കുന്നു: ആദ്യഘട്ടത്തിൽ—1990-കളിൽ—ഉൽപന്ന—ആസ്തി അനുപാതം സ്ഥിരമാക്കുക, പിന്നീട് അതിന്റെ വർദ്ധനയ്ക്ക് ഉറപ്പുവരുത്തുക.

ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിന്റെ സിദ്ധികളുടെ അടിസ്ഥാനത്തിൽ ദേശീയസമ്പദ്വിധാനത്തിന്റെ പുനഃസജ്ജീകരണം യഥാർത്ഥത്തിൽ ചരിത്രപ്രാധാന്യമുള്ള ഒരു കടമയാണ്. ഇങ്ങിനെയാണെങ്കിൽ മാത്രമേ സർവ്വതോമുഖമായ തീവ്രീകരണം ഉറച്ചൊരസ്തിവാരത്തിൻമേൽ ആയിത്തീരുകയുള്ളൂ. രാജ്യത്തിന്റെ ഭൗതിക-സാങ്കേതിക അസ്തിവാരത്തെ ദ്രുതഗതിയിൽ പുനർനവീകരിക്കുകയും അതിനെ ഗുണപരമായി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം എന്നാണ് ഇതിന്നർത്ഥം. അതിന്റെ ഉന്നതനിലവാരം സുസ്ഥിരം നിലനിർത്തപ്പെട

ണമെന്നതും അത് ലോകനിലവാരങ്ങൾക്ക് ഒത്തുവരണമെന്നതും വളരെ പ്രധാനമാണ്, ഈ പ്രക്രിയ എല്ലാ വ്യവസായങ്ങളെയും ആശ്ലേഷിക്കണം. ഉൽപാദനാസ്തികളെ ക്രമാനുഗതമായി പുനർനവീകരിക്കുന്നതിന്ന് ഓരോ മന്ത്രാലയത്തിന്നും ഓരോ വ്യവസായസ്ഥാപനത്തിന്നും മൂർത്തമായ ഒരു പരിപാടി ഉണ്ടായിരിക്കണം. അതിനെ അക്ഷീണം പ്രാവർത്തികമാക്കുകയും വേണം. സാമ്പത്തികപ്രശ്നങ്ങളുടെ മാത്രമല്ല, സാമൂഹ്യപ്രശ്നങ്ങളുടെകൂടി പരിഹരണത്തെ സംബന്ധിച്ചിടത്തോളം ഇത് ജീവൽപ്രധാനമാണ്.

സമ്പദ്വിധാനത്തെ വികസിപ്പിക്കുന്നതിന്നും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന്നുംവേണ്ടി പാർട്ടി ദീർഘകാലത്തേയ്ക്കായി മുൻവെയ്ക്കുന്ന കടമകൾ അവയാണ്. യഥാർത്ഥത്തിൽ മതിപ്പുളവാക്കുന്നവയാണവ. അവയുടെ സാക്ഷാത്ക്കരണം രാജ്യത്തെ സാമൂഹ്യപുരോഗതിയുടെ പാതയിലൂടെ ഗണ്യമായി മുന്നോട്ടു കൊണ്ടുപോകുകയും ലോകത്തിൽ അതിന്റെ സാമ്പത്തികനിലപാടുകളെ ഗണ്യമായി ദൃഢീകരിക്കുകയും ചെയ്യും. തൽഫലമായി സോഷ്യലിസത്തിന്റെ ആകർഷണശക്തി കൂടുതൽ വർദ്ധിക്കും. ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത് നടപ്പാക്കുവാൻ നമ്മുടെ എല്ലാ യത്നങ്ങളും ശേഷിസാദ്ധ്യതകളും സംഭരിക്കുകയും സോഷ്യലിസ്റ്റുൽപാദനവർദ്ധനവിന്റെ എല്ലാ ഘടകങ്ങളെയും പ്രവർത്തിപ്പിക്കുകയും അതിന്റെ കാര്യക്ഷമതയെ വർദ്ധിപ്പിക്കുകയും വേണം. മാനുഷികഘടകത്തിന്റെ സർവ്വതോമുഖമായ ഉജ്ജീവനം സാധിക്കുകയാണ് മുഖ്യസംഗതി. നമ്മുടെ പദ്ധതികളെ ഫലത്തിൽ വരുത്തുന്നതിന്നും അവയെ മൂർത്തമായ പ്രവർത്തനങ്ങളാക്കി മാററുന്നതിന്നും സഹായിക്കുന്നത് അദ്ധ്വാനമാണ്, അദ്ധ്വാനം മാത്രമാണ്. അതിനാൽ അദ്ധ്വാനിക്കുന്ന ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം പാർട്ടിയുടെ പരിപാടിലക്ഷ്യങ്ങളെ പ്രിയങ്കരങ്ങളായി കരുതുകയും അവന്റെ താൽപര്യങ്ങൾക്കും സമുദായത്തിന്റെ താൽപര്യങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്ന, അവന്റെ ജീവൽപ്രധാന ലക്ഷ്യമായി അവയെ കണക്കാക്കുകയും ചെയ്യേണ്ടത് നിർണ്ണായകമായ ഒരു രാഷ്ട്രീയ കടമയാണ്. നമ്മുടെ രാജ്യത്തിന്റെ ഐശ്വര്യത്തിന്റേയും കമ്മ്യൂണിസം കെട്ടിപ്പടുക്കുന്നതിലെ പുതുവിജയങ്ങളുടെയും വിശ്വാസനീയമായ മുന്നുറപ്പ് അതാണ്.

ഉദ്ദേശിക്കപ്പെട്ട പുനഃക്രമീകരണങ്ങളുടെ ആഴവും പരപ്പും ദേശീയ സമ്പദ്വിധാനത്തിന്റെ നടത്തിപ്പിനെ പുതിയ, ഉന്നതമായ ഒരു നിലവാരത്തിലേക്കെത്തിക്കുക ആവശ്യമാക്കും. എല്ലാ വ്യവസായങ്ങൾക്കും റിപ്പബ്ലിക്കുകൾക്കും അടുത്ത 15 വർഷത്തേയ്ക്ക് സ്പഷ്ടമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. ഈ രീതിയിൽ മാത്രമേ നമുക്ക് വികസനഘട്ടങ്ങൾ സ്പഷ്ടമായി രേഖപ്പെടുത്തുവാനും ഈ നൂററാണ്ടിന്റെ അന്ത്യംവരെയുള്ള ഘട്ടത്തിൽ സാമ്പത്തിക മാനേജുമെന്റിന്റെ ലക്ഷ്യങ്ങളുടെയും തന്ത്രങ്ങളുടെയും അനുസ്യൂതി ഉറപ്പുവരുത്തുവാനും പാർട്ടിയുടെ

സാമ്പത്തികതന്ത്രത്തിന്റെ നിർവ്വഹണത്തിൽ ഓരോ പഞ്ചവൽസരപദ്ധതിയുടെയും സ്ഥാനവും പങ്കും നിർവ്വചിക്കുവാനും കഴിയൂ.

## III. 12-ാം പഞ്ചവൽസരപദ്ധതി – പാർട്ടിയുടെ സാമ്പത്തികതന്ത്രത്തിന്റെ സാക്ഷാത്ക്കരണത്തിൽ നിർണ്ണായകമായ ഒരു ഘട്ടം

പാർട്ടിയുടെ ദീർഘകാല സാമ്പത്തികതന്ത്രത്തിന്റെ പ്രായോഗിക നിർവ്വഹണത്തിൽ അടിസ്ഥാനപരവും അത്യധികം പ്രധാനപ്പെട്ടതുമായ ഒരു ഘട്ടമാണ് 12-ാം പഞ്ചവൽസരപദ്ധതി. ഈ വർഷങ്ങളിൽ നമ്മുടെ സമ്പദ്വിധാനത്തിന്ന് ഗണ്യമായ വളർച്ച ഉണ്ടാകണം. അതിനെ കൂടുതലുയർന്ന ഒരു വികാസപഥത്തിലേക്ക്, ത്വരണത്തിന്റെ പഥത്തിലേക്ക് എത്തിക്കുകയും വേണം.

*പഞ്ചവൽസരപദ്ധതിയുടെ മുഖ്യ കടമ* ഈ നിലപാടുകളിൽനിന്നു കൊണ്ടാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. ത്വരിതതരമായ ശാസ്ത്ര-സാങ്കേതികപുരോഗതി മുഖേന സാമ്പത്തികവികസനത്തിന്റെ വളർച്ച നിരക്കുകളുടെയും അതിന്റെ കാര്യക്ഷമതയുടെയും സംവർദ്ധനവും വ്യവസായത്തിന്റെ പുനഃസജ്ജീകരണവും സാങ്കേതികമായ പുനർനിർമ്മാണവും, നിലവിലുള്ള ഉൽപാദനശേഷിസാദ്ധ്യതയുടെ ഊർജ്ജിത വിനിയോഗവും, സാമ്പത്തികമാനേജുമെൻറ് വ്യവസ്ഥയുടെ, സാമ്പത്തികയന്ത്രവിധാനത്തിന്റെ, അഭിവൃദ്ധിയും ഈയടിസ്ഥാനത്തിൽ സോവിയററ് ജനങ്ങളുടെ ജീവിതനിലവാരങ്ങളുടെ അധികതര ഉന്നമനവും ആണവ.

സാമൂഹ്യോൽപാദനത്തിന്റെ വളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും വേണ്ടി കരട് മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തിട്ടുള്ള സൂചകങ്ങൾ 12-ാം പഞ്ചവൽസരപദ്ധതിയുടെ മുഖ്യലക്ഷ്യത്തിന്റെ സാക്ഷാത്ക്കരണത്തിന്ന് പൂർണമായി ഉറപ്പേകുന്നുവെന്ന്, പ്രതിനിധിസഖാക്കളെ, ഞാൻ നിങ്ങളോട് റിപ്പോർട്ട് ചെയ്യട്ടെ.

ദേശീയസമ്പദ്വിധാനത്തിന്റെ ഊർജ്ജസ്വലസ്വഭാവം മുഖ്യ സാമ്പത്തിക സൂചകങ്ങളുടെ കേവലവ്യവസ്ഥകളിലുള്ള വളർച്ചനിരക്കുകളുടെ വർദ്ധനവിൽ പ്രകടമായും ബോധ്യമായും സ്പഷ്ടമായിരിക്കുന്നു. ദേശീയവരുമാനം 1986–1990-ൽ 1.6 മടങ്ങ് വർദ്ധിക്കും. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഈ സൂചകത്തിൽ ഒരു ഇടിച്ചൽ ഉണ്ടായിരുന്നുവെന്ന കാര്യം ചൂണ്ടിക്കാട്ടേണ്ടതുണ്ട്.

| | വളർച്ചനിരക്കുകൾ കേവലസംഖ്യകളിൽ (നൂറുകോടി റൂബിൾ) | | ശരാശരി വാർഷിക വളർച്ചനിരക്ക് (ശതമാനം) | |
|---|---|---|---|---|
| | 1980-നെ അപേക്ഷിച്ച് 1985-ൽ | കരട് മാർഗ്ഗരേഖകളനുസരിച്ച് 1985-നെ അപേക്ഷിച്ച് 1990-ൽ | 11-ാം പഞ്ചവൽസര പദ്ധതിയിൽ | കരട് മാർഗ്ഗരേഖകളനുസരിച്ച് 12-ാം പഞ്ചവൽസരപദ്ധതിയിൽ |
| ദേശീയവരുമാനം, ഉപഭോഗത്തിന്നും സഞ്ചയത്തിനും വേണ്ടി ഉപയോഗിക്കപ്പെട്ട വിഹിതം | 71 | 96–111 | 3.1 | 3.5–4.0 |
| വ്യാവസായികോൽപാദനം | 135 | 169–194 | 3.7 | 3.9–4.4 |
| ഇതിൽ : | | | | |
| ഉൽപാദനോപാധികൾ (ഗ്രൂപ്പ്-എ) | 99 | 123-142 | 3.6 | 3.7–4.2 |
| ഉപഭോഗസാധനങ്ങൾ (ഗ്രൂപ്പ്-ബി) | 36 | 46 – 52 | 3.9 | 4.1–4.6 |
| കാർഷികോൽപാദനം (മുൻപഞ്ചവൽസരപദ്ധതിയെ അപേക്ഷിച്ച് ശരാശരി വാർഷികോൽപാദന വളർച്ച, 1983-ലെ വിലകളിൽ) | 11 | 28 – 32 | 1.1 | 2.7–3.0 |
| ചില്ലറവ്യാപാരടേണോവർ | 46 | 59 – 73 | 3.1 | 3.4–4.0 |
| പ്രതിഫലംപററിക്കൊണ്ട് ജനതതിക്ക് നൽകപ്പെടുന്ന സേവനത്തിന്റെ പരിമാണം | 9.8 | 13.7–18.2 | 5.0 | 5.4–7.0 |

തൽഫലമായി, 1990-ൽ ദേശീയവരുമാനം 61400 കോടി റൂബിളിലെത്തും. വ്യാവസായികോൽപാദനത്തിന്റെ പരിമാണം ഒരു ലക്ഷം കോടി റൂബിളായി വർദ്ധിക്കും. ഇരുപതാം നൂററാണ്ടിന്റെ അവസാന ദശാബ്ദത്തിന്റെ തുടക്കത്തോടെ നമ്മുടെ സമ്പദ്വിധാനത്തെ സ്വഭാവനിർണയം ചെയ്യുന്ന നിരക്കുകളും പരിമാണങ്ങളുമാണിവ.

12-ാം പഞ്ചവൽസരപദ്ധതിക്ക് മറെറാരു പ്രത്യേകത കൂടിയുണ്ട്. തുടർന്നുളള പത്ത് വർഷങ്ങളിൽ രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക

വികസനത്തിൻെറ വളർച്ചയിൽ ഒരു വർദ്ധനയ്ക്കുള്ള അസ്തിവാരമിടുകയാണ് അതിൻെറ ഉദ്ദേശ്യം. സാമ്പത്തിക സന്തുലനങ്ങൾ ആവിഷ്കരിക്കുമ്പോൾ നിക്ഷേപനയത്തിന്ന് പ്രത്യേകശ്രദ്ധനൽകുക നിർബ്ബന്ധമാക്കി ഇത്. മുമ്പത്തെ മൂന്നു പഞ്ചവൽസരഘട്ടങ്ങളിൽ അവയുടെ വളർച്ചനിരക്കിൽ ക്രമാനുഗതമായ ഇടിച്ചൽ ഉണ്ടായിരുന്നു. ഇത് സ്ഥിരാസ്തികളുടെ പുനർനവീകരണത്തെയും ശേഷികളുടെ വളർച്ചനിരക്കിനെയും ഒടുവിലായി, മൊത്തത്തിൽ സാമ്പത്തിക വികസനത്തെയും മന്ദീഭവിപ്പിക്കുന്നതിലേക്ക് നയിച്ചു.

ത്വരണത്തിലേക്കുള്ള കർമ്മസരണിയിൽ മുന്നോട്ടുപോകവേ, 12-ാം പഞ്ചവൽസരപദ്ധതിയനുസരിച്ച് ഉൽപാദനത്തിലെ നിക്ഷേപത്തിൻെറ വളർച്ചനിരക്കുകളെ മുമ്പത്തെ അഞ്ച് വർഷങ്ങളിലെ 16 ശതമാനത്തിനെയപേക്ഷിച്ച് 25 ശതമാനം കണ്ട് വർദ്ധിപ്പിക്കേണ്ടതാവശ്യമാണെന്ന് സി. പി. എസ്. യു. കേന്ദ്രകമ്മിററി മനസ്സിലാക്കി. സ്വാഭാവികമായും, ഇതിന്ന് ദേശീയവരുമാനവിതരണത്തിൽ ചില അനുപാതമാററങ്ങൾ—സമാഹരണനിധിക്ക്വേണ്ടി വകയിരുത്തിയിട്ടുള്ള വിഹിതം വർദ്ധിപ്പിക്കൽ—വരുത്തുക ആവശ്യമാണ്. നടപ്പ് ലക്ഷ്യങ്ങളും ദീർഘകാലലക്ഷ്യങ്ങളും കൈവരിക്കുന്നതിന്ന് ഈ നടപടി ആവശ്യമാണ്. സമാഹരണത്തിൻെറ വിഹിതത്തെ തുടർന്ന് സ്ഥിരീകരിക്കുകയും ഒട്ടൊക്കെ കുറയ്ക്കുകപോലും വേണം.

സാമൂഹ്യോൽപാദനത്തിൻെറ വർദ്ധിതമാക്കപ്പെട്ട കാര്യക്ഷമതയുടെ സാഹചര്യങ്ങളിലാണ് ഈ നടപടി പ്രാവർത്തികമാക്കപ്പെടുക എന്ന് ഊന്നിപ്പറയേണ്ടതുണ്ട്. സോവിയററ് ജനങ്ങളുടെ ജീവിതനിലവാരത്തെ നിർണയിക്കുന്ന ഉപഭോഗത്തിൻെറ കേവലമാനങ്ങളെ ഗണ്യമായി ഉയർത്തുക സാദ്ധ്യമാക്കും ഇത്. ഞാൻ ചില സ്ഥിതിവിവരക്കണക്കുകൾ നൽകാം. 12-ാം പഞ്ചവൽസരഘട്ടത്തിൽ ഉപഭോഗനിധിയിലെ വർദ്ധന, മുമ്പത്തെ അഞ്ച് വർഷങ്ങളിലെ 5600 കോടി റൂബിളിനെ അപേക്ഷിച്ച്, 7400 കോടി റൂബിളായിത്തീരും. ജനതതിയുടെ യഥാർത്ഥവരുമാനങ്ങൾ ത്വരിതതരമായനിരക്കിൽ വർദ്ധിക്കും. നമ്മുടെ പദ്ധതികളുടെ സാമൂഹ്യചായ്വിൻെറ ദൃഢീകരണം ലാക്കാക്കിയുള്ള പാർട്ടിയുടെ ദീർഘകാലകർമ്മസരണിക്ക് തികച്ചും അനുസൃതമാണ് ഈ വികസനസ്വഭാവം.

ദേശീയസമ്പദ്വിധാനത്തെ കടുങ്ങനെയുള്ള ഒരു വികസനത്തിൻെറ പാതയിൽ നിലയുറപ്പിക്കുകയെന്ന അടിയന്തിര സാമ്പത്തിക—രാഷ്ട്രീയ കടമ നിറവേററുന്നതിന്ന് 12-ാം പഞ്ചവൽസരഘട്ടത്തിൽ നിർണായകമായ ഒരു നടപടി കൈക്കൊള്ളേണ്ടതുണ്ട്. മുഖ്യ വിഭവങ്ങളുടെ വർദ്ധനനിരക്കുകൾ ഗണ്യമായി കുറയ്ക്കുകയും അതേസമയം പ്രവൃത്തിയുടെ എല്ലാ ഗുണനിലവാരസൂചകങ്ങളേയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തുകൊണ്ട് അന്തിമഫലങ്ങളുടെ വർദ്ധനവിന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.

| | അഞ്ച് വർഷങ്ങളിലെ വർദ്ധന (ശതമാനം) | | വളർച്ചനിരക്കുകളുടെ വർദ്ധന (+), ഇടിവ് (—). |
|---|---|---|---|
| | 1981—1985-ൽ | കരട് മാർഗ്ഗരേഖകളനുസരിച്ച് 1986—1990-ൽ | |
| **I. ഉൽപാദനഫലങ്ങൾ** | | | |
| ദേശീയവരുമാനം, ഉപഭോഗത്തിനും സമാഹരണത്തിനും ഉപയോഗിക്കപ്പെട്ട വിഹിതം | 17 | 19 — 22 | + 2–5 |
| വ്യാവസായികോല്പാദനം | 20 | 21 — 24 | + 1–4 |
| കാർഷികോൽപാദനം (ശരാശരി വാർഷിക പരിമാണം) | 6 | 14 — 16 | + 8–10 |
| **II. മുഖ്യവിഭവങ്ങൾ** | | | |
| ഭൗതികോൽപാദനത്തിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം | 2.3 | 0.5 | —1.8 |
| സ്ഥിരോല്പാദനാസ്തികൾ | 37 | 30 | — 7 |
| അദ്ധ്വാനവസ്തുക്കളുടെ ഉൽപാദനം | 17 | 15 | — 2 |

സാമൂഹ്യാദ്ധ്വാനോൽപാദനക്ഷമത 20 – 23 ശതമാനം വർദ്ധിപ്പിക്കാൻ മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. കഴിഞ്ഞ പഞ്ചവൽസരഘട്ടത്തിൽ ഈ വർദ്ധന 16.5 ശതമാനമായിരുന്നു. ദേശീയവരുമാനത്തിലെയും വ്യവസായോൽപാദനത്തിലെയും ഭൗതികോൽപാദനത്തിന്റെ മററ് ശാഖകളിലെയും ഏറെക്കുറെ മുഴുവൻ വർദ്ധനയും കൂടുതലുയർന്ന അദ്ധ്വാനോൽപാദനക്ഷമതയിലൂടെ കൈവരിക്കാൻ ഇദംപ്രഥമമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. പുതിയ പഞ്ചവൽസരഘട്ടത്തിന്റെ അടിസ്ഥാനപരമായ സവിശേഷതകളിൽ ഒന്നാണിത്. തൊഴിൽശക്തിയുടെ വളർച്ചനിരക്ക് ഈ വർഷങ്ങളിൽ കുറയും. അത് 3200000 മാത്രമാകും. അദ്ധ്വാനോൽപാദനക്ഷമതയുടെ ആസൂത്രിതവളർച്ചയില്ലെങ്കിൽ ദേശീയസമ്പദ്വിധാനത്തിന്ന് 220 ലക്ഷം ആളുകൾ കൂടുതലായി വേണ്ടിവരും, നമുക്ക് അത്രയും തൊഴിലാളികളെ കിട്ടാൻ സാധ്യതയില്ല. 12-ാം പഞ്ചവൽസരഘട്ടത്തിൽ നിലവിലുള്ള വർദ്ധനകൊണ്ട് കാര്യങ്ങൾ നിറവേററാൻ കഴിയുമെന്ന് മാത്രമല്ല അതിനെ ഏതാണ്ട് മുഴുവനായി വിദ്യാഭ്യാസത്തിലേക്കും ആരോഗ്യസംരക്ഷണത്തിലേക്കും മററു സാമൂഹ്യ-സാംസ്കാരികമണ്ഡലങ്ങളിലേക്കും തിരിച്ചുവിടാനും കഴിയുമെന്ന് തോന്നുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലാകട്ടെ തൊഴിൽശക്തിയിലെ വർ

ദ്ധന ഏറെക്കുറെ തുല്യമായി ഉൽപാദന-ഉൽപാദനേതരമണ്ഡലങ്ങളിൽ വിതരണം ചെയ്യപ്പെടുകയാണുണ്ടായത്.

പാർട്ടി ആവിഷ്കരിച്ച കർമ്മസരണിയനുസരിച്ച്, ഇന്ധനത്തിലെയും അസംസ്കൃതപദാർത്ഥങ്ങളിലെയും മററ് പദാർത്ഥങ്ങളിലെയും അതിരേക ആവശ്യങ്ങൾ നിറവേററുന്നതിന്നുള്ള മുഖ്യ സ്രോതസ്സായി സമ്പദ്വിധാനത്തെ മാററുക പോലുള്ള പ്രധാനപ്പെട്ട കടമയുടെ പൂർത്തീകരണത്തിന്ന് ഗണ്യമായി വേഗം കൂട്ടണം. അടുത്ത അഞ്ചു വർഷങ്ങളിൽ മുഖ്യ വിഭവങ്ങൾക്കുവേണ്ടിയുള്ള ഡിമാണ്ടിന്റെ വർദ്ധനവിലെ 60 – 65 ശതമാനത്തെ ഈ സ്രോതസ്സ് നിറവേററുമെന്ന് കരുതപ്പെടുന്നു. തൽഫലമായി 1990-ൽ ഭൗതികനിക്ഷേപങ്ങളിലെ മിച്ചം, മൊത്തത്തിൽ ദേശീയ സമ്പദ്വിധാനത്തിൽ ഇരട്ടിക്കും. ഈ തോതിൽ വിഭവശേഷി മിച്ചപ്പെടുത്തൽ നമ്മുടെ രാജ്യത്ത് അഭൂതപൂർവ്വമാണ്. നമ്മുടെ വികസനത്തിന്റെ ഇപ്പോഴത്തെ ഘട്ടത്തിന്റെ വസ്തുനിഷ്ഠമായ ആവശ്യങ്ങളെ അത് പ്രതിഫലിപ്പിക്കുന്നു.

വിഭവം മിച്ചപ്പെടുത്തുകയെന്ന പ്രശ്നം പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ വിവിധങ്ങളാണ്. അധുനാതന സാങ്കേതികവിദ്യയുടെയും അധുനാതന ഉൽപാദനസങ്കേതങ്ങളുടെയും സംഘടനാരൂപങ്ങളുടെയും വിപുലമായ ഉപയോഗവും ഫലപ്രദമായ ഒരു സാമ്പത്തിക യന്ത്രവിധാനവുമെന്നാണ് ഒന്നാമതായും ഇതിന്നർത്ഥം. അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളും എല്ലാ സോവിയററ് ജനങ്ങളും പ്രചോദിതരായിത്തീരുകയും ഈ വലിയ ഉത്തരവാദിത്വത്തിൽ സജീവപങ്കാളികളായിത്തീരുകയും ചെയ്യുന്ന തരത്തിലുള്ള ധാർമ്മിക, സദാചാരകാലാവസ്ഥ എല്ലാ തൊഴിൽകൂട്ടായ്മകളിലുമുണ്ടാകുമെന്നുമാണിതിന്നർത്ഥം.

പുനഃശുദ്ധീകരിച്ച വിഭവങ്ങളുടെ പരമാവധി വിനിയോഗമെന്നുമാണ് ഇതിന്നർത്ഥം. തനിപ്പെട്ട റിപ്പബ്ലിക്കുകളിൽ തികച്ചും ഗണ്യമായ, വിധായകമായ അനുഭവം ആർജ്ജിച്ചിട്ടുണ്ടെങ്കിലും—ഉദാഹരണത്തിന്ന് ഉക്രെനിയൻ എസ്. എസ്. ആറിൽ—വ്യാവസായികോൽപാദനത്തിൽ അത്തരം വിഭവങ്ങൾ ഉപയോഗിക്കുന്നതിന്റെ അനുപാതം ഇപ്പോഴും ഗണ്യമായതല്ല. സഹോദര സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഈ മണ്ഡലത്തിൽ ശ്രദ്ധേയങ്ങളായ നേട്ടങ്ങളുണ്ടായിട്ടുണ്ട്. പുനഃശുദ്ധീകരിച്ച അസംസ്കൃതപദാർത്ഥങ്ങളുടെ അനുപാതം ഭാവിയിൽ ഗണ്യമായി, ശരാശരി, ചുരുങ്ങിയത് 10 – 12 ശതമാനം കണ്ട് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മന്ത്രാലയങ്ങളുടെ തലവൻമാരും യൂണിയൻ റിപ്പബ്ലിക്കുകളുടെ നേതാക്കളും ഈ കാര്യത്തോടുള്ള സമീപനം പാടെ മാററണം. ആലങ്കാരികമായി പറഞ്ഞാൽ പലപ്പോഴും അവർ വമ്പിച്ച സമ്പത്തിൻമേൽ കുത്തിയിരുന്ന് അസംസ്കൃതപദാർത്ഥക്കമ്മിയുള്ളതായി പരാതിപ്പെട്ടുകൊണ്ടിരിക്കയാണ് ചെയ്യുന്നത്. മാത്രമല്ല, പരിസ്ഥിതിയുടെ മേൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന വമ്പിച്ച ദോഷങ്ങളെയും നാം ശ്രദ്ധിക്കണം. പുനഃശുദ്ധീകരിക്കപ്പെട്ട വിഭവങ്ങളുടെ വിനിയോഗത്തെ യു. എസ്. എസ്. ആർ. സ്റ്റേററ് ആസൂത്രണകമ്മിററിയും യു. എസ്. എസ്. ആർ. സ്റ്റേററ് സപ്ലൈസ് കമ്മിററിയും തത്വാധിഷ്ഠിതമായ നിലപാടുകളിൽ, സ്റ്റേററിന്റെ താൽപര്യങ്ങൾ മനസ്സിൽവെച്ചുകൊണ്ട്, സമീപിക്കണം.

കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലടങ്ങിയിട്ടുള്ള മുഖ്യ പ്രശ്നങ്ങളിൽ, ഉൽപന്നത്തിന്റെ ഗുണനിലവാരവും പ്രവൃത്തിയുടെ ഗുണനിലവാരവും ആണ് ഏററവും പ്രധാനവും അടിയന്തിരവുമായിട്ടുള്ളത്. ഇതൊരു സാമ്പത്തികപ്രശ്നം മാത്രമല്ല പ്രത്യുത ഒരു രാഷ്ട്രീയപ്രശ്നം കൂടിയാണ്. ഹ്രസ്വമായ ഒരു കാലയളവിന്നുള്ളിൽ പല തരം ഉൽപന്നങ്ങളുടെയും ഉൽപാദനത്തിന്റെ പരിമാണത്തിൽ നാം ലോകത്തിൽ മുൻപന്തിസ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. ഗുണനിലവാരമെന്ന പ്രശ്നത്തെ നമുക്കിപ്പോൾ അക്ഷീണയത്നംകൊണ്ട് പരിഹരിക്കാൻ കഴിയും, പരിഹരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ഗുണനിലവാരത്തെ സംബന്ധിച്ച കാര്യങ്ങളുടെ സ്ഥിതിയിൽ അടിസ്ഥാനപരമായ ഒരു അഭിവൃദ്ധിപ്പെടൽ ഇല്ലാതെ പ്രധാനപ്പെട്ട ഒരൊററ ഉൽപാദനപ്രശ്നവും അല്ലെങ്കിൽ സാമൂഹ്യപ്രശ്നവും പരിഹരിക്കാൻ കഴിയാത്ത ഒരു നിലയിലെത്തിയിരിക്കുന്നു ദേശീയസമ്പദ്വിധാനം.

ഉൽപന്നത്തിന്റെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തുകയെന്നത് അവസാനവിശകലനത്തിൽ, അതിന്റെ പരിമാണത്തിന്റെ കൂടി പ്രശ്നമാണ്. വിഭവങ്ങൾ മിച്ചപ്പെടുത്തുന്നതിന്റെയും സമുദായത്തിന്റെ ആവശ്യങ്ങൾ പൂർണ്ണതരമായി നിറവേററുന്നതിന്റെയും പ്രശ്നമാണ്. ഞാനൊരുദാഹരണം പറയാം. ടയറുകളുടെ പ്രശ്നം ഈ രാജ്യത്ത് എത്ര രൂക്ഷമാണെന്നത് സുവിദിതമാണ്. പെട്രോകെമിക്കൽ വ്യവസായമന്ത്രാലയത്തിന്നും ഇതറിയാം. ഈ പ്രശ്നം പരിഹരിക്കുന്നതിന്നുള്ള ഏററവും യുക്തിസഹമായ മാർഗ്ഗം ടയറുകളുടെ ആയുർദൈർഘ്യം വർദ്ധിപ്പിക്കുകയാണ്. ഈ സൂചകത്തെ 10 ശതമാനംകണ്ട് വർദ്ധിപ്പിക്കുന്നത്, കൊല്ലത്തിൽ അറുപത് ലക്ഷം ടയറുകൾ ഉൽപാദിപ്പിക്കുന്നതിന്ന് സമമായിരിക്കും. സമ്പദ്വിധാനത്തിന്റെയും ജനതതിയുടെയും ആവശ്യങ്ങൾ നിറവേററുന്നതിൽ ഇന്ന് നമുക്കുള്ള കമ്മി ഏതാണ്ടിത്രയുമാണ്. ഇത്തരത്തിലുള്ള പല ഉദാഹരണങ്ങളും നൽകാൻ കഴിയും.

പരമോന്നത ഗുണനിലവാരമുള്ള വ്യാവസായികോൽപന്നങ്ങളുടെ അനുപാതം അടുത്ത അഞ്ച് വർഷങ്ങളിൽ ഏതാണ്ട് ഇരട്ടിപ്പിക്കുന്നതിന്ന് കരട് മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. ഇതിന്ന് പ്രമാണനത്തിന്റെ പങ്കും വസ്തുനിഷ്ഠസ്വഭാവവും ഗണ്യമായി ഉയർത്തേണ്ടത് ആവശ്യമാണ്. ഗുണനിലവാരക്കുറവിനെ വെച്ചുപൊറുപ്പിക്കുന്ന വ്യവസായകസ്ഥാപനങ്ങൾക്ക് ഭൗതികവും ധാർമ്മികവുമായ ശിക്ഷയേകുന്ന സാമ്പത്തികയന്ത്രവിധാനത്തെ ഫലപ്രദമായി വിനിയോഗിക്കുകയെന്നത് ഇന്നത്തെ അടിയന്തിരപ്രശ്നമാണ്. മറിച്ച്, അധുനാതനമായ ഉയർന്ന ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന തൊഴിൽകൂട്ടായ്മകളെ, അത്തരം ഒട്ടേറെ കൂട്ടായ്മകൾ നമുക്കുണ്ട്, പ്രോൽസാഹിപ്പിക്കണം, ആ പ്രോൽസാഹനം ഉദാരമായിരിക്കുകയും വേണം. ഇതു സംബന്ധിച്ച് ഇപ്പോൾ പ്രധാനപ്പെട്ട തീരുമാനങ്ങൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു: വേതനങ്ങളിൽ ഗണ്യമായ വർദ്ധനവുകളും കർശനമായ വിലക്കുകളും ഏർപ്പെടുത്തിയിരിക്കുന്നു. ഗുണനിലവാരം സംബന്ധിച്ച പുതിയ നിബന്ധനകൾ ആരെയും ഓർക്കാപ്പുറത്ത് പിടികൂടാതിരിക്കാൻ വ്യാവസായിക സൗകര്യങ്ങളും അസോസിയേഷനുകളും അവയുടെ പ്രവർത്തനത്തെ ത്വരിതഗതിയിൽ പുനഃക്രമീകരിക്കണം.

ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തുകയെന്നത് ദേശവ്യാപകമായ ഒരു കടമയാണ്. ആധുനികശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സിദ്ധികളെയും ജനങ്ങളുടെ മുൻകയ്യിനെയും ക്രിയാത്മക പ്രവർത്തനത്തെയും ആശ്രയിച്ചുകൊണ്ട് എല്ലാ മാനേജ്മെന്റ് സമിതികളുടേയും, എല്ലാ സ്ഥാപനങ്ങളുടേയും അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളുടേയും യത്നങ്ങൾകൊണ്ട് മാത്രമേ അത് നിറവേററാനാവുകയുള്ളു. സാമ്പത്തികവും ഭരണപരവും വിദ്യാഭ്യാസപരവുമായ എല്ലാ ഉപാധികളും ഇക്കാര്യത്തിൽ ഉപയോഗിക്കണം. ഇതിൽ അർദ്ധനടപടികളെ വെച്ചുപൊറുപ്പിച്ചുകൂട, കൈക്കൊള്ളപ്പെട്ട തീരുമാനങ്ങൾ നിറവേററുന്നതിന്ന് പരമാവധി ശക്തി സംഭരിക്കണം. സ്ഥിരോൽസാഹവും സുസ്ഥിരതയും ഉണ്ടായിരിക്കണം. അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങൾക്കുമുള്ള, സി. പി. എസ്. യു. കേന്ദ്രക്കമ്മിററിയുടെ കത്തിൽ ഗുണനിലവാരമെന്ന പ്രശ്നത്തെ അവതരിപ്പിച്ചിട്ടുള്ളത് ഇങ്ങിനെയാണ്. അങ്ങിനെ വേണം അത് പരിഹരിക്കാനും.

സഖാക്കളേ, കരട് മാർഗ്ഗരേഖകൾ ഉൽപാദനവർദ്ധനവിന്നും ജനങ്ങളുടെ ജീവിതസുഖം അഭിവൃദ്ധിപ്പെടുത്തുന്നതിന്നും വേണ്ടി അത്യധികം ഉത്തരവാദിത്വപൂർണ്ണവും വിഷമകരവുമായ കുറിമാനങ്ങളാണ് മുൻവെച്ചിട്ടുള്ളത്. നമ്മുടെ മാതൃഭൂമിയെ കാത്തുരക്ഷിക്കുന്നതിന്ന് സോവിയററ് സായുധസേനകൾക്ക് ആവശ്യമുള്ള സകലതും ഈ വർഷങ്ങളിൽ അവയ്ക്ക് നൽകുന്നതിന്നുള്ള വ്യവസ്ഥയും അതിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു. പാർട്ടിയുടെ ദീർഘകാലതന്ത്രത്തിന്ന് തുടക്കം കുറിക്കുന്ന 12-ാം പഞ്ചവൽസരപദ്ധതി നമ്മുടെ സമ്പദ്‌വിധാനത്തെ സംബന്ധിച്ചിടത്തോളം എല്ലാംകൊണ്ടും ഒരു വഴിത്തിരിവായിത്തീരണം — വളർച്ചനിരക്കുകളുടെ വീക്ഷണകോണിൽനിന്നും കാര്യക്ഷമതയുടെ വീക്ഷണകോണിൽനിന്നും. പഞ്ചവൽസരപദ്ധതികൾ പൂർത്തീകരിക്കുന്ന രീതിയിലും അതൊരു വഴിത്തിരിവായിത്തീരണം.

പഞ്ചവൽസരപദ്ധതികളുടെ പൂർത്തീകരണത്തെ മുഖ്യമായും അവസാനവർഷങ്ങളിലേക്ക് മാററിവെച്ചിരുന്ന കഴിഞ്ഞകാലത്തുനിന്ന് നിഗമനങ്ങൾ ഉൾക്കൊള്ളണം. സി. പി. എസ്. യു. കേന്ദ്രകമ്മിററിയുടെ ഒരു നിർദ്ദേശം 1986-ൽ, നടപ്പ് പഞ്ചവൽസരപദ്ധതിയുടെ ആദ്യവർഷത്തിൽതന്നെ പഞ്ചവൽസരപദ്ധതിയുടെ നിയോഗങ്ങളെ കൂടുതൽ സമമായ നിലയിൽ വീതിക്കുകയും അങ്ങിനെ അതിന്റെ നിർവ്വഹണത്തിന്ന് യഥാർത്ഥ്യോചിതമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്ക സാദ്ധ്യമാക്കുന്ന തരത്തിൽ ദേശീയ സമ്പദ്‌വിധാനത്തിന്റെ വികസനത്തിന്നുള്ള നിരക്കുകൾക്ക് വ്യവസ്ഥചെയ്യുന്നു. ഇതെല്ലാം, പഞ്ചവൽസരപദ്ധതിയുടെ തുടക്കംതൊട്ടുതന്നെ കഠിനപ്രയത്നം ആവശ്യമാക്കുന്നു, തുടർന്നുള്ള വർഷങ്ങളിൽ ആവശ്യമായ താളക്രമം മുൻവെയ്ക്കുകയും ചെയ്യുന്നു.

ലഭ്യമായ സംഘടനാപരവും സാമൂഹ്യവുമായ ശേഷിസാദ്ധ്യതകളെ സജ്ജമാക്കുന്നതിൽ സമയം ഒട്ടും നഷ്ടപ്പെടുത്തിക്കൂട. ത്വരണത്തിന്റെ മുഖ്യ, ദീർഘകാലഘടകങ്ങളെ, ഒന്നാമതായും ശാസ്ത്ര-സാങ്കേതിക പുരോഗതി, ചലനക്ഷമമാക്കുകയും വേണം. ഈ പ്രവർത്തനദിശകളെയെല്ലാം ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ നമുക്ക് നമ്മുടെ പദ്ധതി

കാം പ്രാവർത്തികമാക്കുവാനും മുൻവെയ്ക്കപ്പെട്ട സാമൂഹ്യ കുറിമാനങ്ങൾ കൈവരിക്കുവാനും കഴിയുകയുള്ളൂ

## IV. 12–ാം പഞ്ചവൽസരപദ്ധതിക്കാലത്ത് സാമ്പത്തികതീവ്രവീകരണത്തിൻെറ കർമ്മസരണികൾ

### 1. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കൽ: തീവ്രവീകരണത്തിൻെറ മുഖ്യ ഉത്തോലകം

സർവ്വതോമുഖമായ തീവ്രവീകരണം എന്നതാണ് പാർട്ടിയുടെ നയം. ശാസ്ത്രീയവും സാങ്കേതികവുമായ വിപ്ലവത്തിൻെറ ഇന്നത്തെ ദിശയിൽ കണക്കററ ശേഷിസാദ്ധ്യതകൾ അതിന്ന് ആസ്പദമായുണ്ട്. കമ്യൂണിസം കെട്ടിപ്പടുക്കുന്നതിന്നു നാം ശാസ്ത്രത്തേയും സാങ്കേതികവിദ്യയേയും പ്രയോഗത്തിൽ കൊണ്ടുവരണമെന്ന് ലെനിൻ പറഞ്ഞ വാക്കുകൾ പണ്ടെന്നത്തേക്കാൾ ഇന്ന് പ്രസക്തമാണ്. ശാസ്ത്രത്തേയും സാങ്കേതികവിദ്യയെയും പ്രാവർത്തികമാക്കുക എന്നാൽ ഇന്നു അർത്ഥം ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ അഗ്രിമരംഗങ്ങളെ ത്വരിപ്പിക്കുക എന്നാണ്; പുരോഗമനോൻമുഖമായ എല്ലാററിൻേറയും സത്വരവും വ്യാപകവുമായ പ്രയോഗം ഉറപ്പു ചെയ്യുക എന്നാണർത്ഥം; ഉൽപാദകശക്തികളെ ഗുണാത്മകമായി പരിവർത്തനപ്പെടുത്തുക എന്നാണർത്ഥം. സോഷ്യലിസ്റ്റ് സമുച്ചയത്തിൽപെട്ട രാജ്യങ്ങൾ ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങളെ കൂട്ടായി വികസിപ്പിക്കുകയും ഫലപ്രദമായുപയോഗപ്പെടുത്തുകയും വിശ്വവ്യാപകമായ അദ്ധ്വാനവിഭജനത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക എന്നുകൂടി അതിന്നർത്ഥമുണ്ട്.

നമ്മുടെ രാജ്യം ശാസ്ത്രവും സാങ്കേതികവിദ്യയും അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ എന്നും പ്രത്യേകശ്രദ്ധ പതിപ്പിച്ചുപോന്നിട്ടുണ്ട്. നാം ചുരുങ്ങിയ ഒരു കാലയളവിന്നുള്ളിൽ ഉജ്ജ്വലമായ ശാസ്ത്രീയശേഷി പടുത്തുയർത്തി. സാമ്പത്തികവും രാജ്യരക്ഷാപരവുമായ പ്രധാന കടമകൾ ഓരോ ഘട്ടത്തിലും വിജയകരമാംവിധം നിറവേററുക അതുമൂലം നമുക്കു സാധിച്ചു. പ്രസ്താവ്യങ്ങളായ ഗവേഷണ-വികസനഫലങ്ങളും ഉന്നതാശയങ്ങളും നമുക്കു കൈമുതലായുണ്ട്. എന്നാലും. പുരോഗമനോൻമുഖങ്ങളായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിൽ നാം പലപ്പോഴും പിന്തങ്ങുന്നുവെന്നത് ഒരു രഹസ്യമല്ല. നമ്മുടെ നാട്ടിൽ പിറവികൊണ്ട ചില സാങ്കേതികവിദ്യകൾപോലും അവയിലുൾപ്പെടുന്നു. ഈ സ്ഥിതിവിശേഷത്തിന്ന് ഒരൊററ വിശദീകരണമേയുള്ളൂ. സാങ്കേതികവിദ്യാനയത്തിൽ മന്ത്രാലയങ്ങൾ നടത്തിയ തെററായ കണക്കുകൂട്ടലുകളും ഭാവി നോക്കിക്കാണുവാനുള്ള അവയുടെ വൈമുഖ്യവുമാണ് അതിന്നു കാരണം.

1985 ഏപ്രിലിൽ നടന്ന സി. പി. എസ്. യു. സെൻട്രൽ കമ്മിററി പ്ലീനവും 1985 ജൂണിൽ പാർട്ടിയുടെ സെൻട്രൽ കമ്മിററിയിൽ നടന്ന

സമ്മേളനവും. ഗഹനമായ ഒരു വിശകലനത്തിന്റെ അടിസ്ഥാനത്തിൽ, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിക്കുള്ള മാർഗ്ഗതടസ്സങ്ങൾ ആക്കപൂർവ്വം നീക്കംചെയ്യുന്ന കാര്യം ഊക്കോടെ അവതരിപ്പിക്കുകയുണ്ടായി. പുരോഗതിയുടെ എല്ലാ ദിശകളിലും മൗലികപ്രധാനങ്ങളായ വിപ്ലവപരിവർത്തനങ്ങൾ വരുത്തുന്ന പ്രശ്നവും ഉന്നയിച്ചു. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുന്നതിന്ന് പാർട്ടി ആവിഷ്കരിച്ച കർമ്മതന്ത്രം ഇപ്രകാരമാണ്: ഒന്ന്, ശാസ്ത്രവും സാങ്കേതികവിദ്യയും വിശാലമായ ഒരു മുന്നണിയിൽ മുന്നോട്ടു കൊണ്ടുപോകവേ, കൈയിലുള്ള വിഭവങ്ങൾ മുഖ്യ തുറകളിൽ കേന്ദ്രീകരിക്കുക; രണ്ട്, പ്രയോഗത്തിൽ പരീക്ഷിച്ചറിഞ്ഞ വിശ്വസനീയങ്ങളായ സാങ്കേതിക നൂതനരീതികൾ വ്യാപകമായി പ്രയോഗിക്കുവാനുള്ള സാദ്ധ്യത പ്രദാനം ചെയ്യുക. അവ കാലഹരണപ്പെടുംമുമ്പ് അവയിൽനിന്ന് പരമാവധി പ്രതിഫലം ഈടാക്കുവാൻ കഴിയും. മൂന്ന്, അദ്ധ്വാനോൽപാദനക്ഷമത വലിയ തോതിൽ ഉയർത്തിക്കൊണ്ടു മൗലികമായി പുതിയ സാങ്കേതികവിദ്യയിലേക്കും ഉൽപാദനമുറകളിലേക്കും നയിക്കുമാറുള്ള ഗവേഷണവും വികസനവും വേഗത്തിലും സോദ്ദേശമായും നിറവേററുക. ഈ പ്രശ്നങ്ങളുടെ പരിഹാരം 12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് പ്രായോഗികാടിസ്ഥാനത്തിലാക്കപ്പെടും.

മുന്തിയ ഉൽപാദനമുറകൾ വിപുലമായി വികസിപ്പിക്കുക എന്നത് ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ ഏററവും പ്രധാനപ്പെട്ട കർമ്മസരണികളിലൊന്നാണ്. ഈ പാത അവലംബിച്ചുകൊണ്ടുമാത്രമേ ഉൽപാദനത്തിന്റെ വെവ്വേറെ തരങ്ങളിൽ മാത്രമല്ല മുഴുവൻ വ്യവസായങ്ങളിൽക്കൂടി ഗുണപരമായി പുതിയ നിലവാരത്തിലേക്ക് നയിക്കുന്ന പുരോഗതി കൈവരിക്കുവാൻ നമുക്കു കഴിയുകയുള്ളു. 12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഓരോ വ്യവസായത്തിലും പുരോഗമനോൻമുഖങ്ങളായ അടിസ്ഥാന സാങ്കേതികവിദ്യകളുടെ വിനിയോഗം 1½–2 മടങ്ങുകണ്ടു വിപുലപ്പെടുത്തുവാൻ നാം ഉദ്ദേശിക്കുന്നു. മെംബ്രെയ്ൻ, ലാസർ, പ്ലാസ്മാ, അൾട്രാ ഹൈപ്രഷേർസ്, ഇമ്പൾസ് ലോഡ്സ് തുടങ്ങിയവപോലുള്ള മൗലിക നവങ്ങളായ ഉൽപാദനസമ്പ്രദായങ്ങൾക്ക് പ്രശസ്തമായ ഒരു സ്ഥാനം ലഭിക്കും. ഈ സമ്പ്രദായങ്ങൾ പ്രയോഗിക്കപ്പെടുന്ന തോത് പല മടങ്ങുകണ്ട് വർദ്ധിക്കും. വമ്പിച്ച സാമ്പത്തികഫലമുളവാക്കുമിതെന്നതിൽ സംശയമില്ല.

ഉൽപാദനത്തിന്റെ ഓട്ടോമേഷനും യന്ത്രവൽക്കരണവുമാണ് മററൊരു തുറ. പണിസ്ഥലങ്ങളെ അടിമുടി രൂപപരിവർത്തനപ്പെടുത്തുകയും തൊഴിലാളികളുടെയും കൂട്ടുകൃഷിക്കാരുടെയും ബുദ്ധിജീവികളുടെയും പ്രവൃത്തി പൂർവ്വാധികം ഉൽപാദനക്ഷമവും സൃഷ്ട്യുൻമുഖവും ആകർഷണീയവുമാക്കിത്തീർക്കുകയും ചെയ്യുമത്. പാർട്ടി മുൻവെച്ച മുഖ്യ സാമൂഹ്യലക്ഷ്യങ്ങളിൽ ഒന്നാണ് അത്. ദേശീയസമ്പദ്വിധാനത്തിൽ ഓട്ടോമേഷന്റെ നിലവാരം കലമേനിക്ക് ഇരട്ടിയായിത്തീരും. 5000-ഓളം സ്വയംപ്രവർത്തകപ്രക്രിയാനിയന്ത്രണവിധാനങ്ങൾ വ്യവസായത്തിൽ നടപ്പാക്കപ്പെടും.

കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലെയും ദേശീയസമ്പദ്വിധാനത്തിന്റെ കമ്പ്യൂട്ടർവൽക്കരണത്തിലെയും വിപ്ലവത്തെ ആധാരമാക്കിയുള്ളതാണ്

ഓട്ടോമേഷനിലെ ഇന്നത്തെ ഘട്ടം. പുതിയ തലമുറകളിൽപെട്ട എല്ലാ തരം കമ്പ്യൂട്ടറുകളും വരുന്ന അഞ്ചു കൊല്ലക്കാലത്ത് രൂപകൽപന ചെയ്തു വികസിപ്പിക്കപ്പെടും. സൂപ്പർ കമ്പ്യൂട്ടർകൾതൊട്ട് സ്കൂൾ അദ്ധ്യാപനത്തിന്നുള്ള വ്യക്തിഗതകമ്പ്യൂട്ടറുകൾവരെ അവയിലുൾപ്പെടും. ഈ അഞ്ചാണ്ടു കാലത്ത് കമ്പ്യൂട്ടറുകളുടെ മൊത്തം ഉൽപാദനം 2.3 മടങ്ങ് കണ്ട് വർദ്ധിപ്പിക്കും. എല്ലാ വ്യവസായങ്ങൾക്കുംവേണ്ടി ഉൽപാദിപ്പിക്കപ്പെടുന്ന യന്ത്രസാമഗ്രികളുടെ വൻതോതിലുള്ള കമ്പ്യൂട്ടർവൽക്കരണം കുറിമാനമായി നാം മുൻവെക്കുന്നു. ഭാവി ഈ സാങ്കേതികവിദ്യക്കുള്ളതാണ്.

12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഓട്ടോമേഷന്റെ ഒരു ലക്ഷണവിശേഷം റോബട്ടിക്സ്, റോട്ടോറ്ലൈൻസ്, റോട്ടറി കൺവേയേർസ് എന്നിവയുടേയും ഉയർന്ന ഉൽപാദനക്ഷമത ഉറപ്പു ചെയ്യുന്ന അനുനേയ നിർമ്മാണവിധാനങ്ങളുടേയും സത്വര വിപുലനമാണ്. ഉദാഹരണത്തിന്, വ്യാവസായിക റോബട്ടുകളുടെ സംഖ്യ ഈ അഞ്ചു വർഷങ്ങളിൽ മൂന്നു മടങ്ങുകണ്ടു വർദ്ധിക്കും.

നമുക്കു കാണാവുന്നപോലെ ഗണ്യമായ തോതാണിത്. മുന്തിയതും വിലപിടിച്ചതുമായ ഈ സാമഗ്രികളുടെ പ്രയോഗത്തിന്റെ കാര്യത്തിൽ മൗലികമായി പുതിയ ഒരു സമീപനം ആവശ്യമാണ്. പല മന്ത്രാലയങ്ങളും തീരേ അപര്യാപ്തമായ രീതിയിലാണ് അവ ഉപയോഗിച്ചുവരുന്നത്. ഉദാഹരണത്തിന്, യു. എസ്. എസ്. ആർ. ജനകീയനിയന്ത്രണക്കമ്മിററി പുറപ്പെടുവിച്ച വസ്തുസ്ഥിതിവിവരങ്ങൾപ്രകാരം, എലെക്ട്രിക്കൽ എഞ്ചിനിയറിങ്ങ് വ്യവസായ മന്ത്രാലയത്തിന്റെ പ്ലാൻറുകളിൽ അതീവ ഉൽപാദനക്ഷമങ്ങളായ സംസ്കരണകേന്ദ്രങ്ങൾ പൂർണ്ണതോളവിൽ പ്രവർത്തിക്കുന്നില്ല. ചിലവ അലസമായിക്കിടക്കുന്നു. കാർഷികയന്ത്രമന്ത്രാലയത്തിന്റേയും പവർ എഞ്ചിനീയറിങ്ങ് മന്ത്രാലയത്തിന്റേയും പല സ്ഥാപനങ്ങളിലും ഡിജിററൽ പ്രോഗ്രാംഡ് മെഷീൻ ടൂളുകൾ ദിവസത്തിൽ ഒരു ഷിഫ്ററിൽ കുറവായേ ഉപയോഗപ്പെടുത്തുന്നുള്ളു. അത്തരം പ്രവർത്തനം ഏററവും പുതിയ സാങ്കേതികവിദ്യയുടെ ശേഷിസാദ്ധ്യതകളെ വിലകെടുത്തുകയും സമ്പദ്വിധാനത്തിന്ന് വലിയ ചേതം വരുത്തുകയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷത്തിന്ന് അടിയന്തിരമായി പ്രതിവിധി ഉണ്ടാവണം.

ചിലവ് കുറഞ്ഞ തരത്തിലുള്ള ലോഹ ഉൽപന്നങ്ങളും പ്ലാസ്റ്റിക്സും മററു പുരോഗമനോൻമുഖ പദാർത്ഥങ്ങളും വ്യാപകമായുപയോഗിച്ചു സാമൂഹ്യോൽപാദനത്തിൽ പദാർത്ഥോപഭോഗം ഗണ്യമായി ചുരുക്കുക എന്നതാണുദ്ദേശം. ഈ അഞ്ചാണ്ടു കാലത്ത് പ്രസ്തുത പദാർത്ഥങ്ങളുടെ ഉൽപാദനം 30 ശതമാനത്തിലധികംകണ്ടു വർദ്ധിക്കും. അതേസമയം പാരമ്പരികപദാർത്ഥങ്ങളുടെ ഉൽപാദനത്തിൽ 6 ശതമാനം മാത്രമാണ് വർദ്ധനവുണ്ടാകുക. നമ്മുടെ ശാസ്ത്രജ്ഞൻമാർ വികസിപ്പിച്ചെടുത്തവയും ഗുണത്തിൽ ഇന്ന് ഉപയോഗത്തിലുള്ളവയേക്കാൾ മേത്തരവുമായ, മൗലികമായി പുതിയ ഘടനാപദാർത്ഥങ്ങളുടെ പ്രയോഗം ഗംഭീരമായ ഭാവിസാദ്ധ്യതകൾ പ്രദാനം ചെയ്യുന്നു. മിശ്രപദാർത്ഥങ്ങൾക്ക് ഇത് വിശേഷിച്ചു ബാധകമാണ്. അവയുടെ നിർമ്മാണം 12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് 10 - 12 മടങ്ങു കണ്ട് വർദ്ധിപ്പിക്കും.

പുതിയ യന്ത്രസാമഗ്രികളും സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിന്ന് പഞ്ചവൽസരപദ്ധതിക്കാലത്തേക്കാകെ നിശ്ചയിക്കപ്പെട്ട തോതു് സാമൂഹ്യാദ്ധ്വാനത്തിൻെറ ഉൽപാദനക്ഷമതയിൽ 65 ശതമാനത്തിലേറെ വളർച്ച ഉറപ്പു ചെയ്യുകയും വ്യവസായത്തിലെ ഉൽപാദനച്ചിലവ് 2800 കോടി റൂബിൾ കണ്ടു് കുറക്കുകയും ചെയ്യും.

ശാസ്ത്രത്തിലേയും സാങ്കേതികവിദ്യയിലേയും സത്വരപുരോഗതി ശാസ്ത്രീയാശയങ്ങളും വികാസങ്ങളും അനുസ്യൂതമായും വർദ്ധമാനമായും പുതുക്കുക ആവശ്യമാക്കിത്തീർക്കുന്നു. യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമി നടത്തുന്ന അടിസ്ഥാനഗവേഷണം ഈ രംഗത്തു് നിർണ്ണായകമായ പങ്കു് വഹിക്കുന്നു. ഉജ്ജ്വലപാരമ്പര്യങ്ങളും ഉൽകൃഷ്ടസിദ്ധികളുമുള്ള അക്കാദമിയാണതു്. കോളേജുകളിലും സർവ്വകലാശാലകളിലും നടക്കുന്ന ഗവേഷണത്തിന്നും ധാരാളം കാര്യങ്ങൾ ചെയ്യുവാൻ കഴിയും. പക്ഷേ, അതിൻെറ കണ്ടെത്തലുകൾ, തക്ക സമയത്തു് എടുത്തു് പ്രയോഗിച്ചാൽ മാത്രം, അതായതു് ശാസ്ത്ര-ഉൽപാദന പരിവൃത്തിയുടെ സമസ്ത നിലവാരങ്ങളും സുഗമമായും താളക്രമത്തിലും പ്രവർത്തിച്ചാൽ മാത്രം, ദേശീയസമ്പദ്വിധാനത്തിന്നു് പ്രയോജനപ്പെടും.

ഈ ശൃംഖലയിൽ അതീവ പ്രധാനപ്പെട്ട ഒരു കണ്ണിയാണു് സമ്പദ്വിധാനത്തിൻെറ വിവിധ ശാഖകളിൽ നടത്തപ്പെടുന്ന ഗവേഷണം. ധാരാളം ഗവേഷകരോടുകൂടി ഗവേഷണശാലകളുടേയും ഡിസൈൻ ഓഫീസുകളുടേയും ശാഖോപശാഖമായ ഒരു വലക്കെട്ടു് അതിന്നുണ്ടു്. അവ സമർത്ഥമായുപയോഗപ്പെടുത്തുന്നിടത്തെല്ലാം നല്ല ഫലങ്ങൾ സിദ്ധിക്കുന്നുണ്ടു്. എന്നാൽ, എല്ലായിടത്തും സ്ഥിതി അതല്ല. അധികപക്ഷവും, മേഖലാസ്ഥാപനങ്ങൾ, കാണത്തക്ക ഫലങ്ങൾ ഉളവാക്കാതെ, നിന്നേടത്തുനിന്നു് ചവിട്ടുകയാണു്. ചിലപ്പോൾ, അവയുടെ യത്നങ്ങൾ സങ്കുചിതവകുപ്പുതാൽപര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്നു് വിധേയമാക്കപ്പെടുന്നു. സർഗ്ഗചൈതന്യം അവയ്ക്കു് നഷ്ടപ്പെടുന്നു. നിസ്സാരപദ്ധതികളും വിഭവങ്ങളേയും ജോലിക്കാരേയും കണ്ടമാനം വാരിച്ചിതറലുമാണു് അവയുടെ സവിശേഷത. പല മന്ത്രാലയങ്ങളുടേയും തലവൻമാർക്കു് ഇതിനെപ്പററി ബോധമുണ്ടു്. എന്നാലും, അവർ അളവററ ശാസ്ത്രീയ-സാങ്കേതിക ശേഷിസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഉദാസീനവും നിരുത്തരവാദപരവുമായ ഒരു സമീപനം കൈക്കൊള്ളുന്നു. മറുവശത്തു്, തങ്ങൾക്കു് സ്വയം വിജയകരമായി വികസിപ്പിക്കുവാൻ കഴിയുന്ന അതേ യന്ത്രസാമഗ്രികളും സാങ്കേതികവിദ്യകളും വിദേശത്തുനിന്നു് വിലയ്ക്കു വാങ്ങുന്ന കാര്യത്തിൽ അസൂയാവഹമായ ഉൽസാഹം പ്രദർശിപ്പിക്കുന്നു അവർ. ദ്രോഹകരമായ ഈ നടത്തയെപ്പററി കണിശവും തത്വാധിഷ്ഠിതവുമായ ഒരു പാർട്ടിവിലയിരുത്തൽ നടക്കണം.

ഇറക്കുമതി ചെയ്യപ്പെടുന്ന സാങ്കേതികവിദ്യക്കും ഉൽപാദനസങ്കേതങ്ങൾക്കും പല മാനേജർമാരുടെ ഭാഗത്തുനിന്നുമുള്ള ഈ നെട്ടോട്ടം ഡിസൈനർമാരിൽ ദോഷഫലം ചെയ്യുന്നു. എത്ര എളുപ്പത്തിലാണു് വിദേശത്തുനിന്നു് യന്ത്രസാമഗ്രികൾ വാങ്ങുന്നതെന്നു കാണുമ്പോൾ, അവരുടെ ഉൽസാഹം തളരുകയും ആവേശം നഷ്ടപ്പെടുകയും അവർ പ്രയാസങ്ങൾക്കു് തലകുനിക്കുകയും ചെയ്യുന്നു. നമ്മൾ അന്തർദ്ദേശീയ അദ്ധ്വാന

വിഭജനത്തിൻെറയും ശാസ്ത്ര-സാങ്കേതിക പരിജ്ഞാനവിനിമയത്തിൻെറയും ഫലങ്ങൾ ഉപയോഗപ്പെടുത്തരുതെന്നല്ല പറയുന്നത്. പക്ഷേ, പ്രഥമവും പ്രധാനവുമായി നമ്മുടെ സ്വന്തം അളവററ ശാസ്ത്രീയ ശേഷിസാദ്ധ്യതകളെ നാം ആധാരമാക്കണം. പുതിയ പഞ്ചവൽസരപദ്ധതിക്കാലത്ത് മേഖലാടിസ്ഥാനത്തിലുള്ള ശാസ്ത്രീയ ഗവേഷണത്തെ നാം ഊർജ്ജസ്വലമായി അംഗീകരിക്കണം; അതിനെ ഉൽപാദനവുമായി കഴിയുന്നത്ര അടുപ്പിച്ചുകൊണ്ടുവരണം; അതിൻെറ ഭൗതികാസ്തിവാരം പയിലട്ടു പ്ലാൻറും പരീക്ഷണസൗകര്യങ്ങളും വിശേഷിച്ചും, മെച്ചപ്പെടുത്തണം; അതിന്ന് അധുനാതന ഉപകരണങ്ങളും ഗവേഷണസാമഗ്രികളും സപ്ലൈ ചെയ്യണം. തൻെറ വ്യവസായത്തിൻെറ ശാസ്ത്രീയവും സാങ്കേതികവുമായ നിലവാരത്തെ സംബന്ധിച്ചേടത്തോളം പൂർണ്ണ ഉത്തരവാദിത്വവും അതിന്നായിരിക്കണം. ഇതായിരിക്കണം അതിൻെറ നിർവ്വഹണത്തെ വിലയിരുത്തുന്ന മുഖ്യ മാനദണ്ഡം.

ഫാക്ടറി നിലവാരത്തിലുള്ള ശാസ്ത്രീയഗവേഷണത്തിൻെറ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഉൽപാദനത്തോടു എല്ലാററിലുംവെച്ച് ഏററവും അടുത്തുനിൽക്കുന്നു അത്. ഉൽപാദനവുമായി കെട്ടുപിണയുന്നു അത്. അനുഭവങ്ങൾ കാട്ടുന്നപോലെ, പുതിയ യന്ത്രസാമഗ്രികൾ വികസിപ്പിച്ച് നിർമ്മിക്കുവാൻവേണ്ട സമയം അത് ഗണ്യമായി കുറയ്ക്കുന്നു. എലെക്ട്രോസില, ഉറാൽമാഷ്, ഇവാനോവോ മെഷീൻടൂൾ പ്രൊഡക്ഷൻ അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ തങ്ങളുടെ കീർത്തിക്ക് ഏറിയ കൂറും ഫാക്ടറി ശാസ്ത്രജ്ഞരോടും ഡിസൈനർമാരോടും സാങ്കേതികവിദഗ്ദ്ധരോടും കടപ്പെട്ടിരിക്കുന്നു. ഈ ഗവേഷണത്തുറ ത്വരിതതമമായ നിരക്കിൽ വിപുലപ്പെടുത്തണം. മേഖലാഗവേഷണശാലകൾ ഗംഭീരമാംവിധം അതുമായി ഉദ്ഗ്രഥിക്കപ്പെടുകയും വേണം. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയെ നയിക്കുന്നതിന്നു നാം ഗവേഷണ-ഉൽപാദന അസോസിയേഷനുകളുടെ സംഘാടനം ത്വരിതപ്പെടുത്തണം. ഈ പ്രക്രിയ എഞ്ചിനീയറിങ്ങ് വ്യവസായത്തിൽ ആരംഭിച്ചുകഴിഞ്ഞു. മററു വ്യവസായങ്ങളിലും ഇത് സജീവമായാരംഭിക്കണം.

മുൻപന്തിയിലുള്ള ഗവേഷണസംഘടനകൾ സഞ്ചയിച്ച അനുഭവങ്ങളെ അടിസ്ഥാനമാക്കി മേഖലാന്തര ശാസ്ത്രീയ-സാങ്കേതിക സാകല്യങ്ങൾ മുൻവന്നുകൊണ്ടിരിക്കുന്നു. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ മുഖ്യ തുറകളിൽ അവ മുന്നേറുന്നു. ഗവേഷണത്തെ ഉൽപാദനവുമായി സമന്വയിക്കുന്ന ഫലവത്തായ പുതിയ മാർഗ്ഗമാണവ.

തീർച്ചയായും, മുഖ്യ കാര്യം എഞ്ചിനീയർമാരുടെയും ശാസ്ത്രജ്ഞരുടെയും ഡിസൈനർമാരുടേയും സൃഷ്ടിപരപ്രവർത്തനത്തിന്നു സാമ്പത്തികവും സാമൂഹ്യവും സംഘടനാപരവുമായ പൂർവ്വോപാധികൾ ഒരുക്കുക എന്നതാണ്. അവരാണല്ലോ ശാസ്ത്രീയാശയങ്ങൾക്കും വികാസങ്ങൾക്കും ജൻമം നൽകുന്നവർ. ഉൽപാദനത്തിൻെറ സാങ്കേതികനിലവാരം പ്രഥമവും പ്രധാനവുമായി അവരെയാണാശ്രയിക്കുന്നത്. അവരുടെ വ്യവഹാരങ്ങളെ ഉത്തേജിപ്പിക്കുവാനും അവരുടെ സാമൂഹ്യാന്തസ്സുയർത്തുവാനും അവർക്ക് കൂടുതൽ ചോദകങ്ങൾ നൽകുവാനും അനേകം പ്രമുഖ തീരുമാനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പ്രയോജനപ്രദങ്ങളായി അനുഭവപ്പെട്ട പുതിയ വേതനരൂപങ്ങൾ നടപ്പാക്കേണ്ടതുണ്ട്. കൃത്രിമസമീകരണത്തിന്റേതായ പ്രവണതകളെ തരണം ചെയ്യേണ്ടതുണ്ട്. ഉന്നതനിലവാരത്തിലുള്ള സൃഷ്ടിപര ഫലങ്ങളുളവാക്കുന്ന പ്രവർത്തനത്തെ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. ഈ വേതനരൂപങ്ങൾ നടപ്പാക്കുവാൻ പല നിർവ്വാഹകരും നിർബ്ബന്ധം പിടിച്ച ഒരു കാലമുണ്ടായിരുന്നു. അതിനാൽ, ഇന്ന് ഒരു ഡജനിൽ താഴെ സ്ഥാപനങ്ങളിലും അസോസിയേഷനുകളിലും ഈ രൂപങ്ങൾ നടപ്പാക്കപ്പെട്ടിട്ടുള്ളൂ എന്ന വസ്തുത വിശദീകരിക്കുവാൻ വിഷമമുണ്ട്. ശാസ്ത്രീയവും സാങ്കേതിവുമായ പുരോഗതിയുടെ കാര്യത്തിൽ എത്ര കടുത്ത മന്ദതയാണുള്ളതെന്ന്, എത്രയേറെ ഊർജ്ജസ്വലവും വ്യാപകവുമായ നടപടികളാവശ്യമുണ്ടെന്ന്, മേൽപറഞ്ഞവയെല്ലാം കാട്ടുന്നു.

സമ്പദ്വിധാനത്തിന്റെ ഓരോ ശാഖയിലും ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുന്നതിന്നുവേണ്ടി നാം സാമ്പത്തിക പ്രവർത്തനസംവിധാനത്തെ നിശ്ചയദാർഢ്യത്തോടെ അഴിച്ചുപണിയേണ്ടതുണ്ട്. എന്നാൽ, അതേ സമയം, മേലെക്കിടയിലുള്ള മാനേജർമാരുടെ സർവ്വപ്രഥമമായി മന്ത്രിമാരുടെ, ഉത്തരവാദിത്വം വർദ്ധിപ്പിക്കാത്ത പക്ഷം ഈ പ്രവർത്തനസംവിധാനം സ്വയമേവ ഫലമുളവാക്കുകയില്ലെന്ന് നാം ഓർക്കണം. താൻതങ്ങളുടെ വ്യവസായങ്ങളിൽ ഉൽപാദനത്തിന്റെ സാങ്കേതിക നിലവാരങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്വം അവർക്കായിരിക്കണം.

ശാസ്ത്രീയവും സാങ്കേതികവുമായ നയം സംബന്ധിച്ച പുതിയ കടമകൾ കൈകാര്യം ചെയ്യുന്നതിൽ ഒരു നല്ല ഭാഗം ശാസ്ത്രത്തിന്നും സാങ്കേതികവിദ്യക്കുമുള്ള യു. എസ്. എസ്. ആർ. സ്റ്റേറ്റുകമ്മിറ്റിയെ ആശ്രയിച്ചിരിക്കുന്നു. കമ്മിറ്റി ഈ പ്രക്രിയയിൽ തന്റെ സ്ഥാനം ഇനിയും കണ്ടെത്തിയിട്ടില്ല. കാലത്തിന്റെ ആവശ്യങ്ങൾക്കൊത്തു നീങ്ങുവാൻ അതിന്നു കഴിഞ്ഞില്ല. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ മുഖ്യ സരണികളെ സംയോജിപ്പിക്കുന്നതിലും, മേഖലാന്തര ശാസ്ത്രീയ-സാങ്കേതിക സാകല്യങ്ങളുടെ പ്രത്യക്ഷമാർഗ്ഗനിർദ്ദേശം നിറവേറ്റുന്നതിലും രാജ്യത്ത് ശാസ്ത്രീയവിവരങ്ങളുടെ വിതരണം സംഘടിപ്പിക്കുന്നതിലും കേന്ദ്രീകരിക്കണം അത്. 2000-ാം ആണ്ടുവരെയ്ക്കുള്ള, സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിക്കുള്ള സമഗ്രപരിപാടി പ്രാവർത്തികമാക്കുവാനുള്ള യത്നങ്ങളെ സംയോജിപ്പിക്കുക എന്ന അതിപ്രധാനമായ ചുമതലയും അതിനുണ്ട്. അതിനെ സംബന്ധിച്ചേടത്തോളം പുതിയ ഒന്നാണീ ചുമതല. അവസാനമായി, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ മാനേജ്മെന്റ് വിധാനത്തെ നമ്മുടെ പദ്ധതികളുടേയും നമ്മുടെ മുഴുവൻ സാമ്പത്തികജീവിതത്തിന്റേയും അവിഭാജ്യഘടകമാക്കണമെന്നുണ്ടെങ്കിൽ അതിനെയാകെ സമൂലം പുനഃസംഘടിപ്പിക്കണം. ആസൂത്രണസമ്പ്രദായത്തിന്നും ധനവ്യവഹാരത്തിന്നും വിലരൂപീകരണത്തിന്നും ചോദകവിധാനങ്ങൾക്കും സാമ്പത്തികപ്രവർത്തനസംവിധാനത്തിന്നാകെയും ഇത് ബാധകമാണ്.

ചുരുക്കത്തിൽ, സഖാക്കളേ, 12-ാം പഞ്ചവൽസരപദ്ധതിയുടെ ഒന്നാമത്തെ മുൻഗണനാ കടമ എഞ്ചിനീയറിങ്ങും മാനേജ്മെന്റും സംബന്ധി

ച്ച ഓരോ തീരുമാനവും ഉൽപാദനത്തിലേക്കുള്ള ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സംഭാവനയുടെ പ്രകൃതത്തിൽ പരിശോധിക്കപ്പെടണമെന്നതാണ്. ശാസ്ത്രീയ-സാങ്കേതികവിപ്ലവം പ്രദാനം ചെയ്യുന്ന അക്ഷയസാദ്ധ്യതകൾ വ്യവസ്ഥാപിതരീതിയിൽ ഉപയോഗപ്പെടുത്തുവാൻ സോഷ്യലിസത്തിന്റെ സാമ്പത്തികവ്യവസ്ഥ നമ്മെ സഹായിക്കുന്നു. മുതലാളിത്തത്തിൽ, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും വമ്പിച്ച നേട്ടങ്ങൾ, അവസാനവിശകലനത്തിൽ, സാമൂഹ്യവൈരുദ്ധ്യങ്ങളെ മൂർച്ഛിപ്പിക്കുന്നു. അതിൽനിന്ന് വിഭിന്നമായി സോഷ്യലിസ്റ്റ് സ്റ്റേറ്റിന്റെ കൈകളിൽ അവ സമുദായത്തെ രൂപപരിവർത്തനപ്പെടുത്തുന്നതിനുള്ള ശക്തിമത്തായ ഒരു ഉത്തോലകമാണ്. ഇതിൽ സോഷ്യലിസത്തിന്ന് ചരിത്രപരമായ ഒരു മേൻമ ഉണ്ട്. സോഷ്യലിസം അത് പൂർണ്ണാളവിൽ ഉപയോഗപ്പെടുത്തുകയും വേണം.

## 2. നിക്ഷേപണനയവും മൂലധനനിർമ്മാണവും

സജീവമായ ഒരു നിക്ഷേപണനയം പാർട്ടിയുടെ സാമ്പത്തിക കർമ്മതന്ത്രം പ്രാവർത്തികമാക്കുന്നതിൽ ഫലവത്തായ ഒരു ഉപകരണമാണ്. ഓരോ പ്രത്യേകകാലഘട്ടത്തിലും നമ്മുടെ രാജ്യത്തിന്റെ മുമ്പാകെയുള്ള മുഖ്യ കടമകളുടെ നിർവ്വഹണത്തിന്ന് വിധേയപ്പെട്ടിരിക്കുന്നു അത്. 12-ാം പഞ്ചവത്സരപദ്ധതിയിൽ നിക്ഷേപണനയത്തിന്റെ പുതിയ ലക്ഷണവിശേഷം ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപാദനത്തിന്റെ ഭൗതികാസ്തിവാരവും ഘടനയും ഗുണാത്മകമായി രൂപപരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നതിന്ന് നൽകുന്ന ഊന്നലാണ്.

മൂലധനനിക്ഷേപങ്ങളിലെ വർദ്ധന നടപ്പ് പഞ്ചവത്സരപദ്ധതിയിൽ ഗണ്യമാംവിധം വമ്പിച്ചതാകും. 17000 കോടി റൂബിൾവരെ പോകുമത്. 1981–1985 കാലത്ത് അത് 12,500 കോടി റൂബിളായിരുന്നു. മൊത്തം മൂലധനനിക്ഷേപങ്ങൾ ഏതാണ്ട് 1 ലക്ഷം കോടി റൂബിളിലെത്തണം.

ഇത് തീർച്ചയായും അളവറ്റ മൂലധനനിക്ഷേപങ്ങളുടേതായ ഒരു കാര്യം മാത്രമല്ല. എത്ര ഫലപ്രദമായി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നു; അവയുടെ മേഖലാപരവും പുനരുൽപാദനപരവുമായ ഘടന എങ്ങിനെ ആകൃതിപ്പെടുന്നു, മൂലധനനിർമ്മാണത്തിന്റെ പ്രക്രിയതന്നെ എങ്ങിനെ സംഘടിപ്പിക്കപ്പെടുന്നു എന്നിവയൊക്കെയാണ് ഒരു നിക്ഷേപണനയത്തിന്റെ വിജയത്തെ ഏറിയകൂറും നിർണ്ണയിക്കുക. മാർഗ്ഗരേഖകളുടെ കരട് തയ്യാറാക്കിയപ്പോൾ ഈ വശങ്ങളൊക്കെ അവധാനപൂർവ്വം ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്.

12-ാം പഞ്ചവത്സരപദ്ധതിയുടെ പ്രധാനപ്പെട്ടൊരു ലക്ഷണവിശേഷം ഇതാണ്: എഞ്ചിനിയറിങ്ങ് സാകല്യത്തിൽ മൂലധനനിക്ഷേപം ഗണ്യമായി — 80 ശതമാനംകണ്ട് — വർദ്ധിച്ചിട്ടുണ്ട്. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ മൂർത്തിമത്ഭാവമാണ് ഈ സാക

ല്യം. അതിന്റെ ശാഖകൾ വികസിപ്പിക്കുന്നതിന്ന് പ്രത്യേക ഊന്നൽ നൽകപ്പെടുന്നു. എഞ്ചിനിയറിങ്ങ് വ്യവസായത്തിന്റെതന്നെ സാങ്കേതികനിലവാരത്തിൽ ഗുണപരമായ പരിവർത്തനങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നു ഈ ശാഖകൾ. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ ത്വരണത്തിന്ന് ഭൗതികാടിത്തറ പാകുന്നു അത്.

മുഖ്യ മേഖലകൾക്കിടയിൽ, ഇന്ധന-ഊർജ്ജസാകല്യത്തിന്ന് പ്രത്യേകശ്രദ്ധ ലഭിക്കുന്നു. ഇന്ധനത്തിന്റെ നിഷ്കർഷണവും പരിവഹനവും അധികാധികം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഈ തുറയിലെ മൂലധനനിക്ഷേപങ്ങൾ, നമ്മുടെ രാജ്യത്തിന്നും സോഷ്യലിസ്റ്റുസമുച്ചയത്തിൽപെട്ട മററു രാജ്യങ്ങൾക്കും വിശ്വസനീയമായ ഇന്ധനസപ്ലൈ ഉറപ്പു വരുത്തുന്നതിന്ന്, 47 ശതമാനംകണ്ടു വർദ്ധിപ്പിക്കേണ്ടതുണ്ട്. ഫലപ്രദമായ രീതിയിൽ ഇന്ധന-നിഷ്കർഷണ-ശുദ്ധീകരണമുറകൾ കയ്യാളുന്ന വ്യവസായങ്ങളിൽ മൂലധനനിക്ഷേപനിരക്കുകൾ ഏതാണ്ടു ഇരട്ടിയായുയരും.

ഭക്ഷണപരിപാടിക്ക് അനുരൂപമായി, മൊത്തം മൂലധനനിക്ഷേപങ്ങളുടെ മൂന്നിലൊന്ന് കാർഷിക-വ്യാവസായികസാകല്യത്തിലേക്ക് നീക്കിവെക്കപ്പെടുന്നു. ഇവിടെ, കാർഷിക അസംസ്കൃതപദാർത്ഥങ്ങൾ സംസ്കരിക്കുന്ന മേഖലകൾക്കാണ് മുൻഗണന ലഭിക്കുക. അവയിലെ മൂലധനനിക്ഷേപം 51 ശതമാനംകണ്ട് വർദ്ധിക്കും. 22 ശതമാനംവരുന്ന മൊത്തം വളർച്ചയെ അപേക്ഷിച്ചാണിത്. അന്തിമോൽപന്നത്തിന്റെ വളർച്ച മുടക്കുന്ന വമ്പിച്ച അസന്തുലിതത്വം ഇല്ലായ്മ ചെയ്യുവാൻ ഇതു സഹായകമാകും.

നിലവിലുള്ള ഉൽപാദനസൗകര്യങ്ങളുടെ സാങ്കേതികപുനഃസജ്ജീകരണത്തിന്നും ആധുനികീകരണത്തിന്നും ഊന്നൽ നൽകുന്നുവെന്നതാണ് പുതിയ പഞ്ചവൽസരപദ്ധതിയുടെ ഒരു സ്വഭാവവിശേഷം. ഈ ആവശ്യങ്ങൾക്കുള്ള മൂലധനനിക്ഷേപവിഹിതം 1985-ലെ 37 ശതമാനത്തിൽ നിന്ന് 1990-ൽ 50 ശതമാനത്തിലെത്തും. ഏററവും പഴഞ്ചൻ ഉൽപാദനസൗകര്യങ്ങളുള്ള മേഖലകളിലും ജില്ലകളിലും ഈ ശതമാനം ഇനിയും വർദ്ധിക്കുന്നതാണ്.

മൂലധനനിക്ഷേപങ്ങളുടെ പുനരുൽപാദനഘടനയുടെ പരിഷ്കരണം ഉൽപാദനസംവിധാനത്തെ നവീകരിക്കുന്ന പണിക്ക് ഗണ്യമായ വേഗം കൂട്ടും. അടുത്ത കാലത്തായി രൂപംകൊണ്ട, അതിന്റെ ഭൗതികവും ധാർമ്മികവുമായ കാലഹരണത്തിലേക്കുള്ള പ്രവണതയ്ക്ക് അറുതിവരുത്തുമത്. കാലഹരണപ്പെട്ട യന്ത്രസാമഗ്രികൾ പൊളിച്ചുനീക്കുന്നതിന്ന് വേണ്ട ശരാശരി വാർഷികഗുണാങ്കം 5–6 ശതമാനം, അതായത് സമ്പദ്വിധാനത്തിന്റെ ആസൂത്രിത ഉൽപാദന കാര്യക്ഷമത ഉറപ്പുവരുത്തുന്ന നിലവാരത്തിലേക്ക്, വർദ്ധിപ്പിക്കുന്നതാണ്. വൻതോതിലുള്ള പൊളിച്ചുപണികൾക്ക് വേണ്ട അടങ്കലുകൾ ഗണ്യമായിച്ചുരുക്കുക സാധ്യമാക്കുന്നു ഈ തോതിലുള്ള പുതുക്കിപ്പണി. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് തെയ്മാനനയത്തിലും കാര്യമായ മാററങ്ങൾ വരുത്തേണ്ടതുണ്ടെന്നത് വ്യക്തമത്രെ.

സമ്പദ്ഘടനയുടെ ശാഖകൾ പുതിയ സാമ്പത്തികപ്രവർത്തനസംവിധാനത്തിലേക്ക് മാറുന്നതിന്നനുസരിച്ച്, സ്ഥാപനങ്ങളുടെയും അസോ

സിയേഷനുകളുടെയും വികസനഫണ്ടുകൾ സാങ്കേതികപുനഃസജ്ജീകരണത്തിലും പുനർനിർമ്മാണത്തിലും മുഖ്യ പങ്ക് വഹിക്കും. തൊഴിൽ കൂട്ടായ്മകൾ സ്വരൂപിക്കുന്ന നിധിയാണിത്. ഈ നിധികളോടുള്ള സമീപനത്തിൽ സമൂലമായ ഒരു മാററം ആവശ്യമാക്കിത്തീർക്കുന്നു അത്. സ്ഥാപനങ്ങളുടെ സാങ്കേതികപുനഃസജ്ജീകരണത്തിന്നുള്ള മുഖ്യ പ്രോസസ്സിന്നാണ് ആവശ്യമായ എല്ലാ വിഭവങ്ങളും ആദ്യമായി ലഭിക്കുക എന്ന വസ്തുത സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ആളുകളെ തികച്ചും മനസ്സിലാക്കിക്കേണ്ടതുണ്ട്. ഇവിടെ, കേന്ദ്ര സാമ്പത്തികഏജൻസികൾക്ക്, തീർച്ചയായും മന്ത്രാലയങ്ങൾക്ക്, പ്രത്യേകമായൊരു ഉത്തരവാദിത്തമുണ്ട്. എന്നാൽ അവ ഈ വിഷയത്തിൽ പഴയപടിതന്നെ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യം കോൺഗ്രസ്സിലെ ചർച്ചയിൽ ശരിയായും ഉന്നയിക്കപ്പെടുകയുണ്ടായി.

പുനഃസജ്ജീകരണത്തിന്നും ആധുനികീകരണത്തിന്നും നൽകപ്പെടുന്ന മുൻഗണന പല പുതിയ പ്രോജക്ടുകളിലും, നമ്മുടെ രാജ്യത്തിന്റെ യൂറോപ്യൻഭാഗത്ത് വിശേഷിച്ചും നിശ്ചിതാളവിലുള്ള ഒരു നിയന്ത്രണം ആവശ്യമാക്കിത്തീർക്കും. പ്രധാനപ്പെട്ട ഘടനാമാററങ്ങൾ, ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിന്റേതായ ഇന്നത്തെ ഘട്ടത്തിൽ രൂപംകൊണ്ട വ്യവസായങ്ങൾ സ്ഥാപിക്കൽ, അപ്രകാരംതന്നെ പ്രകൃതിസമ്പത്തുകൾ വികസിപ്പിക്കൽ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കുവേണ്ടി മാത്രമേ പുതിയ പ്രോജക്ടുകൾ നടപ്പാക്കപ്പെടുകയുള്ളു. വ്യാപകമായ പുനഃസജ്ജീകരണവും അതോടൊപ്പം ഒഴിച്ചുകൂടാനാവാത്ത പുതിയ നിർമ്മാണങ്ങളും എന്നതാണ് നമ്മുടെ മൗലികനയം.

മൂലധനനിർമ്മാണത്തെ, അതിനെ കൂടുതൽ കാര്യക്ഷമമാക്കുമാറ്, സമൂലം പുനഃസംഘടിപ്പിക്കുക — അതാണ് നമ്മുടെ നിക്ഷേപനയത്തിന്റെ സ്ഥായീഭാവം. ഈ തുറയിൽ പല വർഷങ്ങളായി നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കുമിഞ്ഞ്കൂടിയിരിക്കുന്നു. നിർമ്മാണത്തിന്നുള്ള സമയപരിധികൾ നഗ്നമായി ലംഘിക്കപ്പെട്ടു. നിർമ്മാണ പ്രോജക്ടുകൾക്കുള്ള ചിലവുകൾ വർദ്ധിച്ചു. പണിതീരാത്ത നിർമ്മാണ പ്രോജക്ടുകളുടെയും പ്രതിഷ്ഠാപിക്കപ്പെടാത്ത സാമഗ്രിശേഖരങ്ങളുടെയും ശതമാനത്തോത് സീമാതീതമായി വർദ്ധിച്ചു. തികച്ചും അസാധാരണമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. എടുപ്പുനിർമ്മാണസംഘടനയുടെ തൃപ്തികരമല്ലാത്ത പ്രവർത്തനവും അവയുടെ വ്യാവസായിക സൗകര്യങ്ങളുടെ ക്ഷീണവും ചില റീജ്യനുകളിൽ സാമ്പത്തികവികസനത്തെ പരിമിതപ്പെടുത്തുകയും ഉൽപാദകശക്തികളുടെ യുക്തമായ വിന്യാസത്തിന്ന് കാണത്തക്ക ക്ഷതമേൽപിക്കുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി കാണപ്പെടുന്ന അച്ചടക്കത്തിലും ഉത്തരവാദിത്തത്തിലുമുള്ള പൊതുതകർച്ച എടുപ്പുനിർമ്മാണവ്യവസായത്തിലെ സ്ഥിതിഗതികളെ ബാധിച്ചിരിക്കുന്നുവെന്നതിൽ സംശയമില്ല.

മൂലധനനിർമ്മാണത്തിന്റെ പ്രശ്നങ്ങൾ സാമ്പത്തികവും സംഘടനാപരവുമായ എല്ലാ നടപടികളുമുപയോഗപ്പെടുത്തിക്കൊണ്ട് വിളംബംവിനാ പരിഹരിക്കപ്പെടണം. ഈ വ്യവസായത്തിൽ സ്ഥിതിഗതികൾ

മെച്ചപ്പെടുത്തുക ലാക്കാക്കി കുറെ തീരുമാനങ്ങൾ ഇയ്യിടെയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അവ നിരുപാധികം നിറവേററീട്ടു വേണം അടുത്തു വരുന്ന വർഷങ്ങളിൽ ഉദ്ദിഷ്ട ഫലങ്ങൾ കൈവരിക്കുവാൻ. എന്നാൽ, പ്രവൃത്തി അവിടംകൊണ്ടു തീരുന്നില്ലെന്നത് വ്യക്തമാണ്.

പ്രഥമവും പ്രധാനവുമായി, നാം ധനവിഭവങ്ങൾ കണ്ടമാനം വാരിവിതറുന്നതിന്ന് ഒരറുതി വരുത്തണം. ദീർഘകാലമായി നാം ഇതിനെപ്പററി പറഞ്ഞുവരുന്നു എന്നത് നേരാണ്. രാജ്യത്തുടനീളം ചെറുതും വലുമായ 3 ലക്ഷത്തിൽപരം നിർമ്മാണ പ്രൊജക്ടുകൾ നടക്കുന്നുണ്ട്. നമ്മുടെ കൂററൻ വലിപ്പം കണക്കിലെടുത്താൽപോലും അനുവദനീയമല്ലാത്തത്ര വലിയൊരു സംഖ്യയാണിത്. സാധാരണസ്ഥിതി പുനഃസ്ഥാപിക്കുന്നതിന്ന് സി. പി. എസ്. യു. സെൻട്രൽ കമ്മിററി നമ്മെ ബാദ്ധ്യതപ്പെടുത്തിയിരിക്കുന്നു. 1987 ആരംഭംതൊട്ടു നിർമ്മാണപ്പണി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ സാധാരണ സമയപരിധികൾ കണിശമായി പാലിക്കുന്നതിലേക്ക് മാറുവാൻ നാം ഉദ്ദേശിക്കുന്നു.

ലഘുവായ ഒരു കാര്യമല്ല ഇത്. ചിലർക്ക് അത് അതീവ ക്ലേശകരമാകും. പ്രാഥമികപ്രാധാന്യമർഹിക്കാത്ത കുറെ പ്രൊജക്ടുകൾ മാററിവെക്കുകയും ആൾശക്തിയും ഫണ്ടുകളും മാററി വകയിരുത്തുകയും ചെയ്യേണ്ടിവരും എന്ന സംഭാവ്യത നാം ഒഴിവാക്കുന്നില്ല. പക്ഷേ, നാം ഈ ചുവടുവെപ്പ് നടത്തണം. നിർമ്മാണമുന്നണിയെ ഒന്നു ചുരുക്കണം നമ്മൾ. അങ്ങിനെ മാത്രം, എടുപ്പുനിർമ്മാണപരിപാടികൾ കുറഞ്ഞപക്ഷം ഒരു പകുതികണ്ടു യഥാർത്ഥത്തിൽ വെട്ടിക്കുറയ്ക്കുവാൻ നമുക്കു കഴിയും. ഇപ്പോൾതന്നെ എല്ലാ മന്ത്രാലയങ്ങളും വകുപ്പുകളും ഘടകറിപ്പബ്ലിക്കുകളും ഈ പ്രവർത്തനത്തിന്നുവേണ്ട ആദ്യന്ത ഒരുക്കങ്ങൾ ചെയ്യണം.

പഞ്ചവൽസരനിക്ഷേപണപരിപാടി നടപ്പാക്കുന്നതിന്ന് മൂലധനനിർമ്മാണത്തിലെ വ്യവസായവൽക്കരണത്തിൻെറ നിലവാരം ഉയർത്തേണ്ടതുണ്ട്. മൗലികമായ പുതിയതായ ഒരു ഭൗതിക-സാങ്കേതിക അടിത്തറയിൻമേൽ പ്രതിഷ്ഠാപിക്കപ്പെടണമത്. 50-കളുടെ അവസാനത്തിലും 60-കളുടെ ആദ്യത്തിലുമായി ഇടപ്പെട്ട പഴയ അടിത്തറയുടെ സാദ്ധ്യതകൾ ഒട്ടുമുക്കാലും ശോഷിച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ അടിത്തറ നാട്ടിലും പുറത്തുമുളള ഏററവും പുതിയ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളിൽ അടിയുറപ്പിക്കപ്പെടണം. ഉദ്ഗ്രഥിതമായ ഒരു വ്യാവസായിക നിർമ്മാണപ്രക്രിയയുടെ സംസ്ഥാപനത്തിലേക്ക് സംഭാവനചെയ്യണമത്. കരട് മാർഗ്ഗരേഖകൾ പ്രിഫാബ്രിക്കേററഡ് ഘടകങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്ന പ്രൊജക്ടുകളുടെ സംഖ്യയും ഉത്തോലകങ്ങളുടെ ഡെലിവറിയും വർദ്ധിപ്പിക്കുന്നതിന്ന് വ്യവസ്ഥചെയ്യുന്നു. അലൂമിനിയം, പ്ലാസ്റ്റിക്സ്, പുതിയ പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം 50 മുതൽ 100 വരെ ശതമാനംകണ്ടു അധികപ്പെടുത്തണം. ഇതൊക്കെ, എടുപ്പുനിർമ്മാണച്ചിലവ് കുറയ്ക്കവേ, നിർമ്മാണസംവിധാനത്തെ സാരമായി അഭിവൃദ്ധിപ്പെടുത്തുകയും അദ്ധ്വാനോൽപാദനക്ഷമതയും നിർമ്മാണമാനകങ്ങളും ഉയർത്തുകയുംചെയ്യും. എന്നാൽ, ധാരാളം കാര്യങ്ങൾ ഇനി

യും ചെയ്യുവാനുണ്ട്. മൂലധനനിർമ്മാണം വ്യവസായവൽക്കരിക്കുക എന്ന വിഷയത്തിലേക്ക് ഒന്നിലധികം തവണ നാം തിരിച്ചുചെല്ലേണ്ടതുണ്ട്.

എടുപ്പ്നിർമ്മാണവ്യവസായത്തിൽ ഡിസൈനിങ്ങ് സമൂലം മെച്ചപ്പെടുത്തുക എന്നതും അത്രതന്നെ പ്രധാനമാണ്. മിക്കവാറും ഡിസൈനർമാരെ സംബന്ധിക്കുന്ന കാര്യമാണിതെന്നത് വാസ്തവംതന്നെ. ഉൽപാദനത്തിന്റെ സാങ്കേതികനിലവാരം, മൂലധനനിക്ഷേപങ്ങളുടെ കൂടുതൽ കാര്യക്ഷമമായ വിനിയോഗം, നിർമ്മാണത്തിന്റെ തീവ്രീകരണം എന്നിവ വലിയൊരു പരിധിയോളം അവരെ ആശ്രയിച്ചിരിക്കുന്നു. സമ്പദ്വിധാനത്തിന്റെ സമസ്ത ശാഖകളിലും ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ താരകങ്ങളാവണമവർ.

സാങ്കേതികമാർഗ്ഗങ്ങളിലേയും സാങ്കേതികവിദ്യയിലേയും ഏററവും ഒടുവിലത്തെ വാക്കുകൾക്കനുസരിച്ചു ഡിസൈൻ ചെയ്തു നിർമ്മിക്കപ്പെട്ട, പുതിയവയും ആധുനികീകരിക്കപ്പെട്ടവയുമായ വ്യവസായ സ്ഥാപനങ്ങളുടെ മികച്ച മാതൃകകൾ നമുക്കുണ്ട്. മറുവശത്ത്, പ്രൊജക്ടുചിലവുമതിപ്പിൽ സ്പഷ്ടമായും പിന്നോക്കാവസ്ഥയിലുള്ള സാങ്കേതികപരിഹാരങ്ങളും അതുപോലെ അബദ്ധങ്ങളും പലപ്പോഴും സംഭവിക്കുന്നുണ്ട്. കഴിഞ്ഞ പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിന്റെ നാലുവർഷങ്ങളിൽ നിർമ്മാണപ്രൊജക്ടുകളുടെ ചിലവ് 1100 കോടി റൂബിൾ കണ്ട്, അഥവാ പ്രാരംഭമതിപ്പുകളുടെ 24 ശതമാനം കണ്ട് ഉയരുകയുണ്ടായി. അതിന്നും പുറമെ, പ്രൊജക്ടുകളിൽ പകുതിയുടേതിന്റെയും സാങ്കേതിക-സാമ്പത്തികസൂചികകൾ മോശമായിത്തീരുകയും ചെയ്തു. ഉൽപാദനത്തിന്നുള്ള മൂലധനനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന്നുള്ള നിരവധി അപേക്ഷകളെ ഇതു വിശദീകരിക്കുന്നുണ്ട്. പല സാമൂഹ്യപ്രശ്നങ്ങളുടേയും പരിഹാരത്തിന്ന് സമ്പന്നമായ ഒരു സ്രോതസ്സാണിത്.

ഡിസൈനിങ്ങിലെ അസംതൃപ്തിജനകമായ സ്ഥിതിവിശേഷത്തിന്നുള്ള ഉത്തരവാദിത്തം ഡിസൈനർമാരിൽ മാത്രമല്ല, പ്രത്യുത മന്ത്രാലയങ്ങളിലും വകുപ്പുകളിലും കുടികൊള്ളുന്നുണ്ട്. അവരാണല്ലോ കാലഹരണപ്പെട്ട ഡിസൈനുകൾക്കു മുന്നോട്ടു നീങ്ങാനുള്ള പച്ചക്കൊടി കാട്ടിയത്. നിർമ്മാണപ്രൊജക്ടുകൾക്കായുള്ള യു. എസ്. എസ്. ആർ. ബാങ്കിന്റെ (സ്ട്രോയി ബാങ്ക്) കണക്കുകളനുസരിച്ച്, 12-ാം പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിലേയ്ക്കു പോകുന്നതും, ശാസ്ത്രീയ-സാങ്കേതികപുരോഗതിയുടെ ആധുനികനിലവാരങ്ങൾക്കു നിരക്കുന്നതെന്ന് അതാതു മന്ത്രാലയങ്ങളാൽ പരിഗണിക്കപ്പെടുന്നതുമായ പ്രൊജക്ടുകളിൽ 25 ശതമാനവും 10 മുതൽ 20 വരെ വർഷങ്ങൾക്കുമുമ്പ് ഡിസൈൻ ചെയ്യപ്പെട്ടവയായിരുന്നു. ഇത് എത്രയും അമ്പരപ്പുളവാക്കുന്ന ഒരു വസ്തുതയാണ്.

അത്തരം പ്രൊജക്ടുകൾ ആധുനിക ആവശ്യകങ്ങൾക്കു നിരക്കുന്നവയാകാൻ നിവൃത്തിയില്ലെന്നു മനസ്സിലാക്കാൻ ഒരാൾ വലിയൊരു സ്പെഷ്യലിസ്റ്റൊന്നുമാകേണ്ടതില്ല. ഇത്തരത്തിലുള്ളൊരു സ്ഥിതിവിശേഷം പല മന്ത്രാലയങ്ങളിലും കാണപ്പെടുന്നുണ്ട്. ഉദാഹരണത്തിന്ന്, ആയസേതരലോഹങ്ങൾക്കായുള്ള യു. എസ്. എസ്. ആർ. മന്ത്രാലയം 1965-ന്നും 1975-ന്നുമിടയ്ക്ക് അംഗീകരിക്കപ്പെട്ട 69 പ്രൊജക്ടുകളുടെ ഉയർ

ന്ന സാങ്കേതികനിലവാരത്തെ സ്ഥിരീകരിച്ചിരിക്കുന്നു; മോട്ടോർ വാഹനവ്യവസായ മന്ത്രാലയമാകട്ടെ 20 പ്രൊജക്ടുകളുടേയും. ഈ നിർമ്മാണപ്രൊജക്ടുകൾ അവ ഡിസൈൻ ചെയ്യപ്പെട്ടതിന്നുശേഷം ശരാശരി 20-ഓ അധികമോ വർഷങ്ങൾക്കകമാണ് പ്രവർത്തനത്തിലേയ്ക്ക് കടക്കുക. ഇതിനെപ്പററി ഞാൻ എന്തെങ്കിലും അഭിപ്രായപ്രകടനം നടത്തേണ്ടതുണ്ടോ?

നിർമ്മാണത്തിന്നായുള്ള യു. എസ്. എസ്. ആർ. സ്റ്റേററുകമ്മിററി (ഗോസ്സ്ട്രോയ്), ഡിസൈനിങ്ങിൽ കാര്യങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന്നു വളരെയേറെ പ്രയത്നിക്കാൻ ബാദ്ധ്യസ്ഥമാണ്. മന്ത്രാലയങ്ങളുടേയും ഡിസൈൻ സംഘടനകളുടേയും കടമകൾ സ്വയം ഏറെറടുക്കാതിരിക്കുന്ന അവസരത്തിൽത്തന്നെ അത് നിർമ്മാണത്തിൽ ഏകരൂപമായ ഒരു ശാസ്ത്രീയ-സാങ്കേതികനയം പിൻതുടരുകയും, ഡിസൈനുകളുടെ സാങ്കേതികനിലവാരങ്ങളേയും വ്യവസ്ഥാപിതമാതൃകകളേയും വിലയിരുത്തുന്നതിൻെറ ഒരു സമ്പ്രദായമാവിഷ്കരിക്കുകയും, വിപുലമായി ഡിസൈൻ മത്സരങ്ങളേർപ്പെടുത്തുകയും ചെയ്യണം.

അവസാനമായി, നിർമ്മാണമാനേജുമെൻറ് പുനസ്സംഘടിപ്പിക്കുക എന്നത് പരമപ്രധാന മുൻഗണനയോടുകൂടിയ ഒരു കടമയാവണം. മാനേജുമെൻറും സാമ്പത്തികപ്രവർത്തനമാർഗ്ഗങ്ങളും മെച്ചപ്പെടുത്തുന്നതിനെസ്സംബന്ധിച്ചേടത്തോളം ഇതാണ് ഒരുപക്ഷേ ഏററവും അവഗണിക്കപ്പെട്ടിരിക്കുന്ന വ്യവസായം, അതിനാൽ ഈ പ്രശ്നം ഇവിടെ മറെറതൊരു മണ്ഡലത്തിലേക്കാളും കൂടുതൽ രൂക്ഷമാണ്. പണി പൂർത്തിയാക്കാതെ തുണ്ടുതുണ്ടായി ഇടലും ബഹുവിതാനമാനേജുമെൻറും നിർമ്മാർജ്ജനം ചെയ്യണം; കേന്ദ്രീകരണത്തെ, ഘടകറിപ്പബ്ലിക്കുകൾക്കും തദ്ദേശഘടകങ്ങൾക്കും വിശാലതരമായ അധികാരങ്ങളും കൂടുതൽ ഉയർന്ന ഉത്തരവാദിത്തങ്ങളും നൽകലുമായി പരമാവധി പ്രയോജനകരമാംവിധം കൂട്ടിയിണക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.

അങ്ങിനെ, മൂലധനനിർമ്മാണം എല്ലാ നിലവാരങ്ങളിലും അഭിവൃദ്ധിപ്പെടുത്തണം. നമ്മുടെ പദ്ധതികളുടെ പ്രയോഗക്ഷമതയും രാജ്യത്തിൻെറ സാമ്പത്തികവികസനനിരക്കുകളും ഏറിയകൂറും ഇതിനെ ആശ്രയിച്ചിരിക്കുന്നുവെന്നു നാം ഏററവും ഖണ്ഡിതമായി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു.

## 3. ഘടനാപരമായ നയവും സാമ്പത്തികസാകല്യങ്ങളുടെ വളർച്ചയും

ദേശീയ സമ്പദ്‌വിധാനത്തിൻെറ വികസനത്തിൻെറ എല്ലാ ഘട്ടങ്ങളിലും നമ്മുടെ പാർട്ടി ഘടനാപരമായ നയത്തിന്ന്, മുൻഗണനാക്രമം നിശ്ചയിക്കുന്നതിന്നും, വിവിധ മേഖലകൾ തമ്മിൽ തമ്മിലും അതാതു മേഖലയ്ക്കകത്തെ വിവിധ സ്ഥാപനങ്ങൾ തമ്മിലുമുള്ള സന്തുലനങ്ങളാവിഷ്കരിക്കുന്നതിന്നും അസാധാരണമായ പ്രാധാന്യം കൽപിച്ചുപോന്നിട്ടുണ്ട്.

ദേശീയ സമ്പദ്‌വിധാനത്തിൻെറ ഘടന മെച്ചപ്പെടുത്തുന്നതിലും അതിൻെറ മേഖലകൾ വികസിപ്പിക്കുന്നതിലും, അവ കൈവരിക്കേണ്ട കുറി

മാനങ്ങളും മുൻവെയ്ക്കുന്നതിലും നേടേണ്ട അതിപ്രധാനലക്ഷ്യങ്ങളും കരടുമാർഗ്ഗരേഖകൾ നിഷ്കൃഷ്ടമായി നിർവ്വചിക്കുന്നുണ്ട്. 12-ാം പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിലെ ഘടനാപരമായ നയത്തിന്റെ ഏററവും അടിസ്ഥാനപരമായ വശങ്ങളെക്കുറിച്ചുമാത്രം പ്രതിപാദിക്കാൻ എന്നെ അനുവദിച്ചാലും.

ഒന്നാമതായി, അന്തരാളഉൽപന്നങ്ങളെ — ഇന്ധനം, അസംസ്കൃത പദാർത്ഥങ്ങളും, അർദ്ധനിർമ്മിതവസ്തുക്കൾ എന്നിവ — അപേക്ഷിച്ച് അന്തിമോൽപന്നങ്ങളുടെ—യന്ത്രങ്ങളും, ഉപകരണങ്ങളും, ഉപഭോഗസാധനങ്ങളും, പൂർത്തിയാക്കപ്പെട്ട നിർമ്മാണപ്രോജക്ടുകൾ—വളർച്ചയ്ക്കു മുൻഗണന നൽകണമെന്ന് അതാവശ്യപ്പെടുന്നു. 1986–1990-കാലത്ത് അന്തിമോൽപന്നങ്ങളിലെ വർദ്ധനയുടെ നിരക്ക് അസംസ്കൃതപദാർത്ഥങ്ങളുടേയും മററും വിലയുടെ റൂബിളൊന്നുക്കുള്ള വളർച്ചയുടെ അടിസ്ഥാനത്തിൽ, മുൻപത്തെ പഞ്ചവൽസരക്കാലഘട്ടത്തിലേതിനേക്കാൾ 40 ശതമാനം കൂടുതലായിരിക്കും. മാനുഫാക്ച്ചറിങ്ങ് വ്യവസായത്തിൽ അന്തിമോൽപന്ന വളർച്ചനിരക്ക്, ഇന്ധന-അസംസ്കൃതപദാർത്ഥ വ്യവസായങ്ങളിലെ വർദ്ധനനിരക്കിനേക്കാൾ 100 ശതമാനം കൂടുതൽ ഉയർന്നതായിരിക്കും. ഈ മാററം ഗണ്യമായ ഒരളവിൽ അടിയുറപ്പിച്ചിട്ടുള്ളത് വിഭവങ്ങളുടെ ചിലവു ചുരുക്കുക എന്ന നയത്തിലാണ്.

മറെറാരു സവിശേഷത, വിദ്യുച്ഛക്തി, രാസവസ്തുക്കൾ, പെട്രോ കെമിക്കൽസ്, എന്നീ വ്യവസായങ്ങളുടേയും പിന്നെ തീർച്ചയായും എഞ്ചിനീയറിങ്ങുവ്യവസായത്തിന്റേയും ത്വരിപ്പിക്കപ്പെട്ട വികസനമാണ്. ഇതു ദേശീയ സമ്പദ്ഘടനയെ ലോകത്തിൽ ശാസ്ത്രീയമായും സാങ്കേതികമായും മുൻപന്തിസ്ഥാനങ്ങളിലെത്തിക്കും. വ്യവസായത്തിൽ പ്രസ്തുത ശാഖകളുടെ ഓഹരി 1990-ൽ, ഒട്ടാകെയുള്ളതിന്റെ 41 ശതമാനമാവും.

അവസാനമായി, എല്ലാ വ്യവസായങ്ങളും ഒന്നൊഴിയാതെ, ഉപഭോഗസാധനങ്ങളുടെ നിർമ്മാണത്തിലേയ്ക്കും സേവനമണ്ഡലത്തിന്റെ വികസനത്തിലേയ്ക്കും മുമ്പത്തേക്കാൾ കൂടുതൽ വമ്പിച്ച അളവിൽ ഉൻമുഖീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഏത്രയും പ്രധാനപ്പെട്ട ഒരു സവിശേഷത. 'ബി' വ്യവസായഗ്രൂപ്പിന്റെ വളർച്ചയ്ക്ക് 'എ' ഗ്രൂപ്പിനേക്കാൾ കൂടുതൽ മുൻഗണന നൽകാൻ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു.

ഏററവും സാരമായ, ഘടനാപരമായ മാററങ്ങൾ എഞ്ചിനീയറിങ്ങിന്നു കൂടുതൽ വമ്പിച്ച മുൻഗണനയുമായി ബന്ധപ്പെട്ടതാണ്. മാർഗ്ഗരേഖകളുടെ കരടു തയ്യാറാക്കപ്പെട്ടുവന്ന അവസരത്തിൽ, എഞ്ചിനീയറിങ്ങിന്റെ നേതൃത്വപരമായ പങ്കിനെ കുറച്ചുമതിക്കുന്നതിന്നെതിരായി പാർട്ടിയുടെ കേന്ദ്രക്കമ്മിററി മുന്നറിയിപ്പുനൽകുകയും, അതിന്റെ വളർച്ചനിരക്കിനെ വ്യവസായത്തിന്റെയാകെ വളർച്ചനിരക്കിനോട് അടുപ്പിച്ചുകൊണ്ടുവരിക എന്ന മുമ്പത്തെ പ്രവണതയെ മറികടക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയുമുണ്ടായി. 12-ാം പഞ്ചവൽസരപദ്ധതിയിൽ ഈ മേഖലയുടെ വളർച്ചനിരക്ക് വ്യവസായത്തിലെയാകെ വളർച്ചനിരക്കിനേക്കാൾ 90 ശതമാനം കൂടുതൽ ഉയർന്നതാണ്. ഏത്രയും കാര്യമായ ഒരു ഗുണാങ്കമാണിത്; അത് ദേശീയ സമ്പദ്ഘടനയിൽ എഞ്ചിനീയറിങ്ങിന്റെ മുൻഗണനാനിലയെ ശക്തിപ്പെടുത്തും.

യന്ത്രനിർമ്മാതാക്കളുടെ സുപ്രധാന കടമ, യന്ത്രസാമഗ്രികളുടേയും ഉപകരണങ്ങളുടേയും ഉൽപാദനഘടന മാററുകയും ഗുണാത്മകമായ വിനിർദ്ദേശങ്ങൾ ഉയർത്തുകയും ചെയ്ക എന്നതാണ്. 1990 ആകുമ്പോഴേയ്ക്ക് എഞ്ചിനീയറിങ്ങ് ഉൽപന്നങ്ങളുടെ വാർഷിക പുനർനവീകരണം, 1985-ലെ 4.5 ശതമാനത്തെ അപേക്ഷിച്ച് 13 ശതമാനമായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. എഞ്ചിനീയറിങ്ങിന്റെ മുൻഗണനാവളർച്ചയുടെ പശ്ചാത്തലത്തിൽ, ഇത് രാജ്യത്തിന്റെ ഉൽപാദനസൗകര്യങ്ങൾ ആധുനികാടിസ്ഥാനത്തിൽ പുനഃസജ്ജീകരിക്കുന്നതിന്നുവേണ്ട യഥാർത്ഥമായ ഒരടിത്തറ പ്രദാനം ചെയ്യും.

എഞ്ചിനീയറിങ്ങ് വ്യവസായത്തെ ആധുനികീകരിക്കുന്നതിൽ സവിശേഷ ശ്രദ്ധ പതിപ്പിച്ചുവരുന്നുണ്ട്. ഇതിന്റെ സാങ്കേതിക നിലവാരം ആശ്രയിച്ചിരിക്കുന്നത്, പ്രാഥമികമായും, യന്ത്രോപകരണങ്ങൾ, ഉപകരണങ്ങൾ, എലക്ട്രോണിക്സ് എലെക്ട്രിക്കൽ എഞ്ചിനീയറിങ്ങ് എന്നീ വ്യവസായങ്ങൾ കൈവരിക്കുന്ന നിലവാരങ്ങളെയാണ്. അതിനാൽ ഈ വ്യവസായങ്ങൾ എഞ്ചിനീയറിങ്ങ് വ്യവസായത്തിന്റെയാകെ വേഗതയേക്കാൾ കൂടുതൽ വേഗത്തിൽ വളരേണ്ടതുണ്ട്. അതേസമയത്ത്, ഓരോ യന്ത്രനിർമ്മാണമന്ത്രാലയവും അതാതിന്റെ വ്യവസായങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്കനുസൃതമാകുമാറ് സ്വന്തമായ യന്ത്രോപകരണവ്യവസായം വികസിപ്പിക്കണം.

യന്ത്രനിർമ്മാണത്തെ അഭിമുഖീകരിക്കുന്ന കുറിമാനങ്ങൾ ഈ സങ്കീർണ്ണമേഖലയുടെ മെച്ചപ്പെടുത്തിയ മാനേജുമെന്റ് ആവശ്യമാക്കിയിട്ടുണ്ട്. യു. എസ്. എസ്. ആർ. മന്ത്രിസഭയിൻകീഴിൽ ഒരു എഞ്ചിനീയറിങ്ങ് ബ്യൂറോ ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു; അത് അതിന്റെ പ്രവർത്തനം മികച്ച നിലയിൽ നടത്തിവരുന്നുണ്ട്.

കെട്ടിടനിർമ്മാണ സാമഗ്രിവ്യവസായ സാകല്യത്തിൽ അർത്ഥപ്രധാനമായ മാററങ്ങൾ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു. പുരോഗമിച്ചതും ചിലവുചുരുങ്ങിയതുമായ തരം സാമഗ്രികളുടെ ഓഹരി വർദ്ധിപ്പിക്കുക എന്നതാണ് ഇവിടെ മുഖ്യമായ സംഗതി. ഇതിൻഫലമായി, കെട്ടിടനിർമ്മാണ സാമഗ്രികൾക്കുവേണ്ടിയുള്ള ദേശീയ സമ്പദ്ഘടനയുടെ വർദ്ധമാനമായ ആവശ്യങ്ങൾ നിറവേററുക അർത്ഥപ്രധാനമാംവിധം താഴ്ന്ന ഉൽപാദനവളർച്ച നിരക്കുകൾ വഴിയായിരിക്കും. രാജ്യത്തിന്റെ വിഭവങ്ങളുടെ മിതവ്യയത്തിന്നു പ്രസ്തുത സാകല്യം നൽകുന്ന സുപ്രധാനമായ ഒരു സംഭാവനയായിരിക്കും അത്.

ഉദാഹരണത്തിന്ന്, ഇരുമ്പ്-ഉരുക്കുവ്യവസായത്തിലെ വൻതോതിലുള്ള പുനഃസജ്ജീകരണം ലോഹോൽപന്നങ്ങളുടെ ഘടനയും ഗുണവിശേഷവും മെച്ചപ്പെടുത്തും. തൽഫലമായി, പൂർണ്ണനിർമ്മിത റോൾഡ് ഉൽപന്നങ്ങളുടെ ഉൽപാദനത്തിൽ വെറും 9 ശതമാനം മാത്രം വരുന്ന വർദ്ധനകൊണ്ട്, പഞ്ചവൽസരക്കാലഘട്ടത്തിൽ വ്യവസായത്തിലെയാകെ ഉൽപാദനം 21 മുതൽ 24 വരെ ശതമാനം കണ്ടും, എഞ്ചിനീയറിങ്ങ്-ലോഹപ്രവർത്തനവ്യവസായങ്ങളിലേത് 40 മുതൽ 45 വരെ ശതമാനവും വർദ്ധന രേഖപ്പെടുത്തും. അതേസമയത്തുതന്നെ, ലോഹങ്ങളുടെ കൂടുതൽ യുക്തിയുക്തമായ ഉപയോഗത്തിന്ന്, പ്രഥമവും പ്രധാനവുമായി എഞ്ചിനീയറിങ്ങിലും നിർമ്മാണത്തിലും, നാം ഉറപ്പുവരുത്തുകയും വേണം.

ആയസേതര ലോഹവ്യവസായത്തിൽ മുഖ്യമായ ഊന്നൽ നൽകപ്പെട്ടിരിക്കുന്നത് വിഭവങ്ങളുടെ സമഗ്രമായ ഉപയോഗത്തിലും, പുതിയതരം സാധനസാമഗ്രികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലുമാണ്. ലോഹങ്ങളേയും മററു പരമ്പരാഗതപദാർത്ഥങ്ങളേയും രാസപദാർത്ഥങ്ങൾ കൊണ്ടു പകരംവെയ്ക്കൽ ത്വരിതപ്പെടുത്തുന്നതായിരിക്കും. അത്യാധുനികതരം പ്ലാസ്റ്റിക്കുകളുടെ നിർമ്മാണം ഏകദേശം ആറുമടങ്ങുവർദ്ധിക്കുന്നതാണ്. അത്യാധുനികങ്ങളായ മരത്തടിയുൽപന്നങ്ങളുടെ ഉൽപാദനം വികസിപ്പിക്കുന്നതിന്നും മുൻഗണനന നൽകപ്പെടും.

ഈ സാകല്യം വികസിപ്പിക്കുന്നതിൻെറ അത്രതന്നെ പ്രധാനപ്പെട്ട ഒരു വശം അസംസ്കൃതപദാർത്ഥ നിഷ്കർഷണവും പൂർണ്ണ നിർമ്മിതോൽപന്നങ്ങളും തമ്മിൽ മെച്ചപ്പെട്ട ഒരനുപാതമായിരിക്കും. ഉദാഹരണത്തിന്ന്, ആയസേതരലോഹ റോംഡ് സ്റ്റോക്കിൻെറ ഉല്പാദനം, അയിർ നിഷ്കർഷണത്തിലോ പച്ചയിരുമ്പുൽപാദനത്തിലോ കോക്ക് നിർമ്മാണത്തിലോ കാര്യമായ യാതൊരു വളർച്ചയുമില്ലാതെയാണു വർദ്ധിക്കുക. കയററിഅയക്കേണ്ട, ഘനമീററർ ഒന്നുക്കുള്ള മരത്തടിയുൽപന്നങ്ങളുടെ ഉൽപാദനം 16 ശതമാനംകണ്ടു വർദ്ധിക്കുന്നതാണ്. ഇവയെല്ലാംതന്നെ ഈ വ്യവസായങ്ങളുടെ സാങ്കേതികനിലവാരം ഉയർത്തിക്കൊണ്ടാണ് കൈവരിക്കുക.

ദേശീയ സമ്പദ്ഘടനയുടെയാകെ വിശ്വസനീയമായ വികസനത്തിന്നു ഇന്ധന-ഊർജ്ജസാകല്യം അധികതരം അഭിവൃദ്ധിപ്പെടുത്തുന്നതാവശ്യമാണ്. ഇന്ധന-ഊർജ്ജസന്തുലനത്തിൻെറ ഘടനയിൽ, യു. എസ്. എസ്. ആറിൻെറ ഊർജ്ജപരിപാടിയ്ക്കുനിരക്കുമാറ് സുപ്രധാന മാററങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവൽസരകാലഘട്ടത്തിൻെറ അവസാനമാകുമ്പോഴേയ്ക്ക് ന്യൂക്ലിയർ വൈദ്യുതനിലയങ്ങൾ വൈദ്യുതിയുൽപാദനത്തിൽ അവയുടെ ഓഹരി ഏകദേശം ഇരട്ടിപ്പിക്കും; മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ 20 ശതമാനത്തിലുമധികം അവയുടെ വകയായിരിക്കും.

11-ാം പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിൽ യു. എസ്. എസ്. ആർ. വൈദ്യുതിവ്യവസായമന്ത്രാലയം ന്യൂക്ലിയർ വൈദ്യുതപ്ലാൻറുശേഷികൾ ആരംഭിക്കുന്നതിൽ അതിൻെറ കുറിമാനം കൈവരിക്കുകയുണ്ടായില്ല. ഇത് ഫോസിൽ ഇന്ധനങ്ങൾക്കുള്ള അധികതര ഡിമാണ്ടു സൃഷ്ടിച്ചു. നമ്മുടെ രാജ്യത്തിൻെറ ഞെരുങ്ങിയ ഇന്ധന സന്തുലനത്തേയും ന്യൂക്ലിയർ വൈദ്യുതിയുൽപാദനത്തിൻെറ വർദ്ധമാനമായ പങ്കിനേയും കണക്കിലെടുക്കുമ്പോൾ ഇത്തരത്തിലുള്ള പുറകോട്ടടികൾ ഭാവിയിൽ അനനുവദനീയമാണ്.

ഇന്ധന- ഊർജ്ജവിഭവങ്ങളിൽ പ്രകൃതിവാതകത്തിൻെറ ഓഹരി, മൊത്തംകെയുള്ളതിൻെറ 38 ശതമാനമായി വർദ്ധിക്കുന്നതാണ്. വാതകവ്യവസായം അതിൻെറ ചുമതലകൾ മോശമല്ലാത്തനിലയിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്; എങ്കിലും അലംഭാവത്തിന്നടിസ്ഥാനമില്ല. ഉറെൻഗോയ് നിക്ഷേപം അതിൻെറ നിശ്ചിതശേഷിയിലെത്തിക്കഴിഞ്ഞാൽ പ്രകൃതിവാതകനിഷ്കർഷണത്തിലെ വർദ്ധന മുഖ്യമായും യംബുർഗ്ഗ് നിക്ഷേപത്തിൽനിന്നായിരിക്കും ലഭിക്കുക. അവിടെ സൌകര്യങ്ങളു

ടെ നിർമ്മാണം ത്വരിതപ്പെടുത്തുക എന്നതാണ് ഇപ്പോൾ മുഖ്യമായ സംഗതി. ഭാവി ഉപയോഗത്തിന്നുവേണ്ട കരുതലുകളും തക്കസമയത്ത് ഏർപ്പെടുത്തേണ്ടതുണ്ട്.

എണ്ണ നിഷ്കർഷണത്തിലെ, വിശേഷിച്ചും പശ്ചിമസൈബീരിയയിലെ, കാര്യങ്ങളുടെ അവസ്ഥ ഗണ്യമായ അഭിവൃദ്ധി ആവശ്യമാക്കുന്നുണ്ട്. പഞ്ചവൽസരകാലഘട്ടത്തിന്റെ അവസാനമാകുമ്പോഴേയ്ക്ക്, സോവിയററുയൂണിയന്റെ ഒട്ടാകെയുള്ള എണ്ണയുൽപാദനത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും അതിന്റെ വകയായിരിക്കണം. ഈ വ്യവസായത്തിന്റെ ക്രമരഹിതമായ പ്രവർത്തനം സമ്പദ്ഘടനയ്ക്കു കുഴപ്പങ്ങൾ സൃഷ്ടിക്കുകയുണ്ടായി. എണ്ണവ്യവസായമന്ത്രാലയവും, ത്യുമനിലെ ചീഫ് ഓയിൽ-ഗ്യാസ് അഡ്മിനിസ്ട്രേഷനും അതിന്റെ സ്ഥാപനങ്ങളും, പ്രധാനനിക്ഷേപകേന്ദ്രങ്ങളിലെ കിണറുകളിലെ ഉൽപാദനം ഇടിയാൻ തുടങ്ങിയപ്പോൾ പ്രവർത്തനത്തിന്നു സജ്ജമായിരുന്നില്ലെന്നു വെളിവായി. നിലവിലുള്ള പിൻതങ്ങൽ സാദ്ധ്യമാകുന്നത്ര ഹ്രസ്വമായ സമയത്തിനകം തരണം ചെയ്യേണ്ടിയിരിക്കുന്നു. പാർട്ടിയും ഗവർമ്മെണ്ടും എണ്ണത്തൊഴിലാളികൾക്കു ഗണ്യമായ സഹായം നൽകിയിട്ടുണ്ട്. മന്ത്രാലയത്തിന്റെ സംഘാടന പ്രവർത്തനങ്ങളേയും, മാർഗ്ഗരേഖകളിൽ മുൻവെയ്ക്കപ്പെട്ട ചുമതലകൾ നിരുപാധികം നിറവേററുന്നതിലും ഈ ആവശ്യത്തിന്നായി തൊഴിൽ കൂട്ടായ്മയുടെ പരിശ്രമങ്ങളെ സംഘടിപ്പിച്ചണിനിരത്തുന്നതിലും അതിന്നുള്ള ശുഷ്കാന്തിയേയുമാണ് വിജയം ഇപ്പോൾ ആശ്രയിച്ചിരിക്കുന്നത്. തദ്ദേശീയ പാർട്ടി-സാമ്പത്തികസംഘടനകൾ ആസൂത്രണം ചെയ്യപ്പെട്ട അളവിൽ എണ്ണനിഷ്കർഷണം ചെയ്യുന്നതിന്നുറപ്പുവരുത്തുന്നതിൽ വലിയൊരു പങ്കുവഹിക്കേണ്ടതുണ്ട്.

കൽക്കരിവ്യവസായത്തിൽ, ഓപ്പൻകാസ്റ്റ് ഖനനത്തിന്ന്, വിശേഷിച്ചു കിഴക്കൻ മേഖലകളിൽ, സവിശേഷ ശ്രദ്ധ ലഭിച്ചുവരുന്നുണ്ട്. പഴയ കൽക്കരിഖനന പ്രദേശങ്ങളിൽ, ഒന്നാമതായും ഡോണെത്സ്ക്-കുസ്നെത്സ്ക് തടങ്ങളിൽ, കൽക്കരി ഖനികളുടെ പുനഃസജ്ജീകരണവും ആധുനികീകരണവും തുടരേണ്ടതുമാണ്.

സമ്പദ്ഘടനയുടെ ഊർജ്ജസ്വലവികസനത്തിന്ന് വൻതോതിലുള്ള ഭൂഗർഭപൂർവ്വേക്ഷണവും—വിശേഷിച്ച് എണ്ണയ്ക്കും പ്രകൃതിവാതകത്തിന്നും അയിരുകൾക്കും വേണ്ടിയുള്ള പൂർവ്വേക്ഷണം—പര്യേഷണം നടത്തപ്പെട്ട ഖനിജക്കരുതൽ നിക്ഷേപങ്ങൾ നിഷ്കർഷണത്തിന്നു സജ്ജമാക്കുന്നതിൽ കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള കാര്യക്ഷമതയും ഗുണവിശേഷവും ആവശ്യമാണ്.

ഘടനാപരമായ പുനസ്സംഘടനയുടെ ഏററവും പ്രധാനപ്പെട്ട ഒരു പ്രവണത, സോവിയററു ജനങ്ങളുടെ വൈവിദ്ധ്യമാർന്നതും അധികമധികം വളർന്നുവരുന്നതുമായ ആവശ്യങ്ങളെ പൂർണ്ണതരമായി തൃപ്തിപ്പെടുത്തുന്നതിലെ കൂടുതൽ വമ്പിച്ച ഊന്നലാണ്. ഭക്ഷ്യസംസ്കരണ-ഉപഭോഗസാധനവ്യവസായങ്ങളുടെ ത്വരിപ്പിക്കപ്പെട്ട വികസനം മുഖേനയാണിതു കൈവരിക്കപ്പെട്ടുവരുന്നത്.

12-ാം പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിൽ, കാർഷിക-വ്യാവസായികസാകല്യത്തിലെ ശാഖകൾക്കിടയിൽ കൂടുതൽ ഉററതും മെച്ചപ്പെട്ടനി

ലയിൽ ഏകോപിപ്പിക്കപ്പെട്ടതുമായ പരസ്പര പ്രവർത്തനം കൈവരിക്കപ്പെടും; ഇത് അവയുടെ ഒട്ടാകെയുള്ള പ്രവർത്തനത്തെ വളരെയേറെ മെച്ചപ്പെടുത്തും. കൃഷി ഗണ്യമാംവിധം വികസിക്കുകയും, അതിന്റെ ഭൗതിക-സാങ്കേതികാടിത്തറ ദൃഢീകരിക്കപ്പെടുകയും ചെയ്യും. കൂട്ടുകൃഷിക്കളങ്ങൾക്കും സ്റ്റേററുകൃഷിക്കളങ്ങൾക്കും പുതിയ യന്ത്രസാമഗ്രികളും ഖനിജവളങ്ങളും കളകളെയും കീടങ്ങളെയും നശിപ്പിക്കാനുള്ള രാസവസ്തുക്കളും നൽകുന്നതിന്നുള്ള മെച്ചപ്പെട്ട വ്യവസ്ഥകളുടെ ഫലമായും, അഭിവൃദ്ധിപ്പെടുത്തിയ നിലങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതുമുഖേനയും ഈ വിഭവങ്ങളെയെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതുമുഖേനയും എല്ലാതരം കാർഷികോൽപന്നങ്ങളുടേയും ഉൽപാദനം വർദ്ധിക്കും. ധാന്യോൽപാദനം 2500—2550 ലക്ഷം മെട്രിക് ടണ്ണിലെത്തിക്കാനും, മാംസത്തിന്റെ ഉൽപാദനം 210 ലക്ഷം മെട്രിക് ടൺ ആക്കാനും ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു. തീവ്രമായ സാങ്കേതിക മാർഗ്ഗങ്ങൾ പ്രയോഗിക്കുകയും ധാന്യവിളവും കന്നുകാലികളുടെ ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുകയും, കാർഷിക-വ്യാവസായിക സാകല്യത്തിന്നകത്ത് സാമ്പത്തികമാനേജുമെന്റിന്റെ പുതിയ മാർഗ്ഗങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നതുമുഖേന മാത്രമേ അത്തരത്തിൽ മികച്ച ഒരു പ്രദർശനം കാഴ്ചവെയ്ക്കാനാവൂ. വരാൻപോകുന്ന വർഷങ്ങളിൽ സംസ്കരണവ്യവസായങ്ങളുടേയും പരിവഹനത്തിന്റേയും മുൻഗണനാവികസനത്തിന്നും കാർഷികോൽപന്നങ്ങൾ സൂക്ഷിക്കുന്നതിന്നു മെച്ചപ്പെട്ട സൌകര്യങ്ങളേർപ്പെടുത്തുന്നതിന്നും പ്രത്യേക ഊന്നൽ നൽകപ്പെടും. ഇതെല്ലാംതന്നെ അനാവശ്യമായ മുതൽമുടക്കും നഷ്ടങ്ങളും കുറയ്ക്കുകയും വിഭവങ്ങളെ വിപുലീകരിക്കുകയും ഭക്ഷ്യവസ്തുക്കളുടെ ഗുണവിശേഷം മെച്ചപ്പെടുത്തുകയും ചെയ്യും.

ഉപഭോഗസാധനോൽപാദനക്കുറിമാനങ്ങൾ മുൻവെച്ചിട്ടുള്ളത് ഉപഭോഗസാധനങ്ങളുടെ നിർമ്മാണവും സേവനങ്ങളും വികസിപ്പിക്കുന്നതിന്നുള്ള സമഗ്രപരിപാടിയനുസരിച്ചാണ്: ഇത് അവയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കുംവേണ്ട വിശാലമാർഗ്ഗങ്ങൾ തുറന്നുവെയ്ക്കും. ലഘു-പ്രാദേശിക വ്യവസായങ്ങളുടെയും സേവനവിധാനങ്ങളുടേയും വ്യാപാരത്തിന്റെയും ത്വരിപ്പിക്കപ്പെട്ട സാങ്കേതികപുരോഗതിയും വികസനവും നടപ്പിലാക്കുക എന്നതാണ് കടമ. ഭക്ഷ്യവസ്തുക്കളൊഴിച്ചുള്ള ഉപഭോഗസാധനങ്ങളുടെ നിർമ്മാണം അടുത്ത അഞ്ചുകൊല്ലക്കാലത്തിനടയിൽ 30 ശതമാനം കണ്ടു വർദ്ധിപ്പിക്കാൻ, അതായത്; ഈ രംഗത്ത് വ്യാവസായികോൽപാദനത്തിലെയാകെ വളർച്ചനിരക്കിനേക്കാൾ കൂടുതൽ ഉയർന്ന വളർച്ചനിരക്കിന്നുറപ്പുവരുത്താൻ, ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു. സാധനങ്ങളുടെ ഇനങ്ങൾ ഗണ്യമാംവിധം വിപുലീകരിക്കുകയും അവയുടെ ഗുണവിശേഷം മെച്ചപ്പെടുത്തുകയും ചെയ്യും.

അടിസ്ഥാന സംരചനയുടെയാകെ, അതായത് ഗതാഗതം, വാർത്താവിനിമയം, വാർത്താവിതരണ വിധാനം, ഭൗതിക-സാങ്കേതിക സപ്ലൈകൾ, പണ്ഡകശാലകളും, റോഡുകളും എന്നിവയുടെ, സമഗ്രവും നല്ല നിലയിൽ ഏകോപിക്കപ്പെട്ടതുമായ വികസനം നമ്മുടെ സമ്പദ്ഘടനയെ സംബന്ധിച്ചേടത്തോളം വർദ്ധമാനമായ പ്രാധാന്യമുള്ളതാണ്.

വർദ്ധിച്ചുവരുന്ന ചരക്കുഗതാഗതത്തേയും യാത്രക്കാരുടെ ഗതാഗതത്തേയും — വിശേഷിച്ചും രാജ്യത്തിന്റെ യൂറോപ്യൻ ഭാഗങ്ങൾക്കും കിഴക്കൻ ഭാഗങ്ങൾക്കുമിടയിൽ — കൈകാര്യം ചെയ്യുക എന്ന പ്രധാനപ്പെട്ട കടമയാണ് ട്രാൻസ്പോർട്ടുതൊഴിലാളികളെ അഭിമുഖീകരിക്കുന്നത്. അതിന്റെ വിജയകരമായ നിർവ്വഹണം എല്ലാത്തരം ഗതാഗതത്തിന്റെയും നല്ലനിലയിൽ ഏകോപിതമായ പ്രവർത്തനവും പുതിയ തരം ഗതാഗത മാർഗ്ഗങ്ങളുടെ വികസനവും, ട്രാൻസ്പോർട്ട് സർവീസുകളുടെ ഭൗതിക-സാങ്കേതികാടിത്തറയുടെ അധികതര ദൃഢീകരണവും ആവശ്യപ്പെടുന്നു. 12-ാം പഞ്ചവത്സരപദ്ധതിക്കാലഘട്ടത്തിൽ എല്ലാ കൂട്ടുകൃഷിക്കളം-സ്റ്റേററുകൃഷിക്കളം കേന്ദ്രങ്ങളേയും ജില്ലാഭരണ കേന്ദ്രങ്ങളുമായി മോട്ടോർ പാതകൾവഴി ബന്ധിപ്പിക്കുക എന്നത് വമ്പിച്ച വ്യാവസായിക-സാമൂഹ്യപ്രാധാന്യമുള്ള ഒരു കടമയാണ്.

എല്ലാ ഘടക റിപ്പബ്ലിക്കുകളേയും പ്രധാനപ്പെട്ട റീജണുകളേയും വികസിപ്പിക്കുന്നതിന്നുള്ള നടപടികൾ, ദേശീയ സാമ്പത്തിക സമുച്ചയത്തിനകത്തെ സാമൂഹ്യാദ്ധ്വാനത്തിന്റെ ടെറിട്ടോറിയൽ വിഭജനത്തോടുള്ള രാജ്യതന്ത്രജ്ഞോചിതവും യുക്തിയുക്തവുമായ ഒരു സമീപനത്തിന്റെ വീക്ഷണകോണിൽ നിന്നുകൊണ്ടാണാവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. എല്ലാ റിപ്പബ്ലിക്കുകളുടേയും സാമ്പത്തിക-സാംസ്കാരിക വികസനം ഊർജ്ജിതപ്പെടുത്താനും ഉൽപാദകശക്തികളുടെ മെച്ചപ്പെട്ട സ്ഥലനിർണ്ണയത്തിന്നുറപ്പുവരുത്താനും ഉതകുന്നവിധത്തിലാണ് കരടു മാർഗ്ഗരേഖകളിൽ കുറിമാനങ്ങൾ മുൻവെയ്ക്കപ്പെട്ടിരിക്കുന്നത്. ഓരോ റിപ്പബ്ലിക്കും, രാജ്യത്തിന്റെ സാമ്പത്തിക ശേഷിസാദ്ധ്യത പടുത്തുയർത്തുന്നതിന്നു കനത്ത ഒരു സംഭാവന നൽകേണ്ടതുണ്ട്.

ഏററവും പ്രധാനപ്പെട്ട ടെറിട്ടോറിയൽ പ്രശ്നങ്ങളിലൊന്ന്, വ്യവസായം ഏർപ്പെടുത്തുന്ന സ്ഥലവും ലഭ്യമായ ആൾശക്തി-ഭൗതിക വിഭവങ്ങളും തമ്മിൽ കൂടുതൽ ഉററ ബന്ധം ഏർപ്പെടുത്തുക എന്നതാണ്. പരക്കെ അറിയപ്പെടുന്നതുപോലെ, വിവിധതരത്തിൽപെട്ട വിഭവങ്ങൾ നമ്മുടെ രാജ്യത്തിന്റെ ഭൂപ്രദേശത്തു അസമമായാണ് വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഉല്പാദനാസ്തികളിൽ കൂടുതൽ വമ്പിച്ച ഭാഗം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് യു. എസ്. എസ്. ആറിന്റെ യൂറോപ്യൻ ഭാഗത്താണ്; അതേ സമയത്ത് ഇന്ധന-അസംസ്കൃതപദാർത്ഥ ഉല്പാദനം പ്രധാനമായും വികസിപ്പിക്കപ്പെട്ടുവരുന്നതു സൈബീരിയയിലാണ്. അതേയവസരത്തിൽ അദ്ധ്വാന വിഭവങ്ങളുടെ ഏററവും ഉയർന്ന വളർച്ചനിരക്ക് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് മദ്ധ്യേഷ്യയിലും ട്രാൻസ് കൊക്കേഷ്യൻ പ്രദേശത്തുമാണ്. കൂടുതൽ ഊർജ്ജം ഉപഭോഗിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾ ഇന്ധന-ഊർജ്ജ ഉല്പാദക മേഖലയ്ക്കുസമീപം സ്ഥാപിക്കുന്നതിന്നും, ആവശ്യമായ ആൾശക്തി വിഭവങ്ങൾ ഉള്ള പ്രദേശങ്ങളിൽ തൊഴിൽ സ്ഥലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും കരടു മാർഗ്ഗരേഖകൾ വ്യവസ്ഥചെയ്യുന്നു. സൈബീരിയയുടേയും സോവിയററു കിഴക്കൻ പ്രദേശങ്ങളുടേയും സാമ്പത്തിക വികസനത്തെ സംയോജിപ്പിക്കുന്നതിലും അവിടങ്ങളിലെ പ്രകൃതിസമ്പത്തുകളെ വികസിപ്പിക്കുന്നതിലും അവയുമായി ഗതാഗത ബന്ധങ്ങൾക്കുറ

പ്പുവരുത്തുന്നതിലും പ്രസ്തുത മാർഗ്ഗരേഖകൾ സവിശേഷ ശ്രദ്ധപതിപ്പിക്കുന്നു.

അങ്ങിനെ, ഊർജ്ജസ്വലനവും ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുമാണ് 12-ാം പഞ്ചവത്സരപദ്ധതിയുടെ ഘടനാപരമായ നയത്തിന്റെ മൌലിക ഘടകങ്ങൾ. ഈ നയം ദേശീയ സമ്പദ്ഘടനയുടെ ഭൌതിക-സാങ്കേതികാടിത്തറ ശക്തിപ്പെടുത്തുന്നതിന്നുവേണ്ട ഉറച്ച അസ്തിവാരത്തിന്നുറപ്പുവരുത്തുന്നു.

## 4. നിയന്ത്രണസംവിധാനവും മാനേജുമെണ്ടു മാർഗ്ഗങ്ങളും അഭിവൃദ്ധിപ്പെടുത്തൽ

സഖാക്കളേ, നമ്മുടെ പദ്ധതികളുടേയും ലക്ഷ്യങ്ങളുടേയും വിജയം മാനേജുമെൻറിന്റെ മാർഗ്ഗങ്ങളും നിയന്ത്രണവും അഭിവൃദ്ധിപ്പെടുത്തുന്നതുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. മുമ്പത്തെ മാർഗ്ഗങ്ങളും പഴയ സംഘടനാരൂപങ്ങളുംകൊണ്ട്, അവയെ പുതിയ സാഹചര്യങ്ങൾക്കും സാമ്പത്തിക വളർച്ചയ്ക്കുവേണ്ട അധുനാതനാവശ്യങ്ങൾക്കും യോജിക്കുമാറ് സമൂലം മാററാതെ, ഉല്പാദനത്തെ സർവ്വതോമുഖമായ ഊർജ്ജസ്വലനത്തിന്റെ പാതയിലേക്കു പ്രവേശിപ്പിക്കാൻ നമുക്കു കഴിയുകയില്ല. നമുക്കിവിടെ ആവശ്യമുള്ളത് ഭാഗികമായ പരിഷ്കരണമല്ല; പിന്നെയോ, മിഖയിൽ ഗോർബച്ചേവ് രാഷ്ട്രീയറിപ്പോർട്ടിൽ പറഞ്ഞതുപോലെ, സമൂലമായ ഒരു പരിഷ്കാരമാണ്.

തുറന്നുപറഞ്ഞാൽ, നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുന്നതിന്നു വേണ്ടിയുള്ള നിർബ്ബന്ധപൂർവ്വമായ ആവശ്യകതയെ പല വിധത്തിലും കുറച്ചുമതിക്കുകയാണ് അടുത്ത കാലംവരേയും ചെയ്തിരുന്നത്. സാവധാനത്തിലും അർദ്ധമനസ്സോടെയുമാണ് ജോലി നിർവ്വഹിക്കപ്പെട്ടുവന്നിരുന്നത്. പഴയ, മുഖ്യമായും ഭരണനിർവ്വഹണപരമായ മാർഗ്ഗങ്ങളോടുള്ള പക്ഷപാതം തുടർന്നു മേൽകൈവഹിച്ചുകൊണ്ടിരിക്കുകയും, സാമ്പത്തിക വികസനത്തിന്നു പ്രേബക്കിടുന്ന ഒരു ഘടകമായിവർത്തിക്കുകയും ചെയ്തു. ബൌദ്ധികമായ ചലനരാഹിത്യം, അനിവാര്യമായും പ്രവൃത്തികളിലും ചലനരാഹിത്യം വളർത്തി.

പാർട്ടി ഇതിൽനിന്നു ഉചിതമായ നിഗമനങ്ങൾ കൈക്കൊള്ളുകയും, വ്യക്തമായ ഒരു ലക്ഷ്യം മുൻവെയ്ക്കുകയും ചെയ്തിട്ടുണ്ട്: നിയന്ത്രണ സംവിധാനത്തെയാകെ അതിന്റെ കാര്യക്ഷമത ഗണ്യമാംവിധം വർദ്ധിക്കുമാറ് അഭിവൃദ്ധിപ്പെടുത്തുന്നതിന്നും, ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ സുപ്രധാനമായ ത്വരണത്തിലും മാനുഷിക ഘടകത്തെ സർവ്വതോമുഖമാം വിധം വീര്യവത്താക്കിത്തീർക്കുന്നതിലും കേന്ദ്രീകരിക്കുന്നതിന്നുംവേണ്ടി വൻതോതിൽ നടപടികൾ കൈക്കൊള്ളുക എന്നതാണ് ആ ലക്ഷ്യം. ഈ ലക്ഷ്യത്തെ സി. പി. എസ്. യു. വിന്റെ 27-ാം കോൺഗ്രസ്സിൽ സമർപ്പിക്കപ്പെട്ട, കേന്ദ്രക്കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ട് പൂർണ്ണമായും ഗാഢമായും സാധൂകരിച്ചു സമർത്ഥിച്ചിരിക്കുന്നു: നമ്മുടെ നടപടികളുടെ അടിസ്ഥാനപരമായ മാർഗ്ഗം അതു നിർവ്വഹിച്ചിരിക്കുന്നു. ജനാധിപത്യ കേന്ദ്രീകരണത്തിന്റെ മാററാനാ

വാത്ത പ്രമാണത്തെ ആധാരമാക്കിക്കൊണ്ട് നാം ഈ മാർഗ്ഗം പിൻതുടരുകയും, സമ്പദ്ഘടനയുടെ കേന്ദ്രീകൃത-ആസൂത്രിത മാർഗ്ഗദർശനത്തെ — സോഷ്യലിസത്തിന്റെ മഹത്തായ നേട്ടത്തെയും സാരാംശത്തിലുള്ള മെച്ചത്തെയും — തുടർന്നു ദൃഢീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യണം. ഇക്കാര്യത്തിലും നാം മൗലിക പ്രമാണങ്ങളിൽനിന്നു വ്യതിചലിക്കുമെന്ന ബൂർഷ്വാ പ്രത്യയശാസ്ത്ര പ്രചാരകരുടെ പ്രത്യാശകൾക്കൊത്തു ജീവിച്ചിട്ടില്ല, ഒരിക്കലും ജീവിക്കുകയുമില്ല എന്നു സ്പഷ്ടമാണ്. അതേ സമയത്ത്, അസോസ്യേഷനുകളുടേയും വ്യവസായ സ്ഥാപനങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി പാർട്ടി ദൃഢനിശ്ചയത്തോടെ വിപുലീകരിക്കുകയും, അന്തിമഫലങ്ങളെ സംബന്ധിച്ചേടത്തോളം അവയ്ക്കുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും 'കോസ്റ്റ് എക്കൌണ്ടിങ്ങിന്' ആഴംകൂട്ടുകയും ചെയ്യും. സമ്പദ്ഘടനയുടെ വിശാലമായ വ്യാപ്തിയും അന്തർശാഖാ-റീജണൽ ബന്ധങ്ങളുടെ സങ്കീർണ്ണ സ്വഭാവവും, ശാഖാ-ടെറിട്ടോറിയൽ നിയന്ത്രണത്തിന്റെ പരമാവധി അനുകൂലമായ സംയോജനവും സംഘടനാപരമായ സംരചനകളുടെ അഭിവൃദ്ധിയും കൈവരിക്കുക എന്നത് അത്യന്താപേക്ഷിതമാക്കിത്തീർക്കുന്നുണ്ട്.

ഈ വിഷയത്തിൽ അടുത്ത കാലത്തായി പ്രധാനപ്പെട്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇത് നമുക്കറിയാമല്ലോ. കൂടുതൽ ഫലപ്രദമായ നിയന്ത്രണരൂപങ്ങൾക്ക്വേണ്ടി പണ്ടെന്നത്തേക്കാൾ വിപുലതരമായ ഒരന്വേഷണവും പരീക്ഷണാർത്ഥമുള്ള അവയുടെ ആവിഷ്കരണവും അതോടൊപ്പം നൂതനരീതികൾ നടപ്പാക്കലും നമ്മുടെ സാമ്പത്തികജീവിതത്തിന്റെ തനതായ ലക്ഷണവിശേഷമായിത്തീർന്നിരിക്കുന്നു. യോഗ്യത തെളിയിച്ചിട്ടുള്ള നൂതന രീതികളാണിവ. നമ്മൾ സ്ഥാപനങ്ങളുടെയും അസോസിയേഷനുകളുടേയും അവകാശങ്ങളും ഉത്തരവാദിത്വങ്ങളും വിപുലപ്പെടുത്തിക്കൊണ്ടു തുടങ്ങി. ഈ വിതാനത്തിലാണല്ലോ ഭൗതികപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കപ്പെടുകയും നിയന്ത്രണത്തിന്റെ ചരടുകൾ കെട്ടുപിണയ്ക്കപ്പെടുകയും ചെയ്യുന്നത്. ഇവിടെ സാമ്പത്തികപ്രവർത്തനസംവിധാനത്തിന്റെ പോരായ്മകൾ വിശേഷിച്ചു കാണത്തക്കവിധമുള്ളവയായിരുന്നു. തൊഴിൽകൂട്ടായ്മകളുടെ താൽപര്യങ്ങളും അവയുടെ പ്രവർത്തനത്തിന്റെ അന്തിമഫലങ്ങളും തമ്മിൽ ഉററ ബന്ധമുണ്ടായില്ല. ഇത് അവയുടെ മുൻകൈയ്യിനേയും കണ്ടുപിടുത്തത്തിന്നുള്ള തൃഷ്ണയേയും നിർവീര്യമാക്കിത്തീർത്തു; ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഉൽപാദനശേഷിസാദ്ധ്യതകൾ വിനിയോഗിക്കുവാൻ അവയ്ക്ക് പ്രചോദനം നൽകിയതുമില്ല. അതാത് സാമ്പത്തികശാഖകളുടെ പ്രത്യേകതയെ അടിസ്ഥാനമാക്കിയുള്ള പുതിയ സമ്പ്രദായങ്ങൾ ആവിഷ്കരിക്കപ്പെട്ടുവരുന്നു ഇപ്പോൾ. പഴയ അബദ്ധങ്ങൾ ഒഴിവാക്കുവാനാണ് ഇത്. പുതിയ സമ്പ്രദായങ്ങളുടെ പ്രബലവശങ്ങളും ദുർബലവശങ്ങളും പൂർവ്വാധികം ഖണ്ഡിതമായി നിർണ്ണയിക്കുവാനും അവ തികവുററതാക്കുവാനും അവയുടെ പ്രയോഗമണ്ഡലം ഘട്ടംഘട്ടമായി വിപുലപ്പെടുത്തുവാനും ഇതൊക്കെ നമ്മെ സഹായിക്കുന്നു.

12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത്, ഒരു ഉദ്ഗ്രഥിത നിയന്ത്രണവ്യവസ്ഥ വികസിപ്പിച്ചെടുക്കുന്നതിൽ നമ്മൾ കൊണ്ടുപിടിച്ചു നിൽ

ക്കേണ്ടതുണ്ട്; സാമ്പത്തികപ്രവർത്തനസംവിധാനത്തിന്റെ അംശങ്ങളെ സുസ്ഥിരം സംയോജിപ്പിക്കേണ്ടതുണ്ട്; ഉൽപാദനത്തിന്റെ ആസൂത്രണത്തിന്നും ഉത്തേജനത്തിന്നും സംഘാടനത്തിനും കൂടുതൽ ഫലവത്തായ രൂപങ്ങളും സമ്പ്രദായങ്ങളും തേടേണ്ടതുണ്ട്.

ഈ പഞ്ചവൽസരക്കാലത്തെ ഏററവും പ്രധാനപ്പെട്ട കടമകളിൽ ഒന്ന് സമ്പദ്വിധാനത്തിന്റെ സമസ്തശാഖകളിലും പുതിയ മാനേജ്മെന്റ് സമ്പ്രദായങ്ങൾ നടപ്പാക്കുക എന്നതാണ്. വ്യാവസായികോൽപാദനത്തിന്റെ പകുതി ഭാഗത്തിനും മുഴുവൻ വാർത്താവിനിമയ വ്യവസ്ഥയ്ക്കും സേവനവ്യവസായത്തിനും ചില ഗതാഗത സംരംഭങ്ങൾക്കും കാരണഭൂതങ്ങളായ സ്ഥാപനങ്ങൾ പുതിയ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 1987-ലേക്ക് മുഴുവൻ വ്യാവസായിക, ഗതാഗത സംരംഭങ്ങളും ഈ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്. അതോടൊപ്പം നമ്മൾ കഴിയുന്നത്ര ഏററവും ചുരുങ്ങിയ കാലംകൊണ്ട്, കാർഷിക-വ്യാവസായിക സാകല്യത്തിന്റെ മാനേജ്മെന്റ് പുനഃസംഘാടനം പൂർത്തിയാക്കുകയും അതിന്റെ നടത്തിപ്പിന്ന് ഇനിയും എത്രയോ ഏറെ കാര്യക്ഷമമായ മുറകൾക്ക് കളമൊരുക്കുകയും, കൂട്ടുകൃഷിക്കളങ്ങളിലും സ്റ്റേററു ഫാമുകളിലും സ്ഥാപനങ്ങളിലും അസോസിയേഷനുകളിലും വിശാലമായ തോതിൽ കോസ്റ്റ് അക്കൗണ്ടിങ്ങ് ബന്ധങ്ങൾ ഏർപ്പെടുത്തുന്നതിന് അടിസ്ഥാനമിടുകയും ചെയ്യണം.

നടേപറഞ്ഞപോലെ, എടുപ്പുനിർമ്മാണവ്യവസായത്തിന്റെ മാനേജ്മെന്റിന്ന് ഏററവും അടിയന്തിരമായി പരിഷ്കാരങ്ങൾ ആവശ്യമായി വന്നിരിക്കുന്നു. ഇവിടെ നമ്മൾ, ഈ വർഷംതന്നെ, സാമ്പത്തികപ്രവർത്തനസംവിധാനത്തിന്റെ പുതിയ ആസൂത്രണസമ്പ്രദായങ്ങളും അതിന്റെ മൂലകങ്ങളും പരീക്ഷണാർത്ഥം പരിശോധിക്കുന്ന ഒരു നടപടി ആരംഭിക്കേണ്ടതുണ്ട്. തുടർന്ന് മുഴുവൻ വ്യവസായത്തിലേക്കും അവ വ്യാപിക്കുവാനാണിത്. മൂലധനനിർമ്മാണത്തിലെ മാനേജ്മെന്റ് സംഘാടനവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ മുഴുവൻ സംഗതിയും രാജ്യത്തിന്റെ മുമ്പാകെയുള്ള കടമകളുടെ വെളിച്ചത്തിൽ അവധാനപൂർവ്വമായ പഠനം ആവശ്യമാക്കിത്തീർക്കുന്നു.

നമുക്ക് സാമ്പത്തികപ്രവർത്തനസംവിധാനത്തെ ഇനിയും അഭിവൃദ്ധിപ്പെടുത്തുകയും അതിന്റെ എല്ലാ മൂലകങ്ങളെയും സമഗ്രമായി ആവിഷ്കരിക്കുകയും വേണമെന്നുണ്ടെങ്കിൽ, കോസ്റ്റ് അക്കൗണ്ടിങ്ങിനെ ഗാഢതരമാക്കുക വിശേഷിച്ചു പ്രധാനമാണ്. സ്ഥാപനങ്ങളും അസോസിയേഷനുകളും കൈവരിക്കുന്ന അന്തിമഫലങ്ങളും ഉൽപാദനവികസനം, ജോലിക്കാരുടെ ശമ്പളം, അവർക്കുള്ള ഭൗതികചോദകങ്ങൾ, അവരുടെ സാമൂഹ്യാവശ്യങ്ങൾ നിറവേററൽ എന്നിവയ്ക്ക് സ്ഥാപനങ്ങളും അസോസിയേഷനുകളും വകയിരുത്തുന്ന ഫണ്ടുകളും തമ്മിൽ ഉററതും കർശനവുമായ ഒരു പരസ്പരാശ്രയം സ്ഥാപിക്കപ്പെടണം. ഈ ഫണ്ടുകളാവണം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഉൽപാദനപരവും സാമൂഹ്യവുമായ എല്ലാ വശങ്ങളും അധികാധികം നിർണ്ണയിക്കുക.

ഇതിന്നുവേണ്ടി താഴെ പറയുന്ന കടമകൾ നമ്മൾ മുൻവെക്കുന്നു: ഒന്ന്, ഉൽപാദനവികസനത്തിന്നുള്ള ഫണ്ട് സാങ്കേതിക പുനഃസജ്ജീകര

ണത്തിൻെറയും ആധുനികീകരണത്തിൻെറയും അടിസ്ഥാനസ്രോതസ്സാക്കുക; രണ്ട്, പാർപ്പിടങ്ങളും സാമൂഹ്യ-ദൈനന്ദിനസൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് തൊഴിൽകൂട്ടായ്മകൾ നേരിട്ടു സ്വരൂപിക്കുന്ന ഫണ്ടുകൾ അധികാധികം ഉപയോഗപ്പെടുത്തുക; മൂന്ന്, ഓരോ തൊഴിലാളിയുടേയും സമ്പാദ്യത്തെ അന്തിമഫലത്തിലേക്കുള്ള അവൻെറയോ അവളുടേയോ വ്യക്തിഗതസംഭാവനയുമായി പൂർവ്വാധികം ഖണ്ഡിതമായി ബന്ധപ്പെടുത്തുക; നാല്, ചില സ്ഥാപനങ്ങളുടെ സൽഫലങ്ങൾകൊണ്ട് മററുള്ളവയുടെ മാനേജ്മെൻറിന്ന് പ്രതിഫലം കൊടുക്കുക സാദ്ധ്യമാക്കുന്ന എല്ലാ തുറകളും തീരേ നിർത്തുക; അഞ്ച്, സ്ഥാപനങ്ങളുടെ കോൺട്രാക്ട് ബന്ധങ്ങളുടെ മണ്ഡലം ഇനിയും വിപുലപ്പെടുത്തുകയും ഉപഭോക്താക്കളോടുള്ള തങ്ങളുടെ ബാദ്ധ്യതകൾ നിറവേററുക സ്ഥാപനങ്ങളുടെ തികഞ്ഞ ഉത്തരവാദിത്തമാക്കിത്തീർക്കുകയും ചെയ്യുക. അവസാനമായി, ഏററവും പ്രധാനപ്പെട്ട ഒരു കാര്യം, മേൽഘടകങ്ങൾ തൊഴിൽകൂട്ടായ്മകളുടെ നിയമാനുസൃത അവകാശങ്ങളിൽ ആവശ്യമില്ലാത്ത മേലന്വേഷണം നടത്തുകയും കൈകടത്തുകയും ചെയ്യുന്ന സമ്പ്രദായം നിർത്തുക; തൊഴിൽകൂട്ടായ്മകളെ അവരുടെ പദ്ധതികൾ അവർതന്നെ സ്വയം നിറവേററുന്നതിന്ന് അനുകൂലതമമാർഗ്ഗങ്ങൾ കണ്ടെത്തുവാൻ പ്രാപ്തരാക്കുക.

കൃത്യമായി ഇതാണ് പ്രയോഗത്തിൽ പൂർണ്ണതോളവിലുള്ള കോസ്റ്റ് അക്കൗണ്ടിങ്ങ്. സ്ഥാപനങ്ങളും അസോസിയേഷനുകളും ഉൽപാദനശേഷിസാദ്ധ്യതകൾ, ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടേയും സിദ്ധികൾ, പരമാവധി ഉപയോഗപ്പെടുത്തുകയും, അവ വിഭവങ്ങൾ പരമാവധി ചുരുക്കിച്ചിലവാക്കുകയും, അവ ഉപഭോക്താക്കളുടെ ആവശ്യങ്ങളോടു അനുനേയമായും സത്വരമായും പ്രതികരിക്കുകയും ചെയ്യുക ഖണ്ഡിതമായും അത്യന്താപേക്ഷിതമാക്കിത്തീർക്കും ഈ സാമ്പത്തികോപാധികൾ.

കോസ്റ്റ് അക്കൗണ്ടിങ്ങിൻെറ ഉന്നമനത്തിന്ന് നാം കൊണ്ടുപിടിച്ചു പ്രയത്നിക്കണം. സ്ഥാപനങ്ങൾ സ്വയം പണം മുടക്കലിലേക്കും സ്വയംപര്യാപ്തതയിലേക്കും മാറിക്കാണാൻ നാം ശ്രമിക്കണം. ഈ പ്രമാണങ്ങൾ വോൾഗാ കാർ വർക്സിലും സുമിയിലെ റിസർച്ച് ആൻറ് പ്രൊഡക്ഷൻ അസോസിയേഷനിലും സമഗ്രമായി പരിശോധിക്കപ്പെട്ടുവരികയാണിപ്പോൾ. അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഫലങ്ങൾ ആശാവഹങ്ങളാണ്. ഈ പാത ഊർജ്ജസ്വലമായി നാം പിന്തുടരണം.

നമുക്ക് പുതിയ മാനേജ്മെൻറ് സമ്പ്രദായം മെച്ചപ്പെടുത്തണമെന്നുണ്ടെങ്കിൽ, സാമ്പത്തികമാനകങ്ങളുടെ ഈ സംഹിത വികസിപ്പിക്കുക വിശേഷിച്ചു പ്രധാനമാണ്. മുഴുവൻ പഞ്ചവൽസരക്കാലത്തേക്കുമുള്ള മാനകങ്ങൾ നിശ്ചയിക്കണം. കാര്യക്ഷമമായ പ്രയത്നത്തിന്ന് ഭൗതികമായും ധാർമ്മികമായും പ്രതിഫലം ഉറപ്പാണെന്ന വിശ്വാസം തൊഴിൽകൂട്ടായ്മകൾക്കുണ്ടാക്കുകയും വേണം. മറുവശത്ത് മോശഫലങ്ങൾ മുഴുവൻ കൂട്ടായ്മയേയും ബാധിക്കും. ഇവിടെ ഏററവും അപകടകരമായ കാര്യം മാനകങ്ങളുടെ ഭദ്രത തകർക്കുക എന്നതാണ്. പക്ഷേ, ഇത് സംഭവിക്കാറുണ്ട് എന്ന് ഖേദപൂർവ്വം പറയട്ടെ. കോസ്റ്റ് അക്കൗണ്ടിങ്ങിൻെറ

നെടുംതൂണുകളെ കടപുഴക്കുന്നു ഇത്. അതിനാൽ, ഇതിനെതിരായി അചഞ്ചലം പോരാടണം.

സാമ്പത്തികമാനകങ്ങൾ ആസൂത്രിതമാനേജ്മെന്റിന്റെ ആശാവഹമായ ഒരു ഉപകരണമാണെന്ന വസ്തുത ഊന്നിപ്പറയേണ്ടതുണ്ട്. അവ സാമ്പത്തികമാനേജ്മെന്റിലെ കേന്ദ്രീകരണത്തെ ചരക്ക്-പണ ബന്ധങ്ങളുടെ വിനിയോഗവുമായും മൂല്യനിയമവുമായും അനുനേയമായി സമന്വയിക്കുന്നു. കേന്ദ്ര സാമ്പത്തിക സമിതികളും മന്ത്രാലയങ്ങളും സ്ഥാപനങ്ങളും പൂർണ്ണാളവിൽ അവ ഉപയോഗപ്പെടുത്തുവാൻ പഠിക്കണമെന്നത് പ്രധാനമാണ്. അവ പ്രയോഗിക്കപ്പെടുന്ന മണ്ഡലം ഇനിയും വിപുലപ്പെടേണ്ടതുണ്ട്. നിലവിലുള്ള അനുഭവങ്ങളിൽ ദൃഷ്ടി പതിപ്പിച്ചുവേണമത്. സ്റ്റേറ്റുസ്ഥാപനങ്ങളും ബജറ്റും തമ്മിലുള്ള ബന്ധവ്യവസ്ഥയെ ഒരു മാനകീയാടിസ്ഥാനത്തിൽ പ്രതിഷ്ഠിച്ചും വേണമത്.

പുതിയ മാനേജ്മെന്റ് സംവിധാനത്തിലേക്ക് പടുത്തുയർത്തികൊണ്ടുവരപ്പെട്ട സ്ഥാപനങ്ങളുടെ അവകാശങ്ങൾ വിപുലപ്പെടുത്തുക എന്ന നയം, അതിന്റെ പ്രമാണങ്ങൾ ടീം തൊട്ട് പ്രവൃത്തിസ്ഥലംവരെ എല്ലാ ഉൽപാദനനിലവാരങ്ങളിലും പ്രയോഗിക്കപ്പെടുന്നില്ലെങ്കിൽ, ഉദ്ദിഷ്ടഫലങ്ങൾ ഉളവാക്കുകയില്ലതന്നെ. അസോസിയേഷനുകളിലും സ്ഥാപനങ്ങളിലും കോസ്റ്റ് അക്കൗണ്ടിങ്ങിനെ, അദ്ധ്വാനസംഘാടനത്തിന്റെയും പ്രതിഫലത്തിന്റെയും കോൺട്രാക്ട് രൂപങ്ങൾ വികസിപ്പിക്കലുമായി സാംഗോപാംഗം ബന്ധിപ്പിക്കേണ്ടതാവശ്യമാക്കിത്തീർക്കുന്നു ഇത്. ബഹുജനങ്ങളുടെ കർമ്മക്ഷമതയ്ക്കും മുൻകൈയിന്നും കൂടുതൽ വലിയ സാദ്ധ്യത പ്രദാനം ചെയ്യുമത്; ഉൽപാദനത്തിന്റെ കൂട്ടായ്മപ്രമാണങ്ങൾ പൂർവ്വാധികം ദൃഢീകരിക്കപ്പെടും. ജനങ്ങൾ പൊതുലക്ഷ്യത്തിൽ വ്യാപൃതരാകേണ്ടതിന്റെ പ്രാധാന്യം അവർക്ക് കൂടുതൽ സ്പഷ്ടമായി ബോദ്ധ്യപ്പെടും. ''താൻ തന്റെ സ്വന്തം ഫാക്ടറിയുടെ യജമാനൻ മാത്രമല്ലെന്നും പ്രത്യുത രാജ്യത്തിന്റെ ഒരു പ്രതിനിധി കൂടിയാണെന്നുമുള്ള അനുഭൂതി, തന്റെ ഉത്തരവാദിത്വത്തെപ്പറ്റിയുള്ള അവന്റെ അനുഭൂതി.'' ഓരോ തൊഴിലാളിക്കും ഉണ്ടാകുക എന്ന ലെനിന്റെ ഒസ്യത്ത് പ്രാവർത്തികമാകുക അപ്പോഴാണ്.

മാനേജ്മെന്റിൽ ജനാധിപത്യമുറകൾ വികസിപ്പിക്കുക എന്ന വിഷയത്തെ തത്വാധിഷ്ഠിതമായ പുതിയൊരു രീതിയിൽ രാഷ്ട്രീയറിപ്പോർട്ട് സമീപിക്കുന്നു. സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേരിട്ടുള്ള ഭാഗഭാഗിത്വം വിപുലപ്പെടുത്തുക എന്നതാണ് വിഷയം; തൊഴിൽകൂട്ടായ്മകളെ സംബന്ധിച്ച യു. എസ്. എസ്. ആർ. നിയമം പൂർണ്ണതരമായും കൂടുതൽ ഫലപ്രദമായും പ്രയോഗിക്കുക എന്നതാണ് വിഷയം. സാമ്പത്തിക-സാമൂഹ്യ വികസനപദ്ധതികൾ തയ്യാറാക്കുകയും നിറവേറ്റുകയും ചെയ്യുന്നതിലും സ്ഥാപനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിലും തൊഴിൽകൂട്ടായ്മകളുടെ സജീവവും സൃഷ്ടിപരവുമായ ഭാഗഭാഗിത്വമില്ലാതെ സാമ്പത്തികപ്രവർത്തനസംവിധാനം ഫലപ്രദമായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുവാൻ നമുക്ക് നിവൃത്തിയില്ല. അതുകൊണ്ടാണ് മാനേജ്മെന്റിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭാഗഭാഗിത്വത്തിന്ന്

നിലവിലുള്ളവയോടൊപ്പം പുതിയ കൂട്ടായ്മരൂപങ്ങൾ കണ്ടെത്തുക അവശ്യം ആവശ്യമാകുന്നത്. റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നപോലെ, തൊഴിൽകൂട്ടായ്മകളുടെ കൗൺസിലുകൾക്ക് അത്തരത്തിലുള്ള ഫലപ്രദമായ ഒരു രൂപമാകുവാൻ കഴിയും. മാനേജ്മെൻറിൻെറ ജനാധിപത്യപ്രമാണങ്ങൾ വിപുലപ്പെടുത്തുന്നതിൽ പാർട്ടിക്കും ട്രേഡ്‌യൂണിയന്നും കോംസമോളിന്നും മററു പൊതുജനസംഘടനകൾക്കും അഭിപ്രായപ്രകടനാവകാശമുണ്ടാവണം.

അടുത്ത കാലത്ത്, മാനേജ്മെൻറിൻെറ കാര്യക്ഷമത ഉയർത്തുന്ന കാര്യത്തിൽ സംഘടനാഘടനകൾക്കുള്ള പങ്ക് കുറച്ചുമതിക്കപ്പെടുകയുണ്ടായി. ഇത് നിയന്ത്രണം മെച്ചപ്പെടുത്തുന്ന പ്രവർത്തനത്തിൽ വലിയൊരു പ്രതിബന്ധമായി ഭവിച്ചു. അടുത്ത കാലത്തായി, നമുക്ക് അറിയാവുന്നപോലെ, ഉൽപാദന അസോസിയേഷനുകളുടെ സംസ്ഥാപനം അന്യായമാംവിധം വിഘ്നപ്പെടുത്തപ്പെട്ടു. ധാരാളം വ്യവസായങ്ങളിൽ നിർണ്ണായക സംഘടനാരൂപമായിത്തീരുവാൻ അവയ്ക്ക് കഴിഞ്ഞില്ല. ഈ പ്രക്രിയക്ക് പുതിയൊരു ഉത്തേജനം നൽകേണ്ടിയിരിക്കുന്നു. വങ്കിട ശാഖാന്തര അസോസിയേഷനുകൾ രൂപീകരിക്കുന്നതിലും നാം കൂടുതൽ തൻേറടം കാട്ടണം. ഈ അസോസിയേഷനുകൾ വകുപ്പുപരമായ വിഭജനങ്ങൾ ബാധിക്കാത്ത ഫലപ്രദമായ പ്രത്യേകവൽക്കരണത്തിന്നും സഹകരണത്തിന്നും വ്യവസ്ഥ ചെയ്യുന്നു.

മന്ത്രാലയങ്ങളുടെ പങ്കിൻേറയും ചുമതലകളുടേയും കാര്യത്തിൽ പുതിയൊരു സമീപനം വേണം. അവയുടെ പ്രവർത്തനത്തിൻെറ ഭാവവും ശൈലിയും, അവയുടെ സംഘടനാഘടനകൾപോലെതന്നെ, പഴയ, മുഖ്യമായും ഭരണനിർവ്വഹണപരമായ മാനേജ്മെൻറ് മുറകൾക്ക് പററിയവിധം ആകൃതിപ്പെടുത്തപ്പെട്ടവയാണ്. കാര്യക്ഷമമായ നിയന്ത്രണമുറകൾ ഏർപ്പെടുത്തുകയും സ്ഥാപനങ്ങളുടേയും അസോസിയേഷനുകളുടേയും അവകാശങ്ങൾ വിപുലപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമ്പോൾ മന്ത്രാലയങ്ങൾ സാരമായ നിലയിൽ അഴിച്ചുപണിയേണ്ടതുണ്ട്. അവയുടെ മുമ്പത്തെ ചുമതലകളുടെ ഒരു ഭാഗം, ഉൽപാദനത്തിൻെറ താൽപര്യങ്ങളെ മുന്നിർത്തി, തൊഴിൽകൂട്ടായ്മകളിലേക്ക് മാററപ്പെടേണ്ടതുണ്ട്. അനാവശ്യമായ നിത്യച്ചടങ്ങുകൾ ഉപേക്ഷിക്കുകയും സ്ഥാപനങ്ങളിൽ കൂടുതൽ വിശ്വാസം പ്രദർശിപ്പിക്കുകയും ചെയ്യണം.

ഇന്നത്തെ സാഹചര്യങ്ങളിൽ മന്ത്രാലയങ്ങൾ ബന്ധപ്പെട്ട വ്യവസായത്തിൽ ശാസ്ത്ര-സാങ്കേതികപുരോഗതിയുടേതായ കർമ്മതന്ത്രം ആവിഷ്കരിക്കുക, അതിൻെറ വികസനപരിപ്രേക്ഷ്യങ്ങൾക്ക് രൂപം നൽകുക, സാമ്പത്തികവ്യവഹാരത്തിൻെറ സാമാന്യനിലവാരം ഉയർത്തുക, അവസാനമായി, ചരക്കുകളിലുള്ള സമുദായത്തിൻെറ എല്ലാ ആവശ്യങ്ങളും നിവേററുക എന്നീ കാര്യങ്ങളിൽ മുഖ്യമായും തങ്ങളുടെ യത്നങ്ങൾ കേന്ദ്രീകരിക്കണം. ഈ ആവശ്യാർത്ഥം നാം നിയന്ത്രണത്തിൻെറ സംഘടനാവിധാനം ശാഖാവാറായി സമൂലം മെച്ചപ്പെടുത്തുകയും, നിയമേന രണ്ടു നിലവാര മാനേജീരിയൽ സ്കീം അംഗീകരിക്കുകയും ചെയ്യണം. ഈ സ്കീമിൻെറ ആവിഷ്കരണം എഞ്ചിനീയറിങ്ങ് സാകല്യത്തിൻെറ മന്ത്രാലയങ്ങളിൽ പൂർത്തിയായിക്കഴിഞ്ഞു. മറെറല്ലാ ശാഖകളിലും അത് ത്വരിതപ്പെടുത്തണം.

മന്ത്രാലയങ്ങളുടെ മുമ്പാകെയുള്ള കടമകഠം ലഘുവല്ല. അവ പുതിയ മാനേജ്മെൻറ് വ്യവസ്ഥയിൽ എങ്ങിനെ സാംഗോപാംഗം ഉദ്ഗ്രഥിക്കപ്പെടുന്നു എന്നതിനേയും കാലത്തിൻെറ ആവശ്യങ്ങളുമായി അവ മനഃശാസ്ത്രപരമായി എത്ര വേഗത്തിൽ സമരസപ്പെടുന്നുവെന്നതിനേയും പല വിധത്തിലും ആശ്രയിച്ചിരിക്കുന്നു വിജയം.

സാമ്പത്തികപ്രവർത്തനസംവിധാനത്തിൻെറ ഫലസിദ്ധി ഉയർത്തുന്ന കാര്യത്തിൽ നമ്മുടെ സാമ്പത്തികസമിതികഠംക്കുള്ള ഉത്തരവാദിത്വം അതിററു ഉയർത്തണം. തീർച്ചയായും, പാർട്ടിനയത്തിൻെറ മൗലികപ്രമാണങ്ങഠം നടപ്പാക്കുന്ന ഘടകങ്ങളാണവ.

എന്നാൽ, അവയുടെ പ്രായോഗിക പ്രവർത്തനങ്ങളിലും നടപടിമുറകളെപ്പററി കൊഴുത്ത അക്ഷരങ്ങളിലൂള്ള നിർദ്ദേശങ്ങളിലും ശുപാർശകളിലും മിക്കപ്പോഴും വിഷയങ്ങളുടെ പൊരുഠം വളച്ചൊടിക്കപ്പെടുന്നുവെന്നത് ഒരു രഹസ്യമല്ല. അവയിൽ വകുപ്പുവാദത്തിന്ന് മേൽക്കയ്യ് നൽകുകയും മർമ്മപ്രധാനസംരംഭങ്ങളെ നിർവ്വീര്യമാക്കുകയും ചെയ്യുന്നു. പ്രാദേശികതലത്തിൽ ന്യായമായ അസംതൃപ്തിക്ക് ഇടം നൽകുന്നു ഇത്. ഇത്തരം നടത്ത എന്നെന്നേക്കുമായി പിഴുതെറിയപ്പെടണം. പാർട്ടിതീരുമാനങ്ങളുടെ അർത്ഥവും സ്പിരിട്ടും കണിശമായി പാലിക്കപ്പെടണം.

സാമ്പത്തികപ്രവർത്തനസംവിധാനത്തിൻെറ അഴിച്ചുപണി നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഇതിൻെറ വിജയം ഏറിയ കൂറും യു. എസ്. എസ്. ആർ. സ്റ്റേററ് പ്ലാനിങ്ങ് കമ്മിററിയെ ആശ്രയിച്ചിരിക്കുന്നു. കമ്മിററി അതിൻെറ പ്രവർത്തനങ്ങഠം പുതിയ ആവശ്യങ്ങഠംക്ക് ഒപ്പിച്ചുകൊണ്ടുവരണം; മുഖ്യകടമയോടുള്ള സമഗ്രസമീപനത്തിന്ന് പ്രാമുഖ്യം നൽകണം; സമ്പദ്വ്യവസ്ഥയുടെ സന്തുലിതവും ഫലപ്രദവുമായ വളർച്ചക്ക് ഉത്തരവാദിത്വം വഹിക്കണം. ഈ സ്പിരിട്ടിൽ യു. എസ്. എസ്. ആർ. സ്റ്റേററ് പ്ലാനിങ്ങ് കമ്മിററിയുടെ ഘടന മാററി പണിയേണ്ടതും അത്യാവശ്യമാണ്. ആശാവഹങ്ങളായ സാമ്പത്തികപ്രവണതകളിൽ, സർവ്വോപരി ദേശീയസാമ്പത്തികവും ശാഖാന്തരവും പ്രദേശപരവുമായ അനുപാതങ്ങഠം രൂപപ്പെടുത്തുന്നതിൽ, അതിൻെറ പ്രവർത്തനങ്ങഠം കേന്ദ്രീകരിക്കുന്ന വിധത്തിലാവണമത്.

യു. എസ്. എസ്. ആർ. സ്റ്റേററ് സപ്ലൈസ് കമ്മിററിയുടെ മുമ്പാകെയും ഉത്തരവാദപ്പെട്ട കടമകളുണ്ട്. അതിൻെറ പ്രവർത്തനം പുതിയ സാമ്പത്തികപ്രവർത്തനസംവിധാനത്തിൻെറ ആവശ്യങ്ങഠംക്ക് ഒത്തുവരുമാറ് അഴിച്ചുപണിയേണ്ടതുണ്ട്. മൊത്തവ്യാപാരമടക്കം ഫലപ്രദമായ സപ്ലൈ-വിതരണരൂപങ്ങഠം നടപ്പാക്കുകയും വേണം.

യു. എസ്. എസ്. ആർ. ധനകാര്യമന്ത്രാലയത്തിൽനിന്ന് ധീരവും ദൃഢനിശ്ചിതവുമായ നടപടി നാം പ്രതീക്ഷിക്കുന്നു. അടുത്തകാലത്ത് ധനവകുപ്പ് സാമ്പത്തികകാര്യങ്ങളിൽ ബലഹീനമായ ഒരു പങ്കാണ് വഹിച്ചത്. സമ്പദ്വ്യവസ്ഥയുടെ ലാഭക്ഷമത വർദ്ധിപ്പിക്കുവാനുള്ള യത്നവും അപ്രകാരംതന്നെ. പല രംഗങ്ങളിലും ഫൈനാൻഷ്യൽ—ക്രെഡിററ് മെക്കാനിസം പുരോഗമനപരമായ പരിവർത്തനങ്ങളെ തടഞ്ഞുവെക്കുന്നു. ഇവിടെ ഉൽപാദനസംവർദ്ധനത്തിൻേറതായ സാമ്പത്തികപ്രവണത ഉറപ്പുവരുത്തുന്നതിൽ അതിനെ കേന്ദ്രീകരിക്കുന്നതിന്നുവേണ്ടി സാരമായ പരിഷ്കാരങ്ങഠം ആവശ്യമാണ്.

യു. എസ്. എസ്. ആർ. സ്റ്റേറ്റുബേങ്കിന്റെയും യു. എസ്. എസ്. ആർ. സ്ട്രോയി ബേങ്കിന്റെയും വ്യവഹാരങ്ങളും പുതിയ ആവശ്യങ്ങൾക്ക് നിരക്കത്തക്കവിധം പുതുക്കേണ്ടതുണ്ട്, ക്രെഡിറ്റുകൾ ഇന്ന് അതീവ ഫലശൂന്യമാണ്. ക്രെഡിറ്റുകൾ യുക്തമായുപയോഗപ്പെടുത്തുവാനും ലാഭക്ഷമത വർദ്ധിപ്പിക്കുവാനും സ്റ്റേറ്റുമായി സത്വരവും പൂർണ്ണവുമായി കണക്കുതീർക്കുവാനും സ്ഥാപനങ്ങളെയും സംഘടനകളെയും പ്രേരിപ്പിക്കുമാറുള്ള സാഹചര്യങ്ങൾ ഇനിയും സംജാതമായിട്ടില്ല. ബേങ്കുകൾ സ്റ്റേറ്റിന്റെ താൽപര്യങ്ങൾക്ക് കാവൽ നിൽക്കണം; അതേസമയം, തൊഴിൽ കൂട്ടായ്മകളുടെ മുൻകൈയിനേയും സാമ്പത്തികസംരംഭത്തെയും സാധിക്കുംവിധത്തിലെല്ലാം പ്രോൽസാഹിപ്പിക്കുകയും വേണം.

സമ്പദ്വിധാനത്തിന്റെ തീവ്രീകരണം ചിലവുകളുടേയും സാമ്പത്തികവ്യവഹാരങ്ങളുടേയും ഫലദായിതയുടെ വിശ്വസനീയമായ മാനദണ്ഡമെന്ന നിലയ്ക്കും, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടേയും ഉൽപന്നങ്ങളുടെ ഗുണനിലവാരോന്നമനത്തിന്റെയും ഫലപ്രദമായ ഉത്തേജകമെന്ന നിലയ്ക്കും വിലകൾക്കുള്ള പങ്കിനെ വർദ്ധിപ്പിക്കുന്നു. വിലകൾക്കുള്ള സ്റ്റേറ്റ്കമ്മിറ്റിക്ക് ഇവിടെ വലിയ ഒരു പങ്കു വഹിക്കുവാനുണ്ട്. അത് ഈ രംഗത്ത് കുമിഞ്ഞുകൂടികിടക്കുന്ന പ്രശ്നങ്ങളെ കൂടുതൽ വേഗത്തിലും കൂടുതൽ സമർത്ഥമായും പരിഹരിക്കണം, ചില്ലറവിലകൾ സംബന്ധിച്ച പ്രവർത്തനവും നമ്മുടെ സാമൂഹ്യനയത്തിന്റെ ലക്ഷ്യങ്ങൾക്ക് അനുരൂപമാവണം.

അടുത്തകാലത്തായി, യു. എസ്. എസ്. ആറിന്റെ സ്റ്റേറ്റ് കാർഷിക-വ്യാവസായിക കമ്മിറ്റിയും എഞ്ചിനീയറിങ്ങ് ബ്യൂറോവുംപോലുള്ള വങ്കിട സാമ്പത്തിക സാകല്യങ്ങൾക്ക് പുതിയ മാനേജ്മെന്റ് സമിതികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി നമുക്കറിയാമല്ലോ. അവയുടെ ഘടനയും ചുമതലകളും വിഭിന്നങ്ങളാണ്. ഇത് ഓരോ സാകല്യത്തിന്റെയും വ്യതിരിക്തതയെ പ്രതിഫലിപ്പിക്കുന്നു. ഇത് ശരിയാണുതാനും. അനുഭവങ്ങൾ വർദ്ധിക്കുന്നതിന്നനുസരിച്ച് പരസ്പരം ബന്ധപ്പെട്ട ശാഖകളടങ്ങിയ ഗ്രൂപ്പുകളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തുക അഭിലഷണീയമാണ്.

ശാഖാനിയന്ത്രണത്തിന്റെയും ടെറിട്ടോറിയൽ നിയന്ത്രണത്തിന്റെയും അനുനേയസമന്വയനത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. അങ്ങിനെ ചെയ്യുമ്പോൾ, നമ്മൾ സാമ്പത്തികാസൂത്രണത്തിലും മാനേജ്മെന്റിലും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ദൈനന്ദിനാവശ്യങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളിലും തുറകളിലും വിശേഷിച്ചും, പ്രാദേശിക സോവിയറ്റുകളുടെ അവകാശങ്ങൾ കൂടുതൽ സ്വതന്ത്രമാക്കി വിസ്താരപ്പെടുത്തണം.

മാനേജ്മെന്റിലെയും സാമ്പത്തികപ്രവർത്തനസംവിധാനത്തിലെയും പരിഷ്കാരങ്ങൾ, തീരുമാനമെടുക്കലിന്റെ അധികതര ശാസ്ത്രീയ പ്രഭാവത്തോടു ചേർന്ന്, സാമ്പത്തികവിദഗ്ദ്ധർക്ക് പുതുതും ഉന്നതവുമായ കർത്തവ്യങ്ങൾ മുൻവെക്കുന്നു. അവർക്ക് രാജ്യത്തോടു വലിയൊരു കടപ്പാടുണ്ട്. അവർ ഫലപ്രദമായ താത്വികപഠനങ്ങളും മൂർത്തമായ പ്രായോഗികശുപാർശകളും തയ്യാറാക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

ചുരുക്കത്തിൽ സഖാക്കളേ, 12-ാം പഞ്ചവൽസരകാലത്ത് നാം കഠിനമായ പ്രവർത്തനം നടത്തേണ്ടതായുണ്ട്. സാമ്പത്തികപ്രവർത്തനസംവിധാനത്തിന്റെ എല്ലാ കണ്ണികളും നാം ഉടച്ചുവാർക്കേണ്ടതുണ്ട്. ഇത് ചെയ്യുമ്പോൾ നിലവിലുള്ള മാനേജ്മെന്റ് ഘടനകളും രൂപങ്ങളും ഇന്നത്തെ കടമകൾക്ക് ചേർന്നവിധം ഗുണാത്മകമായി പുതിയ ഘടനകളിലേക്കും രൂപങ്ങളിലേക്കും ആവയവികമായി വികസിച്ചുകാണുവാൻ നാം ശ്രദ്ധിക്കണം. ഈ പ്രക്രിയ ഉൽപാദനത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയ്ക്കും അതിന്റെ കാര്യക്ഷമതയുടെ ഉയർച്ചയ്ക്കും ഉറപ്പുവരുത്തണം. പ്രധാനപ്പെട്ട ഒരു കാര്യമാണിത്. ഇത് കേന്ദ്ര സാമ്പത്തിക സമിതികളുടേയും മന്ത്രാലയങ്ങളുടേയും പാർട്ടിഘടകങ്ങളുടേയും ശ്രദ്ധാകേന്ദ്രത്തിലും നിരന്തരനിയന്ത്രണത്തിലുമിരിക്കണം. തലപൊക്കുന്ന പ്രയാസങ്ങളിൽനിന്ന് തടിതപ്പാതെ (കഴിഞ്ഞകാലത്ത് ചിലപ്പോൾ സ്ഥിതി ഇതായിരുന്നു) ഔപചാരികതയും എല്ലാ തടസ്സങ്ങളും തട്ടിമാററി സ്ഥിരോൽസാഹത്തോടെ നിത്യവും ഇത് കൈകാര്യം ചെയ്യണം.

ചുവപ്പുനാടയാണ് ഈ നെടുംപാതയിലെ ഏററവും കൊടിയ അപകടം. പ്രവർത്തനത്തിന്റേതായ ഒരു പ്രതിഭാസംസൃഷ്ടിച്ച് പൊള്ളയായ വാഗ്വൈഭവത്തിന്റെ പുറകിൽ അഭയം തേടുന്ന ഉദ്യോഗസ്ഥമേധാവിത്വം സാമ്പത്തിക പ്രവർത്തനസംവിധാനത്തിന്റെ ഉന്നമനത്തെ പ്രതിബന്ധപ്പെടുത്തുകയും സ്വാതന്ത്ര്യത്തേയും മുൻകൈയിനേയും ധ്വംസിക്കുകയും നൂതനരീതികൾക്ക് തടസ്സങ്ങൾ വലിച്ചിടുകയും ചെയ്തെന്നുവരും.

ക്യാഡറുകൾക്കുള്ള തൊഴിൽപരിശീലനം ഒരടിയന്തിരപ്രശ്നമാണ്. അതിനെ ആശ്രയിച്ചിരിക്കുന്നു നിയന്ത്രണവ്യവസ്ഥയുടേയും മാനേജ്മെന്റ് സമ്പ്രദായങ്ങളുടേയും പുനഃസംവിധാനത്തിന്റെ വിജയം. ഇവിടെ എല്ലാ തൊഴിലുകളിലും ആളുകളെ പരിശീലിപ്പിക്കുന്നതിന്റെ അനുപേക്ഷണീയവും അത്യാവശ്യവുമായ ഒരംശമാണ് അർത്ഥശാസ്ത്രപരിജ്ഞാനം.

തൊഴിലാളികളേയും എഞ്ചിനീയർമാരേയും സാമ്പത്തിക വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്ന് ഫലവത്തായ ഒരു വ്യവസ്ഥ നാം ആവിഷ്കരിക്കേണ്ടതുണ്ട്. അങ്ങിനെ, സാങ്കേതിക പരിഹാരത്തിന്റെ സാമ്പത്തികവശത്തെ സമർത്ഥമായി കാര്യബോധത്തോടെ വിലയിരുത്തുവാൻ അവരെല്ലാവർക്കും കഴിയണം. അതിനാൽ, അർത്ഥശാസ്ത്രത്തിന്നുള്ള ഉപരിവിദ്യാലയങ്ങളും അർത്ഥശാസ്ത്രപീഠങ്ങളുമടക്കം എല്ലാ രൂപങ്ങളിലുമുള്ള പരിശീലനത്തിന്റെ സ്വഭാവവും ഉള്ളടക്കവും നാം സാരമായി പുതുക്കണം. ഗവേഷകരും പ്രയോക്താക്കളുമടക്കം പ്രഗത്ഭരായ അർത്ഥശാസ്ത്രജ്ഞരോടു ഇങ്ങിനെ ചെയ്യുവാൻ അഭ്യർത്ഥിക്കണം. സ്പെഷ്യലിസ്റ്റുകളെ അർത്ഥശാസ്ത്രത്തിൽ പുനരഭ്യാസം ചെയ്യിക്കുന്നതിന്ന് എല്ലാ നിലവാരങ്ങളിലുമുള്ള മാനേജ്മെന്റിനെ ആശ്ലേഷിക്കുന്ന സുചിന്തിതമായ ഒരു വിധാനം ആവശ്യമാണ്.

അഭിനവധനശാസ്ത്രം ഉൽപാദനത്തിന്റെ നായകൻമാരിൽനിന്ന് വിശേഷിച്ചു ഉയർന്ന കർത്തവ്യങ്ങൾ ആവശ്യപ്പെടുന്നു. നാം നമ്മുടെ മാനേജർമാർക്കിടയിൽ അധുനാതന സാമ്പത്തിക വിചിന്തനം വളർത്തണ

മെന്നത് പ്രധാനമാണ്. ഉയർന്നതോതിലുള്ള തൊഴിൽപാടവവും സോഷ്യലിസ്റ്റു പരിശ്രമശീലവും ദീർഘദർശനശക്തിയും വളർത്തണം; തൊഴിൽകൂട്ടായ്മക്കകത്ത് ബോധകരും സംഘാടകരുമാകുവാനുള്ള വൈഭവം വളർത്തണം. ഇന്നത്തെ മാനേജർക്ക് അവശ്യമുണ്ടാകേണ്ട ഗുണവിശേഷങ്ങൾ ഇവയാണ്: പാർട്ടി പക്വതയും തത്വനിഷ്ഠയും, പാർട്ടി ലൈൻ പാളിച്ച കൂടാതെ നടപ്പാക്കൽ, കുററമററ സ്വഭാവഗുണങ്ങൾ. നമ്മുടെനിർമ്മാണ പദ്ധതികൾ നിറവേററപ്പെടണമെങ്കിൽ ഒഴിച്ചുകൂടാൻ വയ്യാത്തവയാണവ.

മാനേജ്മെൻറ് സമ്പ്രദായത്തെയാകെ തികവുററതാക്കുന്നതിൻെറ ലക്ഷ്യങ്ങൾ സാമ്പത്തികമായി മത്രമല്ല, രാഷ്ട്രീയമായികൂടി അതീവ പ്രാധാന്യമുള്ളവയാണ്. അതുകൊണ്ടാണ് അവയുടെ സാക്ഷാൽക്കാരത്തെ പാർട്ടിഘടകങ്ങൾ നിരന്തരം നിയന്ത്രിക്കുകയും മാർഗ്ഗദർശനം ചെയ്യുകയും ചെയ്യേണ്ടതായിവരുന്നത്. സാമൂഹ്യ-സാമ്പത്തിക പ്രക്രിയകളെ ഗഹനമായും മൂർത്തമായും വിശകലനം ചെയ്യുക, പാർട്ടിയുടെ സാമ്പത്തികനയം നടപ്പാക്കുന്നതിന്ന് സ്ഥിരപരിശ്രമം നടത്തുക, സാമ്പത്തികകാര്യനിർവ്വാഹകരെ തക്കസ്ഥാനങ്ങളിൽ നിയമിക്കുകയും അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുക, നവ്യവും പുരോഗമനപരവുമായ സർവ്വതിനേയും പ്രോൽസാഹിപ്പിക്കുവാനുള്ള സന്നദ്ധത ഉണ്ടാക്കുക—ഇവയാണ് സമ്പദ്വിധാനത്തിന്നുള്ള പാർട്ടി മാർഗ്ഗദർശനം കേന്ദ്രീകരിക്കപ്പെടുകയും ശക്തിപ്പെടുത്തപ്പെടുകയും ചെയ്യേണ്ട മണ്ഡലങ്ങൾ.

## 5. വിദേശസാമ്പത്തികബന്ധങ്ങൾ

സഖാക്കളേ, രാജ്യത്തിൻെറ സാമൂഹ്യവും സാമ്പത്തികവുമായ വികസനം ത്വരിതപ്പെടുത്തുക എന്ന പാർട്ടിയുടെ നയം നമ്മുടെ വിദേശ സാമ്പത്തിക വ്യവഹാരങ്ങളിൽനിന്ന് ഉയർന്ന കടമകൾ ആവശ്യപ്പെടുന്നു. അഭിനവലോകത്ത് സാമ്പത്തിക, ശാസ്ത്രീയ, സാങ്കേതിക ബന്ധങ്ങളുടെ ഉർജ്ജസ്വലമായ വികസനവും അന്തർദ്ദേശീയ അദ്ധ്വാനവിഭജനത്തിലെ ഭാഗഭാഗിത്വവും അവശ്യം ആവശ്യമാണ്. നമ്മെ സംബന്ധിച്ചേടത്തോളം അവ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനപരമായ നല്ല അയൽപക്കബന്ധങ്ങൾ നിലനിർത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിന്ന് പ്രധാനപ്പെട്ട ഉപാധിയാണ്. ദേശീയ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരസ്പരസഹായത്തിന്നുള്ള ഉപാധിയുമാണത്.

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിലടങ്ങിയ, നൂക്ലിയറായുധങ്ങൾ 2000-ാമാണ്ടാകുമ്പോഴേക്ക് ഘട്ടംഘട്ടമായി നശിപ്പിക്കുവാനുള്ള സോവിയററുപരിപാടിയും മററു സമാധാനനിർദ്ദേശങ്ങളും നടപ്പാക്കപ്പെടുന്ന പക്ഷം, സർവ്വരാജ്യങ്ങളുടെയും താൽപര്യങ്ങൾക്കനുഗുണമായി അന്തർദ്ദേശീയ സാമ്പത്തികസഹകരണത്തിനും അതിൻെറ ഊർജ്ജിതമായ വളർച്ചക്കും സാധകമായി തികച്ചും പുത്തനായ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കുവാൻ കഴിയും. നിരായുധീകരണം മാനവവംശത്തിൻെറ വിനാശത്തെക്കുറിച്ചുള്ള ഭീഷണിക്ക് അറുതികുറിക്കും; സാമ്പത്തികവികസനത്തിനുവേണ്ട അളവററ ഭൗതിക-ബൗദ്ധികവിഭവങ്ങൾ വിടുവിച്ചുതരുകയും ചെയ്യുമത്. ലെനിനിസ്റ്റ്

സമാധാനനയത്തെ മുറുകെ പിടിക്കുന്ന സോവിയററുയൂണിയൻ സാർവ്വദേശീയസ്ഥിതി മെച്ചപ്പെടുത്തുവാനും എല്ലാം രാജ്യങ്ങളുമായും, അവയുടെ സാമൂഹ്യവ്യവസ്ഥകളിലുള്ള വ്യത്യാസം ഗണ്യമാക്കാതെ, തുല്യസഹകരണം പുലർത്തുകയും ബലപ്പെടുത്തുകയും ചെയ്യുവാനും അശ്രാന്തപരിശ്രമം ചെയ്തുവരുന്നു. സാമ്രാജ്യത്തശക്തികളുടെ ഭീഷണികൾ കൊണ്ടായാലും ജനീവാസംഭാഷണത്തെ അതിന്റെ മുഖ്യ ലക്ഷ്യത്തിൽനിന്ന് വ്യതിചലിപ്പിക്കുവാനുള്ള ഉദ്യമങ്ങൾകൊണ്ടായാലും ഈ കർമ്മപന്ഥാവിൽനിന്ന് തങ്ങളെ വഴിതെററിക്കുവാൻ നമ്മുടെ പാർട്ടിയും സോവിയററുഗവൺമെണ്ടും ആരേയും അനുവദിക്കുകയില്ല.

അതനുസരിച്ച്, കരട് മാർഗ്ഗരേഖകൾ വിദേശസാമ്പത്തികബന്ധങ്ങളുടെ ഗണ്യമായ ഒരു വിപുലനം വിഭാവനം ചെയ്യുന്നു. അവ മുൻഗണനാവിഷയങ്ങളിൽ കേന്ദ്രീകരിക്കപ്പെടും; ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയിൽ അവയുടെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടും; സാമൂഹ്യലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന് അവ വ്യാപകമായുപയോഗപ്പെടുത്തപ്പെടും.

സഹോദര സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സഹകരണമാകും, എന്നുമായിരുന്നപോലെ, നിർണ്ണായകഘടകം. സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ സാമ്പത്തിക ഉച്ചകോടിയുടെ തീരുമാനങ്ങൾക്ക് അനുരൂപമായി, സമീപഭാവിയിൽ, സോഷ്യലിസ്റ്റ് ഉദ്ഗ്രഥനം പടുത്തുയർത്തുന്നതിലും വിശാലമായ ഉൽപാദന സഹകരണത്തിന്റെയും ഉൽപാദന പ്രത്യേകവൽക്കരണത്തിന്റെയും അടിസ്ഥാനത്തിൽ അത് വികസിപ്പിക്കുന്നതിലും മുന്നോട്ടുള്ള വമ്പിച്ചൊരു ചുവടുവെപ്പ് നടത്തപ്പെടുന്നതാണ്. ഇത് സഹോദരരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ തുടർന്ന് സർവ്വതോമുഖമായി വികസിപ്പിക്കുന്നതിന്ന് പുതിയ ഭാവിസാദ്ധ്യതകൾ പ്രദാനം ചെയ്യുന്നു; നമുക്കെല്ലാം പൊതുവായ തീവ്രീകരണമെന്ന കടമയുടെ നിർവ്വഹണം ത്വരിപ്പിക്കുന്നു; സാമ്രാജ്യത്ത നടപടികളുടെ മുമ്പിൽ നമ്മെ സാമ്പത്തികമായും സാങ്കേതികമായും പൂർവ്വാധികം അധൃഷ്യരാക്കുകയും ചെയ്യുന്നു.

സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിക്കുവേണ്ടി, 2000-ാമാണ്ടുവരെയ്ക്കുമുള്ള സമഗ്രപരിപാടി സുസ്ഥിരം പ്രാവർത്തികമാക്കുക എന്നതാകും ഈ എല്ലാം പ്രവർത്തനങ്ങളുടേയും കാതലായ അംശം. ഉദ്ഗ്രഥനത്തിൻമേലുള്ള ഊന്നൽ ഇപ്പോൾ ഏററവും പുതിയ ശാസ്ത്ര-സാങ്കേതികനേട്ടങ്ങളുടെ കൂട്ടായ സ്വാംശീകരണം എന്നതിലേക്ക് മാറുന്നു. സമ്പദ്വിധാനത്തിന്റെ സമസ്ത ശാഖകളിലും, ഏററവും പുതിയ തരങ്ങളിലുള്ള യന്ത്രസാമഗ്രികളുടെ ഉൽപാദനത്തിൽ വിശേഷിച്ചും, വൻതോതിലുള്ള സഹകരണത്തിലേക്ക് മാറുന്നു. അതിനാൽ, നമ്മുടെ കേന്ദ്ര ആസൂത്രണ-സാമ്പത്തിക സമിതികളും അപ്രകാരംതന്നെ മന്ത്രാലയങ്ങളും വകുപ്പുകളും ആണ് സമുചിതമായ രീതിയിൽ തങ്ങളുടെ വിദേശ സാമ്പത്തികവ്യവഹാരങ്ങൾ സംഘടിപ്പിക്കേണ്ടത്. അധികവും പരസ്പര സാമ്പത്തിക സഹായ സമിതിയുടെ, സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ആ കൂട്ടുസംഘടനയുടെ, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ ആശ്രയിച്ചിരിക്കുമെന്നതിൽ സംശയമില്ല.

സി. എം. ഇ. എ. രാജ്യങ്ങളുടെ, 1986—1990 കാലത്തേക്കുള്ള ദേശീയ സാമ്പത്തികപദ്ധതികഠം സംയോജിപ്പിക്കുന്ന പണി ഇയ്യിടെ പൂർത്തിയാക്കുകയുണ്ടായല്ലോ. സാമാന്യം നല്ലൊരളവിലുള്ള പ്രവർത്തനം നല്പ്പു പഞ്ചവൽസരക്കാലത്തുതന്നെ നിറവേററപ്പെടുമെന്ന് അത് കാട്ടുന്നു. ഉദ്ഗ്രഥനപ്രക്രിയകഠം ഗാഢതരമാക്കുന്നതിന്ന് നൂതനപ്രിയത്തോടുകൂടിയ സൃഷ്ടിപര സമീപനം ആവശ്യമാണ്. നെടുങ്ങനെയുള്ള വികസനത്തിൻെറ കാലത്ത് ഉടലെടുത്ത പഴയ പതിവുരൂപങ്ങഠംക്ക് സഹകരണത്തിൻെറ ഊർജ്ജസ്വലമായ വളർച്ച കൈവരുത്താനാവില്ല. അതിനാൽ, പുതിയ സമീപനങ്ങഠം തേടിപ്പിടിക്കണം. അതോടൊപ്പം സ്ഥാപനങ്ങളും സമ്പദ്വിധാനത്തിൻെറ മുഴുവൻ ശാഖകളും തമ്മിലുള്ള അടിയന്തര പരസ്പരവൃത്തി അചഞ്ചലം ഏർപ്പെടുത്തുകയും നേരിട്ടുള്ള സാമ്പത്തികബന്ധങ്ങഠം വികസിപ്പിക്കുകയും സംയുക്തഅസോസിയേഷനുകളും ഗവേഷണ വികസനബ്യൂറോകളും ലബോറട്ടറികളും സ്ഥാപിക്കുകയും വേണം. ഒരു തുടക്കം കുറിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അനേകം സംയുക്ത ഗവേഷണ-ഉൽപാദന അസോസിയേഷനുകഠം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാം പുതിയ ഉദ്ഗ്രഥനരൂപങ്ങളുടെ ആരംഭം മാത്രമാണെന്നത് ശരിതന്നെ. പക്ഷേ, ഭാവി അവയിൽ സ്ഥിതി ചെയ്യുന്നു.

മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും സാമ്പത്തികബന്ധങ്ങഠം അധികതരം വിപുലപ്പെടുത്തുന്നതിന്ന് മാർഗ്ഗരേഖകഠം വിഭാവനം ചെയ്യുന്നു. ചൈനാ ജനകീയ റിപ്പബ്ലിക്കുമായുള്ള വാണിജ്യം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

സോവിയററു യൂണിയൻ ഏഷ്യൻ, ആഫ്രിക്കൻ, ലാററിൻ അമേരിക്കൻ നാടുകളുമായുള്ള സഹകരണം തുടർന്ന് വളർത്തും. ഈ രാജ്യങ്ങഠംക്കുള്ള നമ്മുടെ ബഹുമുഖ സഹായം സ്വന്തം കാലിൽ നിൽക്കുവാനും വികസിക്കുവാനും കൊളോണിയൽ അവശിഷ്ടങ്ങഠം തരണം ചെയ്യുവാനും സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയുടെ രാജപാതയിലൂടെ മുന്നോട്ടു നീങ്ങുവാനും അവയുടെ ദേശീയ സമ്പദ്ഘടനകളെ തുണയ്ക്കുന്നു. അവയിൽ പലവയുമായി, ഉദാഹരണത്തിന്ന് ഇന്ത്യയുമായും മററു ചില രാജ്യങ്ങളുമായും, സോവിയററ് യൂണിയന്ന് കെട്ടുറപ്പുള്ള ദീർഘകാലബന്ധങ്ങളുണ്ട്. ഈ കെട്ടുപാടുകഠം സംബന്ധപ്പെട്ട എല്ലാവർക്കും അധികാധികം പ്രയോജനകരമായി ഭവിക്കുന്നു. വികസ്വര രാജ്യങ്ങഠംക്ക് പിന്തുണ നൽകുക എന്ന നമ്മുടെ നയം തുടർന്നു മുന്നോട്ടു പോകും, സോഷ്യലിസ്റ്റ് ചായ്വ് സ്വീകരിച്ച രാജ്യങ്ങളെ സംബന്ധിച്ചേടത്തോളം വിശേഷിച്ചും. അന്തർദ്ദേശീയ സാമ്പത്തികബന്ധങ്ങഠം നീതിയുക്തവും ജനാധിപത്യപരവുമായ ഒരടിസ്ഥാനത്തിൽ പുനഃസംവിധാനം ചെയ്യുന്നതിൽ ഈ നയം പ്രധാനപ്പെട്ടൊരു ഘടകമായിത്തീർന്നിരിക്കുന്നു.

സമാധാനപരമായ സഹവർത്തനമെന്ന നയത്തെ മുറുകെപിടിക്കുന്ന സോവിയററു യൂണിയൻ വികസിത മുതലാളിത്ത രാജ്യങ്ങളുമായുള്ള സഹകരണത്തിന്നുവേണ്ടി നിലകൊള്ളുന്നു. വമ്പിച്ച ശേഷിസാദ്ധ്യതകഠം ഈ തുറയിൽ നമ്മഠം കാണുന്നുണ്ട്. വാണിജ്യപരവും ശാസ്ത്രസംബന്ധവും സാങ്കേതികവും ധനവ്യവഹാരപരവും മററുമായ എല്ലാ

തരങ്ങളിലുമുള്ള ബന്ധങ്ങൾക്ക് ഫലത്തിൽ ഇത് ബാധകമാണ്. പക്ഷേ, സഹകരണം ഉഭയതോമുഖമാവണം. ഇവിടെ അന്യോന്യം താൽപര്യം കണിശമായി പരിഗണിക്കപ്പെടണം. അമേരിക്ക ഏർപ്പെടുത്തുന്ന എല്ലാ നിയന്ത്രണങ്ങളും ബഹിഷ്കരണങ്ങളും ഉപരോധങ്ങളും പൂർണ്ണമായും ഉപേക്ഷിക്കപ്പെടണം. തുല്യാവകാശങ്ങളുടേയും പരസ്പര വിശ്വാസത്തിന്റേയും അന്യോന്യം കരാറുകൾ സനിഷ്കർഷം പാലിക്കപ്പെടുന്നതിന്റേയും അടിസ്ഥാനത്തിൽ മാത്രമേ ആധുനിക ലോകത്ത് സാമ്പത്തിക ബന്ധങ്ങൾ പുലർത്തുവാൻ കഴിയുകയുള്ളു. വാണിജ്യ-സാമ്പത്തിക ബന്ധങ്ങളെ അനാശാസ്യങ്ങളായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വിധേയപ്പെടുത്തിക്കൊണ്ട്, ഇതിന്ന് വിപരീതമായി പെരുമാറുക എന്നാൽ, വിശ്വപുരോഗതിയെ തടഞ്ഞുനിർത്തുവാൻ ശ്രമിക്കുന്നതിന്ന് തുല്യമാകുമത്. അത്തരമുദ്യമങ്ങൾക്ക് യാതൊരുതരത്തിലും ഭാവിയില്ലെന്ന് ചരിത്രാനുഭവങ്ങൾ തെളിയിച്ചുകാട്ടിയിട്ടുണ്ട്. ഇത് കണക്കിലെടുക്കുന്ന, സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിൽ പുതിയൊരു നിർദ്ദേശമടങ്ങിയിരിക്കുന്നു. സാമ്പത്തിക സുരക്ഷിതത്വത്തിന്റെ പ്രശ്നങ്ങളെപ്പററി ആലോചിക്കുവാൻ ഭാവിയിൽ ഒരു ലോക കോൺഗ്രസ്സ് വിളിക്കുന്നതിനെപ്പററിയാണത്. ലോക സാമ്പത്തിക ബന്ധങ്ങളെ സ്പർശിക്കുന്ന എല്ലാ സംഗതികളും അതിൽ ചർച്ചചെയ്യുക സാദ്ധ്യമാകും.

വിദേശ വ്യാപാരം നമ്മുടെ സമ്പദ്ഘടനയുടെ വികസനത്തിലേക്ക് കാണത്തക്ക, നിരന്തര വർദ്ധമാനമായ ഒരു സംഭാവന ചെയ്തുവരുന്നു. ഫലത്തിൽ വിദേശ സാമ്പത്തിക ബന്ധങ്ങളുടെ മണ്ഡലത്തിൽ ഉൾപ്പെടാത്തതായി ഒരു ശാഖയും ഇന്നില്ല. പക്ഷേ, പരമ്പരാഗത മാർഗ്ഗങ്ങളിൽ സത്വരം മുന്നോട്ടുപോകുക സാദ്ധ്യമല്ല. ഒന്നാമതായി ചെയ്യേണ്ട കാര്യം നമ്മുടെ കയററുമതികളിൽ അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള ഊന്നൽ അവസാനിപ്പിക്കുകയും നിർമ്മാണ വ്യവസായത്തിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഇതിന്ന് സമയംപിടിക്കുമെന്നത് വാസ്തവമാണ്. പക്ഷേ, 12-ാം പഞ്ചവത്സര പദ്ധതിയിൽ തന്നെ ഈ ദിശയിലുള്ള പ്രവർത്തനം ആരംഭിച്ചുകഴിയണം. മന്ത്രാലയങ്ങളും അസോസിയേഷനുകളും സ്ഥാപനങ്ങളും രാജ്യത്തിന്റെ കയററുമതി സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിലേക്കും, യന്ത്രസാമഗ്രികളുടേയും മററു നിർമ്മിത സാധനങ്ങളുടേയും ഗുണനിലവാരവും മത്സരക്ഷമതയും ഉയർത്തുന്നതിലേക്കും, തിരിച്ചുവിടപ്പെടേണ്ടതുണ്ട്. വിദേശനാണ്യം ചിലവാക്കുന്ന കാര്യത്തിൽ ഏററവും ഉയർന്നനിലവാരത്തിലുള്ള ക്രമം പുനഃസ്ഥാപിക്കണം. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുവാൻ സജീവമായി സഹായിക്കുക എന്നതാണ് നമ്മുടെ ഇറക്കുമതിനയത്തിന്റെ ലക്ഷ്യം.

വിദേശ സാമ്പത്തിക ബന്ധ സ്ഥാപനങ്ങളും ഈ പുതിയ നിബന്ധനകളുടെ സ്പിരിട്ടിൽ പുനഃസംവിധാനം ചെയ്യപ്പെടേണ്ടതുണ്ട്. വിദേശ വ്യാപാര മന്ത്രാലയത്തിന്റേയും വിദേശ സാമ്പത്തിക ബന്ധങ്ങൾക്കുള്ള സ്റ്റേററ് കമ്മിററിയുടേയും പ്രവർത്തനങ്ങളിൽ കാര്യമായ കുററങ്ങളും കുറവുകളും ഇനിയുമുണ്ട്. തുലോം മന്ദഗതിയിലാണ് ഇവ

നിവാരണം ചെയ്യപ്പെട്ടുവരുന്നത്. അവയ്ക്ക് മന്ത്രാലയങ്ങളുമായും സ്ഥാപനങ്ങളുമായും ഉററ ബന്ധമുണ്ടാവണമെന്നതും അവ തങ്ങളുടെ താൽപര്യങ്ങളെ വിദേശ വിപണിയുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുന്ന രൂപങ്ങൾ തേടിപ്പിടിക്കുകയും, ദേശീയ സാമ്പത്തിക കടമകൾ നിറവേററുന്നതിൽ കേവലം ഇടനിലക്കാരരാവാതെ സജീവ ഭാഗഭാക്കുകളാകുകയും ചെയ്യണമെന്നതും ഒഴിച്ചുകൂടാത്ത ആവശ്യമാണ്.

## V. സാമൂഹ്യവികസനവും ജനക്ഷേമത്തിന്റെ അഭിവൃദ്ധിയും 12-ാം പഞ്ചവൽസരഘട്ടത്തിൽ

പ്രതിനിധിസഖാക്കളേ,

12-ാം പഞ്ചവൽസരഘട്ടത്തിൽ സമ്പദ്വിധാനത്തിലും അതിന്റെ കാര്യക്ഷമതയിലും വിഭാവനംചെയ്തിരിക്കുന്ന വളർച്ച സോവിയററ് ജനങ്ങളുടെ ജീവിതനിലവാരം ഗുണപരമായി പുതിയൊരു നിലവാരത്തിലേക്ക് ഉയർത്തുക, അവരുടെ തൊഴിൽ-ജീവിതസാഹചര്യങ്ങളിൽ അനുക്രമമായ ഒരു മുന്നേററം ഉണ്ടാക്കുക എന്നിങ്ങിനെയുള്ള സി. പി. എസ്. യു. വിന്റെ പരിപാടി ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിലെ ഗണ്യമായ പുരോഗതിക്ക് വിശ്വസനീയമായ ഒരു അടിസ്ഥാനം പ്രദാനം ചെയ്യുന്നു. പാർട്ടി ഈ ലക്ഷ്യങ്ങളെ വ്യക്തിയുടെ സമഞ്ജസമായ വികസനത്തോടും അധ്വാനിക്കുന്ന ജനങ്ങളുടെ സൃഷ്ടിപര മുൻകയ്യിന്റെ ഉജ്ജീവനത്തോടും കൂട്ടിയിണക്കുന്നു. സോവിയററ് യൂണിയന്റെ ദ്രുതതരമായ സാമൂഹ്യപുരോഗതിയുടെ പശ്ചാത്തലത്തിൽ പ്രബലമായ ഒരു സാമൂഹ്യനയത്തിന്റെ സത്ത അതാണ്. സോഷ്യലിസ്റ്റ് നീതിയുടെ പ്രമാണങ്ങളും സാധനങ്ങളുടേയും ആനുകൂല്യങ്ങളുടേയും പൂർണ്ണതമമായ വിതരണവും മുന്നോട്ടു കൊണ്ടുപോകുകയാണ് മുഖ്യമായും വേണ്ടത്.

അതിന്നനുസരിച്ച്, സോവിയററ് ജനങ്ങളുടെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഗുണനിലവാരം പരമാവധി മെച്ചപ്പെടുത്താനും പൊതുലക്ഷ്യത്തിലേക്കുള്ള ഓരോ പൗരന്റെയും അധ്വാനസംഭാവന വർദ്ധിപ്പിക്കാനും സഹായിക്കുന്ന പ്രശ്നങ്ങളുടെ പരിഹരണത്തിൽ 12-ാം പഞ്ചവൽസരപദ്ധതിയിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു.

എല്ലാററിലുമുപരി അധ്വാനത്തിന്റെ സാഹചര്യങ്ങളിലും സ്വഭാവത്തിലും ഉള്ളടക്കത്തിലും കാര്യമായ മാററങ്ങൾ വരുത്തേണ്ടത് സാമൂഹ്യവികസനത്തിനെന്നപോലെ സാമ്പത്തികവികസനത്തിന്നും ആവശ്യമാണ്. സമുദായാംഗങ്ങളുടെ പലതരം ആവശ്യങ്ങളുടെ കൂട്ടത്തിൽ, സാരവത്തും ക്രിയാത്മകവുമായ അധ്വാനത്തിന്റെ ആവശ്യം അധികാധികം മുൻപന്തിയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. പുതിയ പഞ്ചവൽസരഘട്ടത്തിൽ നാം കായികവും അവിദഗ്ദ്ധവുമായ അധ്വാനത്തിന്റെ വിനിയോഗം കുറയ്ക്കുകയെന്ന അടിയന്തിര കടമയിൽ ഒരു മാററത്തുടക്കമുണ്ടാക്കണം.

അത് ലഘൂകരിക്കുന്നതിന്റെ തോതും നിരക്കും കുറഞ്ഞത് 100–200 ശതമാനം കണ്ടെങ്കിലും വർദ്ധിപ്പിക്കണം.

ഉൽപാദനവിധാനത്തിന്റെ ത്വരിതതരമായ ആധുനികീകരണം, ഉൽപാദനത്തിന്റെ യന്ത്രവൽക്കരണവും ഓട്ടമേഷനും കംപ്യൂട്ടറൈസേഷനും, സാങ്കേതിക പുനഃസജ്ജീകരണപ്രക്രിയയാകെ അധ്വാനത്തിന്റെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അതിന്റെ ഉള്ളടക്കത്തെ പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരിക്കണം. തൊഴിൽ സ്ഥലങ്ങളുടെ അനുക്രമമായ പ്രമാണനവും അധ്വാനത്തിന്റെ ശാസ്ത്രീയ സംഘാടനവും ഈ ലക്ഷ്യത്തെ സഹായിക്കുന്നതാണ്.

പ്രശ്നത്തിന്റെ മറുവശവും നാം മനസ്സിലാക്കണം. സോവിയറ്റ് തൊഴിലാളിയുടെ ഉന്നതമായ വിദ്യാഭ്യാസ-തൊഴിൽനിലവാരം ഉൽപാദനത്തിൽ തക്കതായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാക്കിയിരിക്കുന്നു. കാലഹരണപ്പെട്ട യന്ത്രങ്ങൾ നടത്താനും പഴയ സങ്കേതങ്ങൾ ഉപയോഗിക്കാനും ഇപ്പോഴത്തെ തൊഴിലാളി തയ്യാറായിരിക്കുകയില്ല. മാനേജർമാർ ഇത് കണക്കിലെടുക്കണം.

പ്രതിഫലവ്യവസ്ഥയുടെ സ്വാധീനം വർദ്ധിപ്പിക്കേണ്ടത് അളവററ സാമൂഹ്യ-സാമ്പത്തികപ്രാധാന്യമുള്ള ഒരു കടമയാണ്. ഈയിടെയായി വർദ്ധിച്ചിരിക്കുന്ന കൃത്രിമമായ സമീകരണത്തിന്റെ അംശങ്ങളും തൊഴിൽവിഹിതങ്ങൾ നിശ്ചയിക്കുന്നതിലും വേതനങ്ങളും ശമ്പളങ്ങളും വ്യവസ്ഥപ്പെടുത്തുന്നതിലുമുള്ള പ്രത്യക്ഷമായ പോരായ്മകളും ചോദകങ്ങളെന്ന നിലയിൽ അവയ്ക്കുള്ള പങ്കിനെ തകിടംമറിക്കുകയും ഉൽപാദനക്ഷമതയുടെ വർദ്ധനയെ വിഘാതപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് അക്ഷന്തവ്യമാണ്. അധ്വാനിക്കുന്ന ഓരോ ആളുടെയും വരുമാനങ്ങൾ അവന്റെ അല്ലെങ്കിൽ അവളുടെ ജോലിയുടെ ഫലങ്ങൾക്ക് തികച്ചും നിരക്കുന്നതായിരിക്കണം. പ്രതിഫലങ്ങളുടെ വർദ്ധനയും ഉൽപാദനക്ഷമതയുടെ വർദ്ധനയും തമ്മിലുള്ള കർശനമായ ബന്ധം ആധുനിക സമ്പദ്വിധാനത്തിന്റെ നിർണ്ണായകമായ ഒരു ഉപാധിയാണ്. അത് വീഴ്ചകൂടാതെ പാലിക്കണമെന്ന് നാം നിഷ്കർഷിക്കുന്നതായിരിക്കും.

ഈ പ്രകൃതത്തിലാണ് മാർഗ്ഗരേഖകളിൽ വിഭാവനംചെയ്തപ്രകാരം അടിസ്ഥാനവേതനങ്ങളും ശമ്പളങ്ങളും വർദ്ധിപ്പിക്കുകയെന്ന മുഖ്യമായ ചുമതല എങ്ങിനെ നിറവേററണമെന്ന് നാം തീരുമാനിച്ചത്. ചുരുങ്ങിയൊരു കാലത്തിന്നുള്ളിൽ — ഫലത്തിൽ, വെറും അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ — ഭൗതികോൽപാദനത്തിന്റെ വിവിധ തുറകളിൽ പുതിയ അടിസ്ഥാന വേതനങ്ങളും ശമ്പളങ്ങളും നടപ്പിലാക്കേണ്ടത് അത്യാവശ്യമായി നാം കരുതുന്നു. അവ ശരാശരി 25 – 30 ശതമാനംകണ്ട് വർദ്ധിപ്പിക്കുന്നതാണ്. അതിന്നുവേണ്ട പണം എവിടെനിന്ന് എടുക്കണമെന്ന കാര്യത്തിൽ നാം മൗലികമായും പുതിയതായ ഒരു സജീവ സമീപനം ആവിഷ്കരിച്ചിരിക്കുന്നുവെന്നതാണ്, ഒരുപക്ഷെ, ഏററവും പ്രധാനപ്പെട്ട സംഗതി. ഇനി, ഇതിന്നാവശ്യമായ നിധികൾ മുഖ്യമായും തൊഴിൽ കൂട്ടായ്മകൾതന്നെ, ഉൽപാദനം വർദ്ധിപ്പിച്ചും കാര്യക്ഷമത ഉയർത്തിയും അവയുടെ അന്തർഹിതശേഷിസാധ്യതകൾ ഉപയോഗപ്പെടുത്തിയും

അധ്വാനസംഘാടനം, ജോലിവിഹിതം നിശ്ചയിക്കൽ എന്നിവയിൽ അഭിവൃദ്ധികൾ ഉണ്ടാക്കിയും സമ്പാദിക്കണം.

ഈ സമീപനം പുതിയ അടിസ്ഥാനവേതനങ്ങളും ശമ്പളങ്ങളും നടപ്പിൽ വരുത്തുന്ന നടപടിയെ വ്യവസായസ്ഥാപനങ്ങളുടെ തലത്തിലുള്ള കൂടുതൽ മെച്ചപ്പെട്ട നിർവ്വഹണത്തേയും കൂടുതൽ ഉയർന്ന അധ്വാനോൽപാദനക്ഷമതയേയും നേരിട്ട് ആശ്രയിച്ചിരിക്കുന്നതാക്കി തീർക്കുന്നു. പുതിയ സാമ്പത്തിക സാഹചര്യങ്ങളിൽ പ്രവർത്തിച്ച് പല വ്യവസായ സ്ഥാപനങ്ങളും മററ് സ്ഥാപനങ്ങളും നേടിയ അനുഭവത്തെയാണ് അത് ആധാരമാക്കുന്നത്. ഈ രീതി ബൈലോറഷ്യൻ റെയിൽവേയിൽ പരീക്ഷിച്ചുനോക്കിയിരിക്കുന്നു. അവിടെ അടിസ്ഥാനവേതനങ്ങളും ശമ്പളങ്ങളും വർദ്ധിപ്പിക്കുന്നതിന്നു വേണ്ട പണമുണ്ടാക്കുന്നത് വിപുലമായ പ്രാരംഭ സാമ്പത്തിക-സംഘടനാപ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ട യന്ത്രോപയോഗവും മുഖേന ലഭിച്ച ആഭ്യന്തരവിഭവങ്ങളിൽനിന്നാണ്.

ഉൽപാദനേതരമേഖലകളിൽ പണിയെടുക്കുന്ന ആളുകളുടെ വേതനങ്ങളും ശമ്പളങ്ങളും വർദ്ധിപ്പിക്കാൻ ഗണ്യമായ നിധികൾ വകയിരുത്തിയിരിക്കുന്നു. സ്കൂൾ പരിഷ്കാരം വിഭാവനംചെയ്തപടി, പൊതുവിദ്യാഭ്യാസതുറയിൽ ജോലിചെയ്യുന്ന എല്ലാവരേയും പുതിയ പ്രതിഫലനിരക്കുകളിലേക്ക് മാററുന്ന നടപടി അടുത്ത കൊല്ലം പൂർത്തിയാക്കും. ഡോക്ടർമാരുടേയും മററു വൈദ്യജോലിക്കാരുടേയും ശമ്പളം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതാണ്. സാംസ്കാരികസ്ഥാപനങ്ങളിലേയും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലേയും ചില വിഭാഗം ജീവനക്കാരുടെ അടിസ്ഥാനവേതനങ്ങളും ശമ്പളങ്ങളുംകൂടി 12-ാം പഞ്ചവൽസരഘട്ടത്തിൽ വർദ്ധിപ്പിക്കുന്നതായിരിക്കും. സാമൂഹ്യസാംസ്കാരികമണ്ഡലത്തിൻെറ അധികതരവളർച്ചയിൽ പാർട്ടിക്കുള്ള വ്യഗ്രതയുടെ ഒരു മൂർത്ത നിദർശനമാണ് ഈ നടപടികൾ.

നടപ്പുപഞ്ചവൽസരഘട്ടത്തിൻെറ അവസാനമാവുമ്പോഴേക്ക് ശരാശരി മാസവേതനവും ശമ്പളവും 215 – 220 റൂബിളാക്കി വർദ്ധിപ്പിക്കാൻ വരുമാനത്തുറയിൽ നടപ്പാക്കാനിരിക്കുന്ന നടപടികൾ നമ്മെ സഹായിക്കും.

കൂട്ടുകൃഷിക്കള ജോലിക്കുള്ള പ്രതിഫലം കൂടുതൽ സത്വരമായ ഒരു നിരക്കിൽ വർദ്ധിക്കുന്നതാണ്. അധ്വാനോൽപാദനക്ഷമതയിൽ ആസൂത്രണംചെയ്തിരിക്കുന്ന വർദ്ധനയ്ക്കനുസരിച്ച് അത് മാസത്തിൽ ശരാശരി 180 റൂബിളായി വർദ്ധിക്കും. കൂട്ടുകൃഷിക്കാർക്ക് തങ്ങളുടെ വ്യക്തിഗത തുണ്ടുനിലങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനം കണക്കിലെടുക്കുമ്പോൾ അവരുടെ യഥാർത്ഥവരുമാനം ഫലത്തിൽ ഫാക്ടറി-ആപ്പീസു ജോലിക്കാരുടെ വരുമാനത്തിന്ന് തുല്യമായി തീരുന്നതാണ്. ഇതോടൊപ്പം ഗ്രാമപ്രദേശങ്ങളിൽ അധ്വാനം കൂടുതൽ യന്ത്രവൽക്കരിക്കപ്പെടുകയും പാർപ്പിടങ്ങളുടേയും സാംസ്കാരിക-സാമൂഹ്യ സൗകര്യങ്ങളുടേയും നിർമ്മാണം മുൻഗണനാനിരക്കിൽ വർദ്ധിക്കുകയും ചെയ്യും. പട്ടണവും നാട്ടിൻപുറവും തമ്മിലുള്ള സാരമായ അന്തരങ്ങൾ ഇല്ലാതാക്കുക എന്ന സി. പി. എസ്. യു. പരിപാടിലക്ഷ്യത്തിലേക്കുള്ള പ്രധാനപ്പെട്ട ഒരു ചുവടുവെപ്പായിരിക്കും ഇത്.

ജോലിക്കനുസരിച്ച വിതരണമെന്ന പ്രമാണത്തിന്റെ ദൃഢീകരണത്തിന്നനുയോജ്യമായി നാം സാമൂഹ്യോപഭോഗ നിധികൾ സുസ്ഥിരം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. സോവിയററ് ജനങ്ങളുടെ ജീവിതത്തിൽ ഈ നിധികൾ പ്രമുഖമായ ഒരു പങ്കാണ് വഹിക്കുന്നത്. അവ ഈ അഞ്ചുകൊല്ലങ്ങളിൽ ഗണ്യമായി വർദ്ധിച്ച് 1990-ൽ ജനതതിയിലെ ഓരോ ആൾക്കും 600 റൂബിളിലേറെ എന്നതോതിൽ എത്തുന്നതാണ്.

പാർട്ടി അതിന്റെ സാമൂഹ്യനയത്തിൽ, മുതിർന്നുവരുന്ന തലമുറയെ വളർത്തിക്കൊണ്ടുവരുന്നതിലുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എപ്പോഴും സവിശേഷമായ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. 12-ാം പഞ്ചവത്സരഘട്ടത്തിൽ, കുട്ടികളുള്ള കുടുംബങ്ങൾക്കു നൽകുന്ന സ്റ്റേററുസഹായം കൂടുതൽ വിപുലമാക്കുന്നതാണ്. കുട്ടിയ്ക്ക് ഒരു വയസ്സാവുന്നതുവരെ അതിനെ പരിചരിക്കുവാൻ അമ്മമാർക്ക് ഏതാനും കൊല്ലങ്ങൾക്ക് മുമ്പ് ഏർപ്പെടുത്തിയ ശമ്പളത്തോടുകൂടിയ അവധി സാമാന്യം നല്ല സാമൂഹ്യ-ജനസംഖ്യാഫലം ഉളവാക്കിതുടങ്ങിയിരിക്കുന്നു. ഈ വസ്തുതയും കരടു മാർഗ്ഗരേഖകളെക്കുറിച്ചുള്ള ചർച്ചകൾക്കിടയിൽ പൗരൻമാർ പ്രകടിപ്പിച്ച ആഗ്രഹവും പരിഗണിച്ച് ഈ അവധി ഇനിയൊരാറു മാസക്കാലംകണ്ട് വർദ്ധിപ്പിക്കുന്നത് അഭിലഷണീയമായി കണ്ടിരിക്കുന്നു. പ്രസവത്തിന്നുമുമ്പുള്ള അവധി, രോഗികളായകുട്ടികളെ ശുശ്രൂഷിക്കാനുള്ള ശമ്പളത്തോടുകൂടിയ അവധി എന്നിവയുടെകൂടി ദൈർഘ്യം വർദ്ധിപ്പിക്കാൻ നാം ഉദ്ദേശിക്കുന്നു. മാത്രമല്ല, കുട്ടികൾക്ക് മൂന്നുവയസ്സുവരെ സൗജന്യ ചികിത്സ ഏർപ്പെടുത്തുകയും ചെയ്യും.

പ്രിസ്കൂൾ സ്ഥാപനങ്ങളുടെ കാര്യത്തിലുള്ള ആവശ്യം പൂർണ്ണമായും നിറവേററുകയെന്ന മർമ്മപ്രധാനമായ പ്രശ്നം അടുത്ത അഞ്ചുകൊല്ലത്തിന്നുള്ളിൽ പരിഹരിക്കുകയെന്നത് മുഖ്യമായ ഒരു സാമൂഹ്യ-സാമ്പത്തിക ലക്ഷ്യമാണ്. തികച്ചും സാധിക്കാവുന്ന ലക്ഷ്യമാണിത്. ഈ പ്രശ്നത്തിൽ തക്കതായ ശ്രദ്ധപതിയുന്നിടത്തൊക്കെ അത് വിജയകരമായി പരിഹരിക്കപ്പെടുന്നുമുണ്ട്. കിൻടർഗാർട്ടനുകളും നഴ്സറികളും നിർമ്മിക്കുന്ന പ്രശ്നത്തിൽ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും തലവൻമാരും അതുപോലെതന്നെ പ്രാദേശിക സംഘടനകളും നിരന്തരം ശ്രദ്ധപതിപ്പിക്കണം.

പെൻഷൻ പദ്ധതി മെച്ചപ്പെടുത്താൻ, പഴയ യുദ്ധവീരരുടേയും അദ്ധ്വാനവീരരുടേയും കാര്യത്തിലും യുദ്ധത്തിൽ മൃതിയടഞ്ഞ ഭടൻമാരുടെ കുടുംബങ്ങളുടെ കാര്യത്തിലും സമുദായത്തിന്നുള്ള ശ്രദ്ധ വർദ്ധിപ്പിക്കാൻ, വൻനിധികൾ വകയിരുത്തുന്നതാണ്. വയോജനങ്ങൾക്കുള്ള ഹോസ്റ്റലുകളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കാനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും നാമുദ്ദേശിക്കുന്നു. അവശരായ പൗരർക്കുള്ള സേവന സൗകര്യങ്ങളുടെ പുരോഗമന രൂപങ്ങൾ വിപുലമായതോതിൽ നടപ്പിൽവരുത്തും.

12-ാം പഞ്ചവത്സരഘട്ടത്തിൽ വേതനങ്ങളിലും ശമ്പളങ്ങളിലും ആസൂത്രണം ചെയ്തിരിക്കുന്ന വർദ്ധനയും സാമൂഹ്യോപഭോഗനിധികളുടെ വിപുലനവും സമുദായത്തിലെ വൻ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളിലും നിലവാരത്തിലും കാണത്തക്ക മാററങ്ങൾ വരുത്തുന്നതാണ്. രാജ്യവ്യാപകമായ വേതന-ശമ്പള വർദ്ധനകളുടേയും അതുപോലെത

ന്നെ പെൻഷനുകളിലും അലവൻസുകളിലുമുണ്ടാകുന്ന വർദ്ധനയുടെ
യും ഫലമായി രാജ്യത്തിലെ പകുതിയിലധികം ജനങ്ങളുടെ വരുമാനം
ഉയരും. കഴിഞ്ഞ പഞ്ചവത്സരക്കാലത്തേക്കാൾ ഏതാണ്ട് രണ്ടുമടങ്ങു
കൂടുതൽ ജനങ്ങളുടെ വരുമാനം വർദ്ധിക്കുമെന്നാണ് ഇതിന്നർത്ഥം.
ഈ പഞ്ചവത്സരഘട്ടത്തിൻെറ അവസാനമാവുമ്പോഴേയ്ക്ക് ആകെയുള്ള
തിൻെറ 50 ശതമാനത്തിലധികം കുടുംബങ്ങൾക്ക് മാസത്തിൽ ശരാശരി
125-ലധികം റൂബിൾ പ്രതിശീർഷ വരുമാനമുണ്ടായിരിക്കും. മാസ
ത്തിൽ അമ്പതു റൂബിളോ അതിൽ കുറവോ പ്രതിശീർഷ വരുമാനമുള്ള
ഒരൊററ കുടുംബവും ഉണ്ടായിരിക്കുകയില്ല.

12-ാം പഞ്ചവത്സരഘട്ടത്തിൽ സാമൂഹ്യ-സാംസ്കാരിക തുറയിലെ
ഭൗതിക-സാങ്കേതിക സൗകര്യങ്ങളുടെ സുസ്ഥിരമായ വിപുലനത്തിന്ന്
പ്രത്യേക പ്രാധാന്യം കൽപിച്ചിരിക്കുന്നു. സ്കൂൾ പരിഷ്കാരം സം
ബന്ധിച്ച കുറിമാനങ്ങൾ ക്ലാസുമുറികളുടെ ശേഷികൾ 40 ശതമാനംക
ണ്ട് വർദ്ധിപ്പിക്കാനും ശിക്ഷണ-വിദ്യാഭ്യാസ പ്രക്രിയക്കുള്ള സാഹ
ചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്താനും ഉദ്ദേശിക്കുന്നു. പ്രത്യേകവൽകൃ
ത സെക്കണ്ടറി വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും പുനഃസംഘടിപ്പി
ക്കാനും നാം ഉദ്ദേശിക്കുന്നു. പുനഃസംഘാടനം പരിശീലനത്തിൻെറ
ഗുണനിലവാരത്തിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിയെയും ഉന്നത
വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൽപാദനവും തമ്മിലുള്ള കൂടുതൽ ഉററ
ബന്ധങ്ങളെയും ശാസ്ത്രത്തിൻെറയും സാങ്കേതിക വിദ്യയുടെയും വിക
സനത്തിലുള്ള കൂടുതൽ സജീവമായ ഭാഗഭാഗിത്വത്തെയും ലാക്കാക്കിയാ
യിരിക്കണം. ഇതെല്ലാംതന്നെയും ഉന്നത വിദ്യാഭ്യാസത്തിൻെറ ഭൗതികാ
സ്തിവാരത്തിൻെറ കൂടുതലായ ഒരു വിപുലനം ആവശ്യമാക്കിത്തീർ
ക്കുന്നു.

ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി അഭിവൃ
ദ്ധിപ്പെടുത്തുന്നതിന്നും അവയുടെ രോഗപ്രതിരോധപരമായ ചായ്വ്
വിപുലപ്പെടുത്തുന്നതിന്നും ജനതതിക്കാകെ പതിവായി വൈദ്യപരിശോ
ധന ഏർപ്പെടുത്തുന്നതിലേക്ക് ക്രമത്തിൽ മാറുന്നതിന്നും ഏറെ കാര്യ
ങ്ങൾ ചെയ്യേണ്ടതുണ്ട്. ഔട്ട് പേഷ്യൻറ് ക്ലീനിക്കുകളുടെ നിർമ്മാണവും
ചികിത്സോപകരണങ്ങളുടേയും സാമഗ്രികളുടേയും ഉൽപാദനവും ഏ
താണ്ട് 50 ശതമാനം വർദ്ധിപ്പിക്കണം. ആസൂത്രിതമായ പരിസരസംര
ക്ഷണ നടപടികളും, ജനങ്ങളുടെ ആരോഗ്യത്തെ സംബന്ധിച്ചേടത്തോ
ളം പ്രധാനപ്പെട്ടതായിരിക്കും.

സാംസ്കാരിക-സ്പോർട്ട്സ് സൗകര്യങ്ങൾ വൻതോതിൽ നിർമ്മി
ക്കാനുദ്ദേശിക്കുന്നു. ഉദാഹരണത്തിന്ന്, ഈ അഞ്ചുവർഷങ്ങളിൽ, നാം
500-ലേറെ ജില്ലാതല സംസ്കാര ഭവനങ്ങളും 5,500-ലേറെ ഗ്രാമ ക്ലബ്ബു
കളും നിർമ്മിക്കുന്നതാണ്. തൽഫലമായി ഓരോ ജില്ലാകേന്ദ്രത്തിലും
ഒരു സംസ്ക്കാര ഭവനമുണ്ടായിരിക്കുന്നതാണ്.

ചുരുക്കത്തിൽ, 12-ാം പഞ്ചവത്സരഘട്ടത്തിനുള്ളിൽ സാമൂഹ്യ-സാം
സ്ക്കാരിക മണ്ഡലത്തെ ഗുണപരമായി പുതിയൊരു നിലവാരത്തിലേ
ക്കുയർത്തുകയെന്ന പാർട്ടിയുടെ ലക്ഷ്യം നിറവേററുന്നതിലേക്ക് പ്രധാ
നപ്പെട്ട ഒരു ചുവടുവെപ്പ് നടത്താൻ നാം ഉദ്ദേശിക്കുന്നു.

ഈ കാര്യം നിറവേററണമെന്നുണ്ടെങ്കിൽ ആസൂത്രണ സമിതികളിലുള്ളവരുമുൾപ്പെടെ ചില ഭരണനിർവ്വാഹകരുടെയിടയിൽ നിലനിൽക്കുന്ന വീക്ഷണത്തിന്ന്, സാമൂഹ്യ-സാംസ്കാരിക സ്ഥാപനങ്ങൾ നിർമ്മിക്കുകയെന്നത് അത്ര പ്രധാനപ്പെട്ട കാര്യമല്ലെന്ന വീക്ഷണത്തിന്ന്, നാം അറുതിവരുത്തണം. സാമൂഹ്യ-സാംസ്കാരിക മണ്ഡലത്തിന്റെ ചില മേഖലകളുടെ വികസനത്തിന്നുള്ള 1986-ലെ വകയിരുത്തലുകൾ അഞ്ചു വർഷത്തേയ്ക്കുള്ള ശരാശരി വാർഷികതുകയിൽ കുറവാണെന്ന് നാം സമ്മതിക്കണം. പഞ്ചവത്സര പദ്ധതിക്ക് അന്തിമരൂപംനൽകുമ്പോൾ ഈ സംഗതി ശരിയാക്കണം.

ഈ കാര്യങ്ങൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ള നിധികൾ എല്ലായിടത്തും പൂർണമായും ഫലപ്രദമായും ഉപയോഗിക്കപ്പെടണം. ഈ നിധികൾ ലഭിക്കുക അത്ര എളുപ്പമല്ല. നാം അവയെ ശ്രദ്ധയോടുകൂടി കൈകാര്യംചെയ്യണം. ബൈലൊറഷ്യയും ലിത്വാനിയയും റഷ്യൻ ഫെഡറേഷനിലെ പല റീജ്യണുകളും കാര്യങ്ങൾ വളരെ നല്ലനിലയിൽ കൈകാര്യം ചെയ്തിരിക്കുന്നു. അവ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തിപ്പിച്ചുതുടങ്ങുന്നതിന്നുള്ള പദ്ധതികളെ പൂർത്തീകരിക്കുക മാത്രമല്ല അതിപൂർത്തീകരിക്കുകകൂടി ചെയ്തിരിക്കുന്നു. അതേ സമയം ചില റിപ്പബ്ലിക്കുകളും നഗരങ്ങളും സാമൂഹ്യ-സാംസ്കാരിക നിർമ്മാണ പദ്ധതികൾ നിറവേററുന്നതിൽ കൊല്ലംതോറും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. മൂർത്തങ്ങളായ രണ്ട് ഉദാഹരണങ്ങൾ പറയാം. അഷ്ക്കാബാദിൽ ഒരു ആശുപത്രിയുടെ രണ്ടാം വിഭാഗത്തിന്റെ നിർമ്മാണം ഒമ്പതുവർഷങ്ങളായി നടന്നുവരുന്നു. അത് മൂന്നര കൊല്ലത്തിന്നുള്ളിൽ നിർമ്മിക്കാനായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നതെങ്കിലും 1989-ൽ പൂർത്തീകരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ക്രാസ്നൊയാർസ്ക്ക് ടെറിട്ടോറിയൽ ആശുപത്രിയുടെ പുതിയ വിഭാഗത്തിന്റെ നിർമ്മാണം അക്ഷന്തവ്യമായത്ര മന്ദഗതിയിലാണ് നീങ്ങുന്നത്. തികച്ചും അന്യായമാണിത്. എന്തെന്നാൽ ഈ പ്രൊജക്ടിന്നുള്ള ധനസഹായത്തിന്റെ ഒരു ഭാഗം അഖിലയൂനിയൻ കമ്യൂണിസ്റ്റ് സുബോത്നിക്കിൽനിന്നുള്ള വരുമാനങ്ങളിൽനിന്നാണ് നൽകിക്കൊണ്ടിരിക്കുന്നത്: ജോർജിയൻ റിപ്പബ്ലിക്കിലും ഉസ്ബക് റിപ്പബ്ലിക്കിലും ഖബറോവ്സ്ക്ക് ടെറിട്ടറിയിലും പേം റീജ്യണിലും മററു റീജ്യണുകളിലും ഇത്തരം കാര്യങ്ങൾ സംഭവിച്ചതായി അറിയാം.

പാർട്ടിക്ക് നിരന്തര വ്യഗ്രതയുള്ള ഒരു കാര്യമാണ് പാർപ്പിടപ്രശ്നം. ഈ വിഷയത്തിൽ കൈവരിച്ചിട്ടുള്ള ഫലങ്ങൾ ഗണ്യമായവ ആണ്. ഇന്ന്, നഗരപ്രദേശങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങളിൽ 80 ശതമാനത്തിലേറെയെണ്ണത്തിന്നും പ്രത്യേകം ഫ്ളാററുകളുണ്ട്. ആധുനിക പാർപ്പിടത്തി

ൻെറ കാര്യത്തിൽ ഗ്രാമങ്ങളിലെ ആളുകളും ഏറെ മെച്ചപ്പെട്ട നിലയിലാണ്. എന്നാൽ പാർപ്പിടപ്രശ്നം ഇപ്പോഴും അതിരൂക്ഷമായ ഒരു സാമൂഹ്യപ്രശ്നമാണ്. വരുംവർഷങ്ങളിൽ മൊത്തം 56.5—57 കോടി ചതുരശ്രമീററർ വിസ്തീർണ്ണത്തിൽ പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കാൻ നാം ഉദ്ദേശിക്കുന്നു. നഗരങ്ങളെയും ഗ്രാമങ്ങളെയും അഭിവൃദ്ധിപ്പെടുത്തുന്നതിന്ന്, സേവനങ്ങളും സൗകര്യങ്ങളും പൊതുഗതാഗതസൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിന്ന്, ഗണ്യമായ വിഭവങ്ങൾ വകയിരുത്തുന്നതാണ്.

രൂക്ഷമായ പാർപ്പിടപ്രശ്നം സർവ്വവിധേനയും ഊർജ്ജവും നിധികളും സംഭരിക്കുക ആവശ്യമാക്കുന്നു. മിക്ക പ്രാദേശികസമിതികളും മന്ത്രാലയങ്ങളും വകുപ്പുകളും തികച്ചും അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മററു തരത്തിലുള്ള ഉദാഹരണങ്ങളുമുണ്ട്. ഉദാഹരണത്തിന് അർമേനിയൻ റിപ്പബ്ലിക്കിൽ പാർപ്പിടത്തിനുള്ള ആവശ്യം വമ്പിച്ചതാണെങ്കിലും ഭവനനിർമ്മാണത്തിൽ കൊല്ലംതോറും കുറവനുഭവപ്പെടുന്നു. അതു മാത്രമല്ല ചില നഗരങ്ങളിൽ, ജലവിതരണം അപര്യാപ്തമാണ്. അതേ സമയം കെട്ടിടനിർമ്മാണക്കരാറുകാരെ പദ്ധതിയിൽപെടാത്ത പ്രൊജക്ടുകളിലേക്ക് മാററുന്ന അക്ഷന്തവ്യമായ സമ്പ്രദായവുമുണ്ട്. 1985-ൽ അർമേനിയയുടെ വ്യവസായനിർമ്മാണമന്ത്രാലയം പദ്ധതിയിൽ പെടാത്ത 12 പ്രൊജക്ടുകൾ നിർമ്മിക്കുന്ന തിരക്കിലായിരുന്നു. യാതൊരു പ്രത്യേകപ്രാധാന്യവുമില്ലാത്തവയും അവയിൽ ഉൾപ്പെട്ടിരുന്നു. അത്തരം സമ്പ്രദായങ്ങൾ മററു റീജ്യണുകളിലും നടക്കുന്നുണ്ടെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. അവയെ മുളയിലേ നുള്ളിക്കളയണം.

ജനങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥാവശ്യങ്ങൾ കഴിയുന്നത്ര പൂർണ്ണതരമായി നിറവേററുന്നതിന്ന് പാർട്ടിയുടെ സാമൂഹ്യനയത്തിൽ മുൻഗണനാപരമായ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. ഇന്നിത് ഏററവും കാലികമായ ഒരു പ്രശ്നമാണെന്ന് പറയുന്നത് അതിശയോക്തിയാവുകയില്ല. അദ്ധ്വാനത്തിന്നുള്ള ഭൗതികചോദകങ്ങളുടെ ദൃഢീകരണം, ഒഴിവുസമയത്തിൻെറ യുക്തിസഹമായ ഉപയോഗം, സോവിയററ് ജനങ്ങളുടെ മനോനില, കമ്മികളിൽനിന്നുളവാകുന്ന പ്രതികൂലപ്രതിഭാസങ്ങളുടെ നിർമ്മൂലനം എന്നിവ ഈ പ്രശ്നവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഭക്ഷ്യവിതരണം, പ്രത്യേകിച്ച് മാംസത്തിൻെറയും ക്ഷീരോൽപന്നങ്ങളുടെയും പച്ചക്കറികളുടെയും പഴത്തിൻെറയും വിതരണം, വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യമാണ് ഒന്നാമത്തേത്. സോവിയററ് യൂണിയൻെറ ഭക്ഷ്യപരിപാടിയുടെ ലക്ഷ്യം, യഥാർത്ഥത്തിൽ, അതാണ്. അത്

1990-ലേക്ക് മുൻവെയ്ക്കുന്ന ഉൽപാദനകുറിമാനങ്ങൾ കൈവരിച്ചാൽ നമുക്ക് രാജ്യത്തിലെ ഭക്ഷണത്തിൻെറ ഘടനയിലും ഗുണനിലവാരത്തിലും ദൂരവ്യാപകങ്ങളായ മാററങ്ങൾ വരുത്താൻ കഴിയും — കഴിഞ്ഞ ഏതാനും പഞ്ചവൽസരഘട്ടങ്ങളിൽവെച്ച് ഏററവും വലിയ മാററങ്ങൾ.

നിർമ്മിതസാധനങ്ങളുടെ ഉപഭോഗത്തിലും പുരോഗമനപരങ്ങളായ മാററങ്ങൾ വരുത്തണം. ഈ സാധനങ്ങളുടെ വിതരണം സമീപവർഷങ്ങളിൽ ഗണ്യമായി ഉയർന്നിരിക്കുന്നു: പല ഇനങ്ങളും കമ്പോളത്തെ ഇപ്പോൾ തന്നെ നിറച്ചിരിക്കുന്നു. ഇപ്പോൾ കൂടുതൽ വിഷമംപിടിച്ച ഒരു പ്രശ്നം, ഗുണനിലവാരത്തിൻെറയും വൈവിദ്ധ്യത്തിൻെറയും പ്രശ്നം, ഉയർന്നുവന്നുകൊണ്ടിരിക്കുന്നു. ഉപഭോഗസാധനങ്ങളുടെ ഉൽപാദനത്തിൻെറയും സേവനമണ്ഡലത്തിൻെറയും വികസനത്തിന്നുള്ള സമഗ്രപരിപാടിയാണ് സാധനങ്ങളുടെ ഉൽപാദനത്തെ പുനഃസംഘടിപ്പിക്കുന്നതിന്നുള്ള പ്രവണതകളെ നിർണ്ണയിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിൽ വ്യാപാരത്തിന്ന് സജീവമായ ഒരു പങ്കാണ് നൽകപ്പെട്ടിട്ടുള്ളത്. വീഴ്ചകൾ ഇല്ലാതാക്കുന്നതിൽ യു. എസ്. എസ്. ആർ. വ്യാപാരമന്ത്രാലയവും സഹകരണസമിതികളുടെ കേന്ദ്രയൂണിയനും വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉണ്ടാക്കുകയും, ചരക്ക് ശേഖരങ്ങളെ വളരെ സാവധാനത്തിൽ ഉപയോഗിക്കുകയും ഉപഭോക്താക്കളുടെ ആവശ്യത്തെ അർഹമായ ശ്രദ്ധയോടുകൂടി പഠിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ നേരെ പലപ്പോഴും തത്വനിഷ്ഠമല്ലാത്തതും നിഷ്ക്രിയവുമായ ഒരു നിലപാട് കൈക്കൊള്ളുകയും ചെയ്യുന്നു. വ്യാപാരത്തിൻെറയും സേവനങ്ങളുടെയും മാനകം ഇപ്പോഴും അക്ഷന്തവ്യമായ നിലയിൽ താഴ്ന്നതാണ്. മോടിയുള്ള സാധനങ്ങളുടെ ഉൽപാദനവും വൈവിദ്ധ്യവും വിപുലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നാം വിലകുറഞ്ഞവയെങ്കിലും ഗുണനിലവാരമുള്ള സാധനങ്ങളുടെ, സർവ്വോപരിയായി കുട്ടികൾക്കും വൃദ്ധർക്കും വേണ്ടിയുള്ളവയുടെ, ഉൽപാദനം അന്യായമായ നിലയിൽ കുറയ്ക്കരുത്.

കടുത്ത മദ്യപാനത്തിന്നും കുടിവെറിയ്ക്കുമെതിരെ പാർട്ടി അക്ഷീണസമരമാരംഭിച്ചിട്ടുള്ള ഈ സമയത്ത്, ജനങ്ങളുടെ യഥാർത്ഥമായ ആവശ്യങ്ങൾ നിറവേററുകയെന്ന കടമ പ്രത്യേക പ്രാധാന്യമുള്ളതാണെന്ന് ഊന്നിപ്പറയേണ്ടത് തികച്ചും ന്യായമാണ്. മദ്യോൽപാദനവും വിൽപനയും ഗണ്യമായി കുറയ്ക്കുകയെന്ന നയം ഭാവിയിലും സുസ്ഥിരം തുടരുന്നതായിരിക്കും. ഉപഭോഗത്തിൻെറ ഘടനയെ കൂടുതൽ മെച്ചപ്പെട്ടതിലേക്ക് മാററുവാൻ ഇത് സഹായിക്കും. പഞ്ചവൽസരപദ്ധ

തിയിലും വാർഷികപദ്ധതികളിലും അത് പ്രതിഫലിക്കുകയും ചെയ്യും.

മൊത്തത്തിൽ, ഈ അഞ്ചു വർഷങ്ങളിൽ ചില്ലറ വ്യാപാരം (മദ്യവില്പന ഒഴിവാക്കിക്കൊണ്ട്) ഏതാണ്ട് മൂന്നിലൊന്ന് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രതിഫലംപററിക്കൊണ്ടുള്ള സേവനങ്ങളുടെ വികസനം പുതിയ സരണികളിലൂടെ, വിപുലമായ തോതിലും ഊർജസ്വലമായും നടക്കുന്നതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിലുടനീളം, ജനതതിയുടെ മൊത്തം ചിലവിൽ കേവലം 10 ശതമാനം മാത്രമാണ് സേവനങ്ങൾക്കുവേണ്ടി വിനിയോഗിച്ചിരുന്നത്. ജനങ്ങളുടെ ആവശ്യത്തിലും വളരെ കുറവായിരുന്നു ഇത്. ഇത് ഡിമാണ്ടിനെ ചരക്കുകളിലേക്ക് മാററിക്കൊണ്ട് ഡിമാണ്ടിൻെറ ഘടനയെ വികലമാക്കുന്നു. ദൈനന്ദിനജീവിതത്തെയും വിനോദത്തെയും ഉല്ലാസയാത്രയെയും ജനങ്ങളുടെ വിശ്രമത്തെയും ഉൾക്കൊള്ളുന്ന അധുനാതനമായ അത്യധികം വികസിതമായ ഒരു മണ്ഡലം—ചുരുക്കിപ്പറഞ്ഞാൽ, സമ്പദ്വിധാനത്തിൻെറ പുതിയൊരു ശാഖ—ഹ്രസ്വമായ സമയപരിധിക്കുള്ളിൽ സ്ഥാപിക്കപ്പെടണം. പ്രധാനപ്പെട്ട ഈ മണ്ഡലത്തിലെ നിർണ്ണായകമായ വഴിത്തിരിവ് 12-ാം പഞ്ചവൽസരഘട്ടത്തിനുള്ളിൽ കൈവരിക്കുകയും വേണം. പ്രതിഫലം പററിക്കൊണ്ട് ചെയ്യുന്ന സേവനങ്ങളുടെ പരിമാണം 30 ശതമാനം മുതൽ 40 ശതമാനം വരെ വർദ്ധിക്കണം.

പ്രത്യേകവൽക്കൃതസ്ഥാപനങ്ങളുടെയും സംഘടനകളുടെയും വലക്കെട്ട് ഗണ്യമായി വിപുലപ്പെടുത്തുന്നതിന്നാണ് സേവനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിൽ മുഖ്യത്വം നൽകിയിരിക്കുന്നത്. എന്നാൽ അതിന്ന് സമയവും പണവും ആവശ്യമാണ്. കാര്യങ്ങൾ ദ്രുതഗതിയിൽ ആരംഭിക്കുന്നതിന്നുവേണ്ടി, എല്ലാ സാമ്പത്തികശാഖകളുടെയും സ്ഥാപനങ്ങളെ—അവയുടെ പ്രവർത്തനരീതി എന്തുതന്നെയായാലും—പൊതുജനങ്ങൾക്ക് സേവനങ്ങളേകുന്നതിൽ ഉൾപ്പെടുത്തുവാൻ നാം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ഈ പ്രവർത്തനം ഇതുവരെയും എല്ലായിടത്തും വേണ്ടത്ര മുന്നേറിയിട്ടില്ല. അതിൽ സജീവപങ്ക് വഹിക്കുകയെന്നത് പ്രാദേശികസമിതികളുടെയും ജനകീയ ഡിപ്പൂട്ടികളുടെ സോവിയററുകളുടെയും ചുമതലയാണ്.

സഖാക്കളേ, 12-ാം പഞ്ചവൽസരഘട്ടത്തിൽ, സോവിയററ് ജനങ്ങളുടെ ജീവിതസുഖം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവരുടെ തൊഴിൽ-ജീവിതസാഹചര്യങ്ങളും ജീവിതശൈലിയും മെച്ചപ്പെടുത്തുന്നതിനുമുള്ള അതിപ്രധാന കടമകളാണിവ. ഒരിക്കൽ ബലത്തിൽ വരുത്തിയാൽ, ഭൗതികജീവിതസുഖത്തെ ആത്മീയ സംസ്കാരത്തിൻെറ വികസനവുമായും

ജനതതിയുടെ ക്രിയാത്മക വ്യവഹാരത്തിന്റെ സർവ്വതോമുഖമായ വളർച്ചയുമായും ആവയവികമായി സമന്വയിപ്പിച്ചുകൊണ്ട് അവ സോഷ്യലിസ്റ്റ് ജീവിതരീതിയെ നിസ്സംശയമായും കൂടുതൽ ശക്തമായി ദൃഢീകരിക്കും.

ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും അഭിവൃദ്ധിപ്പെടുത്തുന്നതിൽ വ്യഗ്രതയുള്ള പാർട്ടി ആത്മീയവശത്തെ, കമ്മ്യൂണിസനിർമ്മാതാവായി സോവിയററ് പൗരനെ വാർത്തെടുക്കുന്നതിൽ വർദ്ധിതമായ സ്വാധീനം ചെലുത്തുന്ന ശാശ്വതമായ ധാർമ്മികമൂല്യങ്ങളുടേയും ആദർശങ്ങളുടേയും പ്രാധാന്യത്തെ, പുതിയൊരു നിലവാരത്തിലേക്കുയർത്തിക്കൊണ്ടിരിക്കുന്നു.

പ്രതിനിധിസഖാക്കളേ,

പാർട്ടി കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങളുടെ മഹത്വത്തെ, കേന്ദ്രകമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിലും കോൺഗ്രസ്സിന്റെ മററു പ്രമാണരേഖകളിലും മുൻവെച്ചിട്ടുള്ള കടമകളുടെ മഹത്വത്തെ, 27-ാം കോൺഗ്രസ്സിന്റെ ഓരോ ദിവസവും പൂർവ്വാധികം സ്പഷ്ടമായും ഗണ്യമായും പ്രകടിപ്പിക്കുന്നു. കോൺഗ്രസ്സ് മുൻവെച്ചിട്ടുള്ള ആശയങ്ങളും പ്രമാണങ്ങളും ഈ പ്രത്യേക ഘട്ടത്തിൽ, നമ്മെ സംബന്ധിച്ചിടത്തോളം ആഴത്തിലുള്ള മാററത്തിന്റേതും ഊർജസ്വലമായ പ്രവർത്തനത്തിന്റേതുമായ ഘട്ടത്തിൽ, മാർക്സിസം-ലെനിനിസത്തിന്റെ ക്രിയാത്മകമായ പ്രയോഗത്തിന്റെ മാതൃകകളാണ്. നമ്മുടെ സമൂഹമായ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഒരു വിപ്ലവവൽക്കരണഫലം ചെലുത്തിക്കൊണ്ട്, അവയുടെ പരിവർത്തനാത്മകവും നിർമ്മാണാത്മകമായ ശക്തി അനുസ്യൂതം വർദ്ധിക്കുമെന്ന് എനിക്ക് പൂർണ്ണനിശ്ചയത്തോടെ പറയുവാൻ കഴിയും.

അർഹമായ നിശ്ചയദാർഢ്യത്തോടെയും ശക്തിയോടെയും സ്ഥിരോൽസാഹത്തോടെയും നമ്മുടെ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഒരു പ്രശ്നമാണിപ്പോഴത്. ജനതതിയുടെ രചനാത്മകമായ സൃഷ്ടിപരതയെ, ദേശവ്യാപകമായ സോഷ്യലിസ്റ്റ് മൽസരപ്രസ്ഥാനത്തെ ആശ്രയിച്ചുകൊണ്ട്, മുൻവെയ്ക്കപ്പെട്ട നമ്മുടെ കടമകളുടെ പ്രായോഗികമായ പൂർത്തീകരണത്തിനുവേണ്ടി പോരാടുന്നതിന്റെ പ്രശ്നമാണിപ്പോഴത്. നമ്മുടെ ജനങ്ങളുടെ ജീവൽതാൽപര്യങ്ങൾക്ക്, അവരുടെ ആദർശങ്ങൾക്കും സമാധാനപരമായ ലക്ഷ്യങ്ങൾക്കും, തികച്ചും അനുസൃതമായ മഹത്തായ ലക്ഷ്യങ്ങളാണവ.

അവ പൂർത്തീകരിക്കുകയെന്നാൽ നമ്മുടെ മാതൃഭൂമിയുടെ ശക്തിയുടെയും ഐശ്വര്യത്തിന്റെയും അധികതര ദൃഢീകരണം ഉറപ്പാക്കുകയെന്നാണർത്ഥം.

അവ പൂർത്തീകരിക്കുകയെന്നാൽ, സോവിയററ് ജനങ്ങളുടെ, ഓരോ സോവിയററു കുടുംബത്തിന്റേയും ജീവിതം മുമ്പത്തേതിനേക്കാറം മെച്ചപ്പെടുത്തുകയെന്നാണ്.

അവ പൂർത്തീകരിക്കുകയെന്നാൽ, സോഷ്യലിസത്തിന്റെയും ലോകസമാധാനത്തിന്റെയും കൈനിലകളെ അരക്കിട്ടുറപ്പിക്കുകയെന്നാണ്. നൂക്ലിയർ ദുരന്തത്തിൽനിന്ന് നമ്മുടെ ഗ്രഹത്തെ സംരക്ഷിക്കുകയെന്നും സമാധാനത്തെ കാത്തുസൂക്ഷിക്കുകയെന്നുമാണ്.

തങ്ങളുടെ ലെനിനിസ്റ്റ് പാർട്ടിക്ക് ചുററും അണിനിരന്നിട്ടുള്ള, നമ്മുടെ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങറം ഉദാത്തമായ ഉത്തരവാദിത്തബോധത്തോടെ, കാലഘട്ടത്തിന്റെ ആവശ്യങ്ങളെപ്പററി ബോധവാൻമാരായിക്കൊണ്ട്, സി. പി. എസ്. യു. വിന്റെ 27-ാം കോൺഗ്രസ്സിന്റെ ചരിത്രപ്രധാനങ്ങളായ തീരുമാനങ്ങറം വിജയകരമായി നിറവേററുന്നതിന്നുവേണ്ടി സകലതും ചെയ്യുമെന്ന് തികച്ചും ഉറപ്പായി പറയുവാൻ കഴിയും. □

J1026

PC Library & Research Center

**SOVIET SAMIKSHA** (MALAYALAM) Vol. XXI No. 10
March 7, 1986

CONTENTS

**Report on the Guidelines for the Economic and Social Development of the USSR for 1986–1990 and for the Period Ending in 2000**

Delivered by

**Nikolai Ryzhkov**

Chairman of the Council of Ministers of the USSR, to the 27th Congress of the CPSU

| | | |
|---|---|---|
| എൽ. എ. അബ്രമോവ് | : | എഡിറ്റർ |
| വി. എൻ. സെരിബ്രിയാക്കോവ് | : | മാനേജിങ്ങ് എഡിറ്റർ |
| ജി. ആളവന്താർ | : | ജോയിന്റ് എഡിറ്റർ |
| കെ. പി. മുഹമ്മദ്കോയ | : | അസിസ്റ്റന്റ് എഡിറ്റർ |
| എ. എം. ദിയക്കോവ് | : | ആർട്ട് ഡയറക്ടർ |

11 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെടുന്നു.

ഫോട്ടോകൾക്കും ലേഖനങ്ങൾക്കും നൊവോസ്തി പ്രസ്സ് ഏജൻസിയോട് കടപ്പെട്ടിരിക്കുന്നു

ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നവർ *സോവിയറ്റ് സമീക്ഷ* എന്നു ചേർക്കുന്നത് സന്തോഷകരമാണ്.

Printed by Y. L. Frolov and Published by him at Soviet Nadu Office, 115, Theagaraya Road, Madras-600 017, for the Information Department of the USSR Embassy in India. Printed at the Janatha Press, Madras - 600 014.

**Statement about ownership and other particulars about newspaper**
**SOVIET SAMIKSHA (Malayalam)**

FORM IV (See Rule 8)

| | | | |
|---|---|---|---|
| 1. | *Place of Publication* | ... | 115, Theagaraya Road, Madras-600017 |
| 2. | *Periodicity of its publication* | ... | Weekly |
| 3. | *Printer's Name* | ... | Y. L. FROLOV |
| | *(Whether citizen of India?)* | ... | NO |
| | *(If foreigner, state the country of origin)* | ... | USSR |
| | *Address* | ... | 115, Theagaraya Road, Madras-600017 |
| 4. | *Publisher's Name* | ... | Y. L. FROLOV |
| | *(Whether citizen of India?)* | .... | NO |
| | *(If foreigner, state the country of origin)* | .... | USSR |
| | *Address* | | 115, Theagaraya Road, Madras-600017 |
| 5. | *Editor's Name* | ... | L. A. ABRAMOV |
| | *(Whether citizen of India?)* | ... | NO |
| | *(If foreigner, state the country of origin)* | ... | USSR |
| | *Address* | ... | 25, Barakhamba Road, New Delhi |
| 6. | *Names and addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital.* | | Information Department of USSR Embassy in India, 25, Barakhamba Road, New Delhi. |

I, Y. L. FROLOV, hereby declare that the particulars given above are true to the best of my knowledge and belief.

(Sd.) Y. L. FROLOV
*Signature of Publisher.*

Date: 3—3—1986.

Regd. No. M. 8162

സോ

# സോവിയറ്റ്

സ

# സമീക്ഷ

XXVII

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി 27-ാം കോൺഗ്രസ്സ്

## 1986–90 കാലത്തേക്കും 2000-ാമാണ്ടു വരെയുള്ള കാലഘട്ടത്തിലേക്കും സോവിയററു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകളെപ്പററി

യു. എസ്. എസ്. ആർ. മന്ത്രിസഭാദ്ധ്യക്ഷൻ

**നിക്കോളായി റിഷ്ക്കോവ്**

27-ാം സി. പി. എസ്. യു. കോൺഗ്രസ്സിലവതരിപ്പിച്ച

**റിപ്പോർട്ട്**

മാർച്ച് 3, 1986

947.005
SOV

പുസ്തകം 21 സോ സ മാർച്ച് 7
ലക്കം 10 സോവിയറ്റ് സമീക്ഷ 1986

Indic Digital Archive Foundation
gpura.org